വാല്യം 26

മല്ലപ്പള്ളി ബ്ലോക്ക്
(പത്തനംതിട്ട ജില്ല)


1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി




ആനിക്കാട്, കവിയൂർ, കൊറ്റനാട്, കല്ലൂപ്പാറ, കോട്ടാങ്ങൽ, കുന്നന്താനം, മല്ലപ്പള്ളി


വികസന രേഖ '96

പത്തനംതിട്ട ജില്ല






ആനിക്കാട് ഗ്രാമ പഞ്ചായത്ത്




സമഗ്ര വികസന രേഖ


ആനിക്കാട് ഗ്രാമ പഞ്ചായത്ത് ഭരണ സാരഥികൾ




തോമസ് മാത്യു
പഞ്ചായത്ത് പ്രസിഡന്റ്




അലികുഞ്ഞ് റാവുത്തർ
വൈസ് പ്രസിഡന്റ്




തോമസ് ചാക്കോ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



ജി. ശ്രീധരൻ നായർ
സെക്രട്ടറി




ജ്ഞാനപ്പൻ ജ്ഞാനശീലൻ
മെമ്പർ 1-ാം വാർഡ്




കെ. വി. എബ്രഹാം
മെമ്പർ 5-ാം വാർഡ്




ആലീസ് ജോർജ്ജ്
മെമ്പർ 4-ാം വാർഡ്



ഓമന തോമസ്
മെമ്പർ 2-ാം വാർഡ്



പുഷ്പ കുമാരി
മെമ്പർ 6-ാം വാർഡ്



ടി. എസ്. ജോൺ എം.എൽ.എ
കല്ലൂപ്പാറ

ആശംസ

ഇൻഡ്യ ആസൂത്രണ രംഗത്ത് ഇന്ന് ഒരു വഴിത്തിരിവിലാണ്. വികസനം ഏറ്റവും അർഹിച്ചവർക്ക് ലഭിച്ചില്ലയെന്ന തിരിച്ചറിവിലാണ് നാം. പലതിലും ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഒരു വാരം മുൻപെ നടക്കുന്ന കേരളം ഇവിടെയും മാതൃകയാവുകയാണ്. അടിതട്ടിലുള്ളവർ വേണം ആദ്യം ഉദയം ദർശിക്കേണ്ടത് എന്ന ഗാന്ധി സങ്കല്പം ഇവിടെ സാക്ഷാത്കരിക്കുവാൻ ശ്രമിക്കുന്നു. അതാണ് അന്ത്യോദയ ദർശനം. ജനകീയ ആസൂത്രണത്തിന്റെ വിജയം ദേശീയ സമരദർശനങ്ങളുടെ വിജയം കൂടിയാണ്.

കൃഷി, സാമൂഹ്യക്ഷേമം, പാർപ്പിടം, ഈ വിഷയങ്ങളിൽ ഊന്നൽ കൊടുക്കുന്ന 'സ്കീമു' കളം ആയിരിക്കണം ഗ്രാമപഞ്ചായത്ത് ഉണ്ടാക്കേണ്ടത്. പുത്തൻ വികസന - ആസൂത്രണ പ്രക്രിയക്ക് നന്മകളം നേരുന്നു. ആനിക്കാടിന്റെ സമഗ്ര വികസന ത്തിനുള്ള മാർഗ്ഗരേഖയാണിത്. ആനിക്കാട് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ വികസന പ്രവർത്തനങ്ങൾക്കൊപ്പം ഞാനുണ്ടാകും.

ഈ വികസന രേഖ ആനിക്കാടിന്റെ വികസനത്തിനുതകട്ടെയെന്ന് ആശംസിക്കുന്നു.

ഒപ്പ്
ടി. എസ്. ജോൺ എം. എൽ. എ.
7-12-96.

ഉള്ളടക്കം

	എഡിറ്റോറിയൽ	7
I	ആമുഖം	8
II	പൊതു വിവരണം	10
III	സാമൂഹ്യ - സാംസ്കാരിക ചരിത്രം	11
IV	ഭൂപ്രകൃതി - ജലപ്രകൃതി - ജനപ്രകൃതി	13
V	ഉല്പാദന മേഖലകൾ	
	1. കൃഷി - ജലസേചനം	19
	2. മൃഗസംരക്ഷണം - മത്സ്യബന്ധനം	26
	3. വ്യവസായം	29
	4. റോഡ് ഗതാഗതം - ഊർജ്ജം - മാർക്കറ്റ്	31
VI	സേവന - ക്ഷേമ മേഖലകൾ	
	5. വിദ്യാഭ്യാസം	40
	6. ആരോഗ്യം - കുടിവെള്ളം	43
	7. പാർപ്പിടം - സാമൂഹ്യ ക്ഷേമം - പൊതുവിതരണം	48
	8. വനിത	52
	9. സംസ്കാരം	55
	10. സഹകരണം	57
	11. പട്ടിക ജാതി-പട്ടികവർഗ്ഗ ക്ഷേമം	59
VII	വിഭവസമാഹരണം	62
VIII	ഉപസംഹാരം	65
	അനുബന്ധം	66

എഡിറ്റോറിയൽ

ഒരു പുതുതൻ സംരംഭമാണിത്
ഗ്രാമസഭയും നാട്ടറിവും കാരണവ ചർച്ചയും
സ്ഥിതി വിവരങ്ങളും. വാക്കുകൾക്ക് പഴമയുടെ
ചുവയുണ്ടെങ്കിലും പദ്ധതി രൂപപ്പെടുത്തുവാൻ
ഇതിന്റെയൊക്കെ ആശ്രയം പുതുക്കം തന്നെ.

നുണകൾ രണ്ടുണ്ടെന്നു കേട്ടിട്ടുണ്ട്.
സാധാരണ നുണക്കഥകളും; സ്ഥിതി വിവരങ്ങളും
ആഫീസ് സാക്ഷ്യങ്ങളുടെ സത്യമില്ലായ്മ
അറിവുള്ളതാണ്.

പഴയ സങ്കേതങ്ങൾ സ്വീകരിച്ചുള്ള
പുതിയ സംരംഭം. അർദ്ധ സത്യങ്ങളെ
പൂർണ്ണമാക്കുവാനുള്ള ശ്രമമാണിത്
ഒട്ടാകെ കുറവോടു കൂടിത്തന്നെ.

എഡിറ്റർ

ശ്രീ. പി. പി. വാസു, ശ്രീ. പി. റ്റി. സോമൻ, ശ്രീ. കുര്യൻ പോൾ, ശ്രീ എം. സി. അനിൽ
ശ്രീ. കെ. എം. രാജു, ശ്രീ. തോമസ് ചാക്കോ (എഡിറ്റർ), എന്നിവർ ഈ രേഖയുടെ
പ്രസാധനത്തിൽ സഹകരിച്ചു. അവർക്ക് ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു.

പഞ്ചായത്ത് കമ്മറ്റി

LAYOUTS
GRAPH-D MALLAPPALLY

COVER DESIGN
Joshy

PRINTED AT
GRAPHIC SYSTEMS MALLAPPALLY

'ഉയർന്ന തരത്തിലുള്ള മിടുക്ക് ഗ്രാമീണർ വികസിപ്പിക്കണം. അപ്പോഴാണ് അവരുണ്ടാക്കുന്ന സാധനങ്ങൾക്ക് ഗ്രാമത്തിന്റെ പുറത്ത് നല്ല വിപണിയുണ്ടാവും. നമ്മുടെ ഗ്രാമങ്ങൾ നല്ലവണ്ണം വികസിച്ചു കഴിഞ്ഞാൽ ഉന്നതമായ മിടുക്കും കലാവിരുതുമുള്ള വ്യക്തികൾക്കവിടെ ക്ഷാമമുണ്ടാവില്ല. ഗ്രാമീണകവികളും, കലാകാരന്മാരും, ഗ്രാമീണശില്പികളും, ഭാഷാപണ്ഡിതരും ഗവേഷകരും ഒക്കെയുണ്ടാകും. ചുരുക്കത്തിൽ ജീവിതത്തിൽ കാമ്യമെന്നു തോന്നുന്ന യാതൊന്നുംതന്നെ ഗ്രാമത്തിലില്ലാതെ വരില്ല. ഇന്നത്തെ ഗ്രാമങ്ങൾ നാളെ കൊച്ച് ഏദൻ തോട്ടങ്ങൾ പോലെ വിലസും. ബുദ്ധിമാന്മാരായ ജനങ്ങൾ അവിടെ ജീവിക്കും. അവരെ കളിപ്പിക്കുവാനോ മുതലെടുക്കുവാനോ ആർക്കും കഴിയില്ല. ഗ്രാമങ്ങളുടെ ഈ രീതിയിലുള്ള പുന:നിർമ്മാണം ഇപ്പോഴെ തുടങ്ങണം. താല്ക്കാലികാടിസ്ഥാനത്തിലല്ല ഗ്രാമങ്ങളുടെ പുന: നിർമ്മാണം സംഘടിപ്പിക്കേണ്ടത്. അത് സ്ഥിരാടിസ്ഥാനത്തിൽ തന്നെയാവണം. ഗാന്ധിജി ഇതു പറഞ്ഞിട്ട് അൻപതു വർഷം കഴിഞ്ഞു (10-11-46 ഹരിജൻ)

ഗ്രാമവികസനത്തിന്റെ പ്രവർത്തന ശൈലിയിന്നും താല്ക്കാലികാടിസ്ഥാനത്തിലുള്ള പദ്ധതി നടത്തിപ്പാണ്. ഗ്രാമസ്വരാജിന്റെ അടിസ്ഥാനതത്വത്തിലായിരിക്കണം ഭാരതമാവുന്ന സൗധം കെട്ടിപ്പൊടുക്കേണ്ടതെന്നു ഗാന്ധിജി ആഗ്രഹിച്ചിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ ഭരണഘടനയിൽ ഗ്രാമസ്വരാജിന്റെ സൂചന പോലുമില്ലാതെപോയി.

സ്വതന്ത്ര ഇന്ത്യയിൽ അധികാരവും ആസൂത്രണവും അങ്ങനെ മുകളിൽ നിന്നും കീഴോട്ടൊഴുകി. വികസനത്തിന്റെ മെച്ചം ഗ്രാമീണർക്കും, പിന്നോക്കക്കാർക്കും ക്രമേണ ലഭിക്കുമെന്നുള്ള 'തിയറി ഓഫ് പാർക്കൊലെഷൻ' ശാസ്ത്രീയമല്ലെന്ന് കാലം നമ്മെ പഠിപ്പിച്ചു. രാജ്യത്ത് നടപ്പിലാക്കിയ എട്ട് പഞ്ചവത്സര പദ്ധതികളിലും ജനങ്ങളുടെ ആവശ്യങ്ങൾക്കായിരുന്നില്ല മുൻതൂക്കം

വികസന പദ്ധതികളുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം ഓരോരുത്തരുടെയും ജീവിതത്തിന്റെ പ്രാഥമികാവശ്യങ്ങൾക്കുള്ള സാധനങ്ങൾ ലഭ്യമാക്കുകയാണ്. എന്നാൽ, നമ്മുടെ നാട്ടിൽ ഒരളവുവരെഎങ്കിലും ആവശ്യസാധനങ്ങൾ ഇപ്പോഴത്തെ ആസൂത്രണം വഴി ജനങ്ങൾക്കു കൊടുക്കുവാൻ സാധിക്കുമെന്ന് പറയാൻ പറ്റാതായിരിക്കുന്നു. അപ്പോഴും പുതിയ വഴിതുറക്കപ്പെട്ടേ കഴിയൂ.

തീരുമാനമെടുക്കുവാനും, നടപ്പിലാക്കുവാനും സാധാരണക്കാർക്ക് അവസരം നല്കുവാൻ നിലവിലുള്ള ആസൂത്രണ പ്രക്രിയ മാറിയെ തീരൂ. 9-ാം പദ്ധതിക്കാലത്ത് കേരളം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനം ഇത്തരത്തിലുള്ള ഒരു മാറ്റത്തിന്റെ ആദ്യത്തെ ചുവടുവയ്പാണ്.

ഗ്രാമ, ബ്ലോക്ക്, ജില്ല, പഞ്ചായത്തുകൾക്ക് പുതുതായി ലഭിച്ച അധികാരങ്ങൾക്കൊപ്പം സമ്പത്തും കൈമാറുമ്പോൾ ഗ്രാമവികസനരംഗത്ത് വൻ പിച്ച മുന്നേറ്റമാണുണ്ടാവുക. പഞ്ചായത്തുകൾക്ക് കൈമാറുന്ന 40% പദ്ധതി വിഹിതം സംസ്ഥാന സർക്കാരിന്റെ 60% ത്തിൽ പെട്ട സ്കീമുകൾ കേന്ദ്ര സർക്കാർ പദ്ധതികൾ മറ്റ് ബാഹ്യവികസന ഏജൻസികൾ വഴിയുള്ള ഫണ്ടുകൾ എല്ലാത്തിനുപരിയായി ജനങ്ങളുടെ സംഭാവനകൾ (പണം, അദ്ധ്വാനം) ഇവയെല്ലാം കൂടി വികസന പ്രക്രിയയെ സഹായിക്കുന്ന ഘടകങ്ങൾ പലതാണ്. പൂർണ്ണമല്ലെങ്കിലും ഒരു പരിധിവരെ ഗ്രാമവികസന പ്രതിസന്ധിക്ക് പരിഹാരം കാണുവാൻ ജനകീയാസൂത്രണ പദ്ധതിക്ക് സാധിക്കും. അധികാരം ജനങ്ങളിലേക്ക് എന്ന വാക്യം പ്രായോഗികമാക്കുവാനുള്ള ശ്രമത്തിൽ ആനിക്കാട് പഞ്ചായത്തും പങ്കാളിയാവുകയാണ്.

ആനിക്കാട് പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം തന്നെ ആരംഭിക്കുവാൻ സാധിച്ചു. സംസ്ഥാന, ജില്ലാ പരിശീലന പരിപാടിക്കു ശേഷം 1996 ഒക്ടോബർ 4-ാം തീയതി പഞ്ചായത്തിലെ ജനകീയാസൂത്രണ പരിപാടിക്ക് തുടക്കം കുറിച്ചു. അന്നാണ് പഞ്ചായത്തുതലത്തിൽ റിസോഴ്സ് പേഴ്സൺസിന്റെ പരിശീലനം നടന്നത്. തെരഞ്ഞെടുത്ത 61 പേർക്ക് ഗ്രാമസഭ സംഘാടനത്തിനുള്ള പരിശീലനം കൊടുത്തു.

ഒക്ടോബർ 5 മുതൽ 27 വരെ നടന്ന 8 വാർഡുകളിലെ ഗ്രാമസഭകളിൽ 1000 ത്തിലധികം ജനങ്ങൾ പങ്കെടുത്തു.

ജനകീയ ആസൂത്രണ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ട പ്രാദേശിക പരിശീലനം നവംബർ 13-ാം തീയതി നടന്നു. സ്ഥിതിവിവര കണക്ക് ശേഖരണം, പഠനപര്യടനം, വികസന റിപ്പോർട്ട് തയ്യാറാക്കൽ, ഇവയ്ക്കായി നടന്ന ക്ലാസിൽ പ്രാദേശിക റിസോഴ്സ് പേഴ്സൺസും, ഗ്രാമസഭ തെരെഞ്ഞെടുത്തവരും പങ്കെടുത്തു. നവംബർ 5 ന് നൂറോന്മാവിൽ നടന്ന ജില്ലാകലാജാഥയുടെ പരിപാടി അർത്ഥവത്തും ആകർഷകവുമായിരുന്നു.

നവംബർ 14-ാം തീയതി പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയായ

വായ്പൂര് നിന്നും ആരംഭിച്ച പഠന പര്യടനം (ട്രാൻസെക്റ്റ് വോക്ക്) 16 ന് പടിഞ്ഞാറെ അതിർത്തിയിൽ മാരിക്കൽ അവസാനിച്ചു.

കൃഷി, ഇതര സസ്യജാലങ്ങൾ, ജലസ്രോതസുകൾ, മൺതരങ്ങൾ, പ്രകൃതി ഇവ നേരിൽ കണ്ടുപഠിക്കുവാനും രേഖയാക്കുവാനുമായി സംഘടിപ്പിച്ച പ്രസ്തുത പഠനയാത്ര വളരെ ക്ലേശം നിറഞ്ഞതായിരുന്നുവെങ്കിലും പ്രയോജന പ്രദമായിരുന്നു. പഞ്ചായത്തിന്റെ നിരവധി ഭൂപഠങ്ങളുടെ സഹായത്തോടുകൂടി നടത്തിയ പഠനയാത്രയിൽ 8 പേർ പങ്കെടുത്തു.

ചരിത്ര പഠനവും കാരണവചർച്ചയും അഭിമുഖവുമായിരുന്നു നവംബർ 17 മുതൽ പത്തുനാൾ.

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ സ്ഥിതിവിവര കണക്കുകളുടെ ശേഖരണം രണ്ടാം ഘട്ടമായി നടന്നു. സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും, വിദ്യാലയങ്ങളിലും നിന്നും ദ്വിതീയ വിവര ശേഖരണം നടത്തി. നിരവധി സന്നദ്ധ പ്രവർത്തകരും ഉദ്യോഗസ്ഥന്മാരും ഇതിൽ സഹകരിച്ചു.

ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ ആനിക്കാടിന്റെയും നിർദ്ദേശം ഉണ്ടാകുകയും പദ്ധതിയുടെ ഭാഗമായി നമ്മുടെ ആവശ്യങ്ങളെ സ്കീമുകളാക്കുകയും ചെയ്യണം.

1997 ഏപ്രിൽ 1 ന് ആരംഭിക്കുന്ന ഒമ്പതാം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ആസൂത്രണ പരിപാടി സമയബന്ധിതമായി നടത്തണം.

വളരെ പരിമിതമായ സമയത്തിനുള്ളിൽ നിന്നുകൊണ്ട് ഗ്രാമത്തിന്റെ സമഗ്ര വികസന രേഖ തയ്യാറാക്കുക ക്ലേശകരമായ ഒരു ദൗത്യമാണ്.

പഞ്ചായത്തിലെ ജനകീയാസൂത്രണ പരിപാടികളിൽ നിരവധി ആളുകളുടെ സന്നദ്ധ പ്രവർത്തനം ധാരാളമായി ലഭിച്ചു. ഗ്രാമസഭ, പഠന പര്യടനം, സ്ഥിതിവിവര ശേഖരണം, ഇവയെല്ലാം സന്നദ്ധ പ്രവർത്തനം മുഖേനയാണ് നടന്നത്. ഗ്രാമസഭ നടത്തുന്നതിനായി വാർഡ് കമ്മറ്റികളും പ്രവർത്തിച്ചു. ഗ്രാമസഭകളുടെ ചിലവ്, വാർഡിലെ ജനങ്ങളും തന്നെ വഹിച്ചു.

പഞ്ചായത്ത് ആക്ട് നിയമങ്ങളുടെ അന്തഃസത്തകളും ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനമാണ് പഞ്ചായത്തിൽ നടക്കുന്നത്.

കഴിഞ്ഞ ഒരു വർഷം പഞ്ചായത്തിൽ നടന്ന ചില പ്രധാന സാമൂഹ്യ പരിപാടി:

1996 മാർച്ചിൽ ജാപ്പനീസ് പനിയ്ക്കെതിരെ 12000 പേർക്ക് സൗജന്യമായി മരുന്നു വിതരണം ചെയ്തു.

ലക്ഷം വീടു കോളനിയിലെ തകർന്ന വീടുകളും ഒന്നര ലക്ഷം രൂപ ചിലവഴിച്ചു അറ്റകുറ്റപണികളും നടത്തി. പുളക്കാമലയിൽ തിമിരരോഗ നിർണ്ണയ ക്യാമ്പ് നടത്തി.

ഇവയ്ക്കെല്ലാം ജനകീയ കമ്മറ്റികളും ചാലക ശക്തിയായി പ്രവർത്തിച്ചു.

ഗ്രാമത്തിന് വർത്തമാന വെല്ലുവിളികളെ നേരിടുവാൻ, ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ രാഷ്ട്രീയ ബോധത്തിന്റെയും, സന്നദ്ധ തൃഷ്ണയുടെയും അടിത്തറയിൽ നിന്നു കൊണ്ട് മാത്രമേ സാധിക്കൂ.

ഭൂതകാലത്തിലെ ഉത്തമ പാരമ്പര്യങ്ങളിൽ നിന്നും ഊർജ്ജവും, പ്രചോദനവും ഉൾക്കൊള്ളുകയും ചെയ്യാം. ജനകീയ ആസൂത്രണ പ്രക്രിയയുടെ ഭാഗമായി ആദ്യാദത്തോടെ ആനിക്കാട് ഗ്രാമ പഞ്ചായത്ത് വികസന രേഖ സമർപ്പിക്കുന്നു.

II പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	... ആനിക്കാട് ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	..... ആനിക്കാട്
ബ്ലോക്ക് പഞ്ചായത്ത്	.... മല്ലപ്പള്ളി
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	..... ആനിക്കാട്
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	..... വായ്പൂര്
താലൂക്ക്	..... മല്ലപ്പള്ളി
അസംബ്ലി മണ്ഡലം	..... കല്ലൂപ്പാറ
വിസ്തീർണ്ണം	..... 19.04. ച. കി.മീ
അതിരുകൾ	വടക്ക് - നെടുങ്കുന്നം പഞ്ചായത്ത്(കോട്ടയം ജില്ല)
	കിഴക്ക് - വെള്ളാവൂർ പഞ്ചായത്ത് (കോട്ടയം ജില്ല)
	തെക്ക് - മണിമലയാർ, മല്ലപ്പള്ളി പഞ്ചായത്ത്, കോട്ടാങ്ങൽ പഞ്ചായത്ത്
	പടിഞ്ഞാറ് - പനയമ്പാല തോട് - കറുകച്ചാൽ പഞ്ചായത്ത് (കോട്ടയം ജില്ല)
ജനസംഖ്യ	14,140
വാർഡുകൾ	 8
പ്രസിഡന്റിന്റെ പേര്	..... തോമസ് മാത്യു
വൈസ് പ്രസിഡന്റിന്റെ പേര്	..... അലിക്കുഞ്ഞ് റാവുത്തർ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	..... തോമസ് ചാക്കോ

III. സാമൂഹ്യ - സാംസ്കാരിക ചരിത്രം

ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാല ഘട്ടം വരെ അറിയപ്പെടാതെ കഴിഞ്ഞിരുന്ന ഗ്രാമമായിരുന്നു ആനിക്കാട്. ഒരു സഹസ്രാബ്ദത്തിനു മുൻപ് ജനവാസം ആരംഭിച്ച ഈ ജനപ്രദേശത്ത് ധാരാളം 'അയിനി' (ആഞ്ഞിലി) വൃക്ഷങ്ങൾ വളർന്നിരുന്നു. നൂറ്റാണ്ടുകൾക്കു മുമ്പ് നിർമ്മിച്ച അറക്കൂട്ട് പുരകൾക്കെല്ലാം ആഞ്ഞിലി നിർലോപം ഉപയോഗിച്ചിരുന്നു. അയിനി മരങ്ങളുടെ കാട് 'അയിനിക്കാട്' - ആനിക്കാട് എന്നറിയപ്പെടുന്നു.

തിരുവിതാംകൂർ നാട്ടുരാജ്യത്തിലെ ഈ ഭൂപ്രദേശം മുഖ്യമായും രണ്ട് രാജവംശത്തിന്റെ വകയായിരുന്നു. ഇടപ്പള്ളി സ്വരൂപം വകയും, തിരുവിതാംകൂർ രാജഭരണത്തിന് (സർക്കാർ) നേരിട്ടുള്ള ഉടമസ്ഥതയിലും. ഇടപ്പള്ളി രാജാവിന്റെ വക സ്ഥലങ്ങളിൽ ആനിക്കാട് പ്രദേശം ചെറുകരക്കാരും വായ്പൂർ പ്രദേശം പത്തില്ലത്തിൽ പോറ്റിമാരുമായിരുന്നു ജന്മിമാർ. ആനിക്കാട് ഭഗവതിക്ഷേത്രവും വായ്പൂർ മഹാദേവർ ക്ഷേത്രവും ഇടപ്പള്ളി രാജാവ് പണികഴിപ്പിച്ചതായിട്ടാണ് ഊഹിക്കേണ്ടത്. ഇടപ്പള്ളി രാജാവിന്റെ പടയിലേക്ക് ഇവിടെ നിന്നും പരിശീലനം സിദ്ധിച്ചവരെ അയച്ചിരുന്നു. പട പരിശീലനത്തിനായി ജന്മിതറവാട്ടികകം നടത്തിയിരുന്ന കളരികളുടെ തെളിവുകൾ നിലവിലുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പുണ്ടായ ഒരു യുദ്ധത്തിൽ പങ്കെടുത്ത് മരണമടഞ്ഞ രണ്ടുപേരുടെ സ്മരണാർത്ഥം അവരുടെ പ്രതിമകൾ ചെറുകര ഭവനത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്.

മനുഷ്യവാസം ആരംഭിച്ചത് എന്നാണെന്ന് കൃത്യമായി അറിയുവാൻ നിവൃത്തിയില്ലെങ്കിലും ആയിരം വർഷങ്ങൾക്കു മുമ്പും ഇവിടെ മനുഷ്യർ വസിച്ചിരുന്നു എന്നു വേണം അനുമാനിക്കാൻ. വാസ്തുശില്പശൈലികളിൽ നിന്നും ക്ഷേത്ര പരിസരങ്ങളിലെ പുരാവസ്തു രേഖകളിൽ നിന്നും അതാണ് ഊഹിക്കേണ്ടത്. ഏതാണ്ട് ഈ കാലഘട്ടത്തിൽ തന്നെ ക്രിസ്ത്യാനികളും ഇവിടെ താമസമുറപ്പിച്ചു. ഇന്നുള്ള ക്രിസ്ത്യൻ പള്ളികൾക്ക് സഹസ്രാബ്ദങ്ങൾ പഴക്കമില്ലെങ്കിലും ചില ക്രിസ്ത്യാനി കുടുംബങ്ങൾ ആദ്യകാലഘട്ടത്തിൽ തന്നെ ഉണ്ടായിരുന്നു എന്നു വേണം കരുതുവാൻ. ഇസ്ലാം മത വിശ്വാസികൾ ഉദ്ദേശം 150 വർഷങ്ങൾക്കു മുമ്പ് താമസമാരംഭിച്ചു. ഐതിഹ്യ പ്രസിദ്ധമായ ശബരിമല അയ്യപ്പന്റെ സ്നേഹിതനായിരുന്ന എരുമേലി വാവര് സ്വാമിക്ക് ബന്ധമുള്ളതാണ് വായ്പൂർ മുസലിയാരുടെ കുടുംബം.

ഭൂമിയിൽ കൃഷി ചെയ്തിരുന്ന ഭൂരിപക്ഷം കൃഷിക്കാർക്കും സ്വന്തമായി ഭൂമിയില്ലായിരുന്നു. അവർ ജന്മിമാരുടെ പാട്ടക്കുടിയാന്മാരായിരുന്നു. പുരയിടത്തിൽ വേലചെയ്യുന്നവരാകട്ടെ അധ:സ്ഥിത ജനതയും. ഭൂമിയും തൊഴിലാളിയുമായിരുന്നു ഉല്പാദന ഉപാധികൾ. ജന്മിമാർ, കർഷകർ, കർഷകത്തൊഴിലാളികൾ, എന്ന സാമൂഹ്യ വിഭജനത്തിന് ആനിക്കാട്ടിൽ പ്രാധാന്യമുണ്ട്. ഉയർന്ന ജാതിക്കാർ അവരുടെ അധികസമയം മതവിശ്വാസവുമായി ബന്ധപ്പെട്ട കലകൾക്ക് വിനിയോഗിച്ചിരുന്നു. ഒരു മതത്തിലും സ്ഥാനമില്ലാതിരുന്ന അധ:സ്ഥിതവർഗ്ഗം അവരുടെ കൃഷി പണിയുമായി ബന്ധപ്പെട്ട സംസ്കാരത്തിന് മുൻതൂക്കം നൽകി. പ്രാചീന നാടൻ കലകളിൽ ഒട്ടുമിക്കവയും പണിയെടുക്കുന്നവന്റെ സന്തോഷ സന്താപവും വിശ്വാസനിശ്വാസങ്ങളും നിറഞ്ഞുനിൽക്കുന്നവയാണ്. ചാവുതുള്ളൽ, കൊയ്ത്തുപാട്ട്, കോലംതുള്ളൽ, പുള്ളുവൻപാട്ട്, തെയ്യം, തിറ എന്നീ പ്രാചീന കലകളും ഈ സംസ്കാരത്തിന്റെ പ്രതീകങ്ങളായി നിലനിന്നിരുന്നു.

രണ്ട് നൂറ്റാണ്ടുകൾക്കു മുമ്പ് വരക്, മുതിര, മോമ്പ്, പഞ്ഞപ്പുല്ല്, നെല്ല്, തെങ്ങ് ഇവയായിരുന്നു പ്രധാന കൃഷികൾ. വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുക പതിവായിരുന്നു. കൃഷി ഭൂമിക്കു ചുറ്റും ഉയർന്ന 'കല്ലുവെര'കൾ തീർത്ത് കൃഷി സംരക്ഷിച്ചു പോന്നു. വൈദേശിക ക്രിസ്ത്യൻ മിഷനറിമാരുടെ വരവിനു ശേഷം സാംസ്കാരിക സാമൂഹിക വിദ്യാഭ്യാസ മേഖലകളിൽ തിരുവിതാംകൂറിൽ ആകമാനം ഉണ്ടായ മാറ്റം ആനിക്കാട്ടിലും പ്രതിഫലിച്ചു. ജന്മിത്വം കുടിയാൻ വ്യവസ്ഥിതിയിൽ അൽപ്പമായ ഉലച്ചിൽ അപ്പോഴാരംഭിച്ചു. മദ്ധ്യതിരുവിതാംകൂറിലെ ആദ്യത്തെ സ്കൂൾ മല്ലപ്പള്ളിയിൽ സി.എം.എസ് മിഷനറിമാർ സ്ഥാപിച്ചത് ആനിക്കാട്ടിലെ ജനങ്ങളുടെ വിദ്യാഭ്യാസത്തിന് വളരെ പ്രയോജനപ്പെട്ടു. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ജനതയുടെ വിദ്യാഭ്യാസ പുരോഗതിക്ക് തിരുവിതാംകൂറിൽ ആദ്യമായി സ്ഥാപിച്ച സ്കൂളായിരുന്നു ആനിക്കാട് ഗ്രാമത്തിലെ വെങ്ങളത്തുകുന്ന് പി. ആർ. ഡി.എസ്. (പ്രത്യക്ഷ രക്ഷാ ദൈവസഭ) ഇംഗ്ലീഷ് മീഡിയം ബോർഡിംഗ് സ്കൂൾ. പി.ആർ.ഡി. എസ്. സ്ഥാപകനായ പൊയ്കയിൽ യോഹന്നാൻ മുൻകൈയെടുത്ത് സ്ഥാപിച്ച പ്രസ്തുത സ്കൂൾ ഇന്ന് നിലവിലില്ല. ഈ ഇംഗ്ലീഷ് സ്കൂളിന്റെ സ്ഥാപനം പിന്നണി

ജനതയുടെ നവോത്ഥാനപ്രസ്ഥാനത്തിന് പ്രത്യേക മാനം പ്രദാനം ചെയ്തു.

ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭണത്തിന്റെ അലയടികൾ തീവ്രമായി ആനിക്കാട്ടിലുണ്ടായിട്ടില്ല. എങ്കിലും ഒരു ന്യൂനപക്ഷം ജനതയ്ക്ക് സ്വാതന്ത്ര്യ സമരത്തോട് അനുഭാവം ഉണ്ടായിരുന്നു. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഭൂസ്വത്തിന്റെ 80% വും ഏതാനും ജന്മിമാരുടെ ഉടമസ്ഥതയിലായിരുന്നു. ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി ഫ്യൂഡൽ വ്യവസ്ഥിതിക്ക് മാറ്റം ഉദിക്കുവാൻ തുടങ്ങി.

1950 കളുടെ അവസാനത്തോടും 60 കളുടെ ആരംഭത്തോടും കൂടി ഭൂമി ഭൂരിപക്ഷം ജനങ്ങളുടെ ഉടമസ്ഥതയിലായി. കുടികിടപ്പ് അവകാശ നിയമം നിരവധി ജനങ്ങളെ ഒരുപിടി മണ്ണിന് ഉടമകളാക്കി.

കൊല്ലവർഷം 1124(1949) പഴയ കൊല്ലം ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ആദ്യത്തെ 'ഗ്രാമോദ്ധാരണ സമിതി' നിലവിൽ വന്നപ്പോഴാണ് ആനിക്കാട് പഞ്ചായത്ത് എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നത്. പഞ്ചായത്ത് ഡയറക്ടർ വിളിച്ചുകൂട്ടിയ യോഗത്തിൽ നിന്നും ഒരു സമിതിയെ തിരഞ്ഞെടുക്കുകയായിരുന്നു. ശ്രീ. സി.ആർ. രാമകൃഷ്ണക്കുറുപ്പ് അദ്ധ്യക്ഷനായി 7 അംഗങ്ങളോടുകൂടിയ സമിതി രൂപീകരിച്ചു. കാൽനടക്കും കാളവണ്ടിക്കും യാത്രാക്ലേശമനുഭവപ്പെട്ടിരുന്ന ഗ്രാമത്തിൽ 33 കി.മി പുതിയ റോഡുകൾ വെട്ടി എന്നത് പ്രസ്തുത സമിതിയുടെ നേട്ടമാണ്.

സന്നദ്ധപ്രവർത്തനമേഖല

അഞ്ചു ദശകങ്ങൾക്കു മുമ്പ് സന്നദ്ധ സംഘങ്ങൾ ആനിക്കാട്ടിൽ സജീവമായിരുന്നു. സഞ്ചാരയോഗ്യമല്ലാതിരുന്ന നടപ്പുവഴികൾ മിക്കവയും വീതിയിൽ വെട്ടി റോഡുകളാക്കിയത് ജനങ്ങളുടെ സന്നദ്ധ പ്രവർത്തനം വഴിയായിരുന്നു. ഇന്ന് പഞ്ചായത്തിലുള്ള മിക്ക റോഡുകളും ഒറ്റപ്പെട്ട എതിർപ്പുകൾ അവഗണിച്ച് ജനങ്ങൾ കൂട്ടായി വെട്ടുകയും ചെയ്തശേഷം പഞ്ചായത്തിന് കൈമാറുകയും ചെയ്തവയാണ്.

വാർഡ് കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ദേശസേവാ സമിതി, ദേശാഭിവൃദ്ധി സംഘം തുടങ്ങിയ വികസന സമിതികൾ റോഡുപണിക്കുമുമ്പോട്ടു വന്നിരുന്നു. ഈ സന്നദ്ധസംഘങ്ങൾ ന്യായവില കടകളുടെ പ്രവർത്തനം ഏറ്റെടുത്തിരുന്നു.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യമില്ലാതിരുന്ന ഗ്രാമത്തിൽ ആദ്യം പുന്നവേലിയിലും പിന്നീട് ആനിക്കാട്ടിലും സ്കൂൾ സ്ഥാപിക്കാൻ സാധിച്ചത് ചിലർ സേവനസന്നദ്ധരായി മുമ്പോട്ടു വന്നതുകാരണമാണ്. വായ്പൂര് സർക്കാർ യു.പി സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിലും ചിലരുടെ സഹകരണം എടുത്തുപറയേണ്ടതാണ്. ത്യാഗോജ്വലരായ ഒരുപറ്റം ആളുകളെ ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ വിദ്യാഭ്യാസരംഗത്ത് ആനിക്കാടിന് ലഭിച്ചു. മുക്കാൽ നൂറ്റാണ്ടിനു മുമ്പ് പുന്നവേലിയിലാരംഭിച്ച സി.എം.എസ്. സ്കൂളും അരനൂറ്റാണ്ടിനു മുമ്പ് തുടക്കമിട്ട ആനിക്കാട് സെന്റ് മേരീസ് സ്കൂളും ഈ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസത്തിന് വലിയ സഹായമായിരുന്നു. ഇന്ന് നിലവിലുള്ള പ്രൈമറി വിദ്യാലയങ്ങളെല്ലാം തന്നെ ഒരു നൂറ്റാണ്ടിനു മുമ്പ് ആരംഭിച്ചവയാണ്. പ്രാഥമിക വിദ്യാഭ്യാസം നാട്ടിൽ സാർവ്വത്രികമാക്കുവാൻ ഇവയുടെ പ്രവർത്തനം ഉപകരിച്ചു.

സാംസ്കാരിക സംരംഭങ്ങൾ

സാംസ്കാരിക രംഗത്ത് ഇന്നത്തേതിനേക്കാൾ സമ്പുഷ്ടമായിരുന്നു 1950 കളിലെ ആനിക്കാട്. ആനിക്കാട് വിജയാ റീഡിംഗ് റൂം, പീപ്പിൾസ് റീഡിംഗ് റൂം ആൻഡ് ലൈബ്രറി പെരുമ്പട്ടിമൺ, വൈ. എം. എ ക്ലബ് ആൻഡ് ലൈബ്രറി കരിമ്പോലി, നേതാജി റീഡിംഗ് റൂം ആൻഡ് ലൈബ്രറി വായ്പൂര്, യൂണിയൻ ക്ലബ് റീഡിംഗ് റൂം ആൻഡ് ലൈബ്രറി പുന്നവേലി, ജനതാ റീഡിംഗ് റൂം ആൻഡ് ലൈബ്രറി കുളത്തുങ്കൽ കവല എന്നീ സംരംഭങ്ങളെല്ലാം അന്ന് സജീവമായി പ്രവർത്തിച്ചിരുന്നുവെന്നത് നാടിന്റെ സാംസ്കാരികതയുടെ നിദർശനങ്ങളാണ്. ആദ്യ പഞ്ചായത്തു സമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്തു ലൈബ്രറി പ്രവർത്തിച്ചിരുന്നു. കലാകായിക രംഗത്ത് ചിലരുടെ പ്രവർത്തനം പ്രശംസനീയമായിരുന്നു. സെന്റ് പീറ്റേഴ്സ് ആർട്സ് ക്ലബ് പെരുമ്പട്ടിമൺ, വൈ. എം. എ ക്ലബ് ആനിക്കാട്, ബേബി. മെമ്മോറിയൽ ക്ലബ് പുന്നവേലി ഇവയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് ബ്ലോക്കിൽ നിന്നും അവാർഡ് ലഭിച്ചിരുന്നു.

1953 ജൂണിൽ നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പ് ആയിരുന്നു പഞ്ചായത്തു തലത്തിൽ നടന്ന ആദ്യത്തെ ജനാധിപത്യ പ്രക്രിയ. ജനങ്ങൾ സമ്മതിദാനാവകാശം രേഖപ്പെടുത്തി തെരഞ്ഞെടുത്ത പ്രസ്തുത സമിതി 1953 ഓഗസ്റ്റ് 15 ന് നിലവിൽ വന്നു. 'മല്ലപ്പള്ളി ആനിക്കാട് ' പഞ്ചായത്ത് എന്നപേരിലറിയപ്പെട്ടിരുന്ന ഈ പഞ്ചായത്തിന് 6 വാർഡും 7 മെമ്പർമാരുമാണ് ഉണ്ടായിരുന്നത്.

തിരുവല്ലാ താലൂക്കിൽ പെട്ട കല്ലൂപ്പാറ വില്ലേജിൽ എ, ബി, സി, ഡി ഇങ്ങനെ നാലു വാർഡുകൾ അടങ്ങിയ ആനിക്കാട് പ്രദേശവും നല്ലുശ്ശേരി, കുന്നിനിശ്ശേരി, കോവിൽ വട്ടം എന്നീ കരകൾ ഉൾപ്പെടുന്ന വായ്പൂര് വാർഡും എഴുമറ്റൂർ വില്ലേജിൽ പെട്ട പുന്നവേലി വാർഡുമാണ് ഉണ്ടായിരുന്നത്. ഓരോ വാർഡിൽ ഓരോ ജനറൽ സീറ്റും ബി വാർഡിൽ ഒരു റിസർവേഷൻ സീറ്റും ഉൾപ്പെടെ 7 അംഗങ്ങൾ.

പ്രഥമ പ്രസിഡന്റായി ശ്രീ. കെ. വി. ചാക്കോ കൂടത്തുംമുറിയും ശ്രീമാൻമാരായ സി. ആർ. രായീരക്കുറുപ്പ്, കുഞ്ഞുപിള്ള നായർ, പി. മാധവൻ, ഫാ: വി. ഐ. തോമസ്, ശ്രീ. സി. റ്റി. ചാക്കോ എന്നിവർ പഞ്ചായത്തു മെമ്പർമാരായും തെരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്തിന്റെ പ്രാരംഭകമ്മിറ്റി പെരുകര ശ്രീ രാമകൃഷ്ണക്കുറുപ്പിന്റെയും പാറോലിക്കൽ അഡ്വ: പി.കെ . ഏബ്രഹാമിന്റെയും വകയായ നൂറോമ്മാക്കലുള്ള കെട്ടിടത്തിൽ കൂടി. തുടർന്ന് ഏതാനും വർഷം ആ കെട്ടിടത്തിൽ പഞ്ചായത്താഫീസ് പ്രവർത്തിച്ചു പോന്നു. ഇപ്പോഴുള്ള പഞ്ചായത്താഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. പി. പി. ഉമ്മർ കോയ 1962-ൽ നിർവഹിച്ചു. ആനിക്കാട് സഹകരണസംഘത്തിന്റെ ഉദ്ഘാടനവും അന്നദ്ദേഹം നിർവഹിച്ചു.

മധ്യ കേരളത്തിന്റെ കുട്ടിക്കാനം മലയിടുക്കുകളിൽ നിന്നും ആരംഭിച്ച് ഇടുക്കി, കോട്ടയം എന്നീ ജില്ലകളിൽ കൂടി ഒഴുകി പത്തനംതിട്ട ജില്ലയിൽ പരുമലയിൽ പമ്പയാറുമായി സംഗമിക്കുന്നു മണിമല നദി. മണിമല പമ്പ സംഗമ സ്ഥാനത്തു നിന്നും ഏകദേശം 18 മൈൽ കിഴക്കുമാറി മണിമലയാറിനു വടക്ക്, തെക്കോട്ടു ചരിഞ്ഞു കിടക്കുന്ന നിമ്നോന്നത ഭൂവിഭാഗമാണ് ആനിക്കാട്. ഭൂപ്രകൃതി അനുസരിച്ച് ആനിക്കാട് പഞ്ചായത്തിനെ അഞ്ചായി തിരിക്കാം.

1. സമതലം
2. ചെറിയ ചരിവ്
3. ആറ്റുതീരം
4. കുത്തനെയുള്ള ചരിവ്
5. പാറക്കെട്ട്

ക്രമ നമ്പർ	ഭൂപ്രകൃതി മേഖലകം	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1	സമതലം	85.68	4.5
2	ചെറിയ ചരിവ്	1142.40	60
3	ആറ്റുതീരം	100.91	5.3
4	കുത്തനെയുള്ള ചരിവ്	529.31	27.8
5	പാറക്കെട്ട്	45.70	2.4

നിമ്നോന്നത മേഖലകളുടെ വിസ്തൃതി അന്യത്ര ചേർക്കുന്നു


ക്രമ നമ്പർ	നിമ്നോന്നത മേഖല	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1	20 മീറ്ററിനു താഴെ	1328.99	69.8
2	20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ	239	12.56
3	40 മീറ്ററിനും 60 മീറ്ററിനും ഇടയിൽ	165.7	9.76
4	60 മീറ്ററിനും 70 മീറ്ററിനും ഇടയിൽ	125	7.78

മണിമലയാറിന്റെ തീരം പൂജ്യം എന്ന കണക്കിൽ


മൺതരങ്ങകം

ക്രമ നമ്പർ	ഭൂപ്രകൃതി മേഖലകം	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1	വെട്ടുകൽമൺ(ലാറ്ററൈറ്റ്)	1717.41	90.2
2	കളിമണ്ണ്	85.65	4.5
3	നദീതീര എക്കൽ മണ്ണ്	100.91	5.3

അവലംബം : റവന്യൂ രേഖകം, പഠന പര്യടനം



- □ സമതലം
- □ കുന്നുകൾ, താഴ്വരകൾ
- □ മൺതരം



ആലംബം : ഛായാചിത്രം

IV. 2. ജലസമൃദ്ധി

വർഷത്തിൽ ശരാശരി 3312 മി.മി. മഴ ലഭിക്കുന്നു. ഏറ്റവും കൂടുതൽ മഴ ജൂലൈ, ഓക്ടോബർ മാസങ്ങളിലും കുറവു മഴ ഫെബ്രുവരി, മാർച്ച് മാസങ്ങളിലുമാണ് ലഭിക്കുന്നത്.


ആകെ തോടുകളം 14.5 കി.മി. രൂക്ഷമായി ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് പഞ്ചായത്തിൽ ഭൂരിഭാഗവും. പുളിക്കാമല, പാട്ടപുരയിടം, ഹനുമാൻകുന്ന്, വെങ്ങളത്തുകുന്ന്, കാരിക്കാമല, മഞ്ഞത്താനം, കരിമ്പോലി, കുന്നിരിക്കൽ, തവളപ്പാറ, വള്ളിയാകുളം, മാരിക്കൽ, ചക്കാലക്കുന്ന്, പുളിച്ചിമാവ്, മുതുപുരയിടം, മുക്കടമൺ, മച്ചിയാനി, പുള്ളോലി ഈ പ്രദേശങ്ങളം കുടിവെള്ള ക്ഷാമം ജനുവരി മുതൽ ജൂൺ മാസം വരെ അനുഭവപ്പെടുന്ന വരൾച്ച ബാധിത മേഖലകളാണ്.

മുൻകാലങ്ങളിലെ പ്രധാന ജല സ്രോതസുകളായിരുന്ന കതിരമലചാൽ, കൈതേൽചാൽ, കുട്ടക്കടവ്പാടം, കാവുകണ്ടംപാടം എന്നിവയുടെ വിസ്തീർണ്ണം കുറയുകയും ഇവയിൽ ചിലത് നികത്തി കൃഷിഭൂമി ആക്കുകയും ചെയ്തിട്ടുണ്ട്. കതിരമലചാൽ മാത്രം ഒരു കുളമായി അവശേഷിക്കുന്നു. കതിരമല പുത്തൻപുരയ്ക്കൽ ഭാഗം, പൂവക്കോട്ടുപാടം, ആറ്റുകുഴി, ആയിപ്പടവ്, ആനക്കുഴി കണ്ടം, ഒറ്റകൈത, പാതിക്കാട്, ആറമുറ്റംകാവ് കണ്ടം, എന്നീ സ്ഥലങ്ങളിൽ ജലസ്രോതസുകളം ഉണ്ട്.


പ്രധാന ജലസ്രോതസുകളം

നം	പേര്	വാർഡ്	ഇപ്പോഴത്തെ സ്ഥിതി
1.	മണിമലയാറ്	2,3,6	ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ നീരൊഴുക്ക് നിൽക്കുന്നു കുഴികളിൽ മാത്രം വെള്ളം
2.	വലിയതോട്	7,6,1	ജനുവരി അവസാനം മുതൽ വെള്ളം പൂർണ്ണമായി വറ്റുന്നു
3.	പാറന്തറ തോട്	8,7	,,
4.	പനയമ്പാലതോട്	4,5	,,
5.	കതിരമലചാൽ	8	ഏപ്രിൽ മെയ് പൂർണ്ണമായി വറ്റുന്നു
6.	ചുഴികുന്നേൽതോട്	3,2	ഫെബ്രുവരി മുതൽ മെയ് വരെ ജലമില്ല
7.	കാവുകണ്ടംതോട്	4,5	,,
8.	പൂവൻപാറ തോട്	4	,,
9.	ആനകുഴിതോട്	3	,,

അവലംബം : പഠന പര്യടനം



- പ്രധാന തോടുകൾ
- ജലസ്രോതസ്സുകൾ



E
N
S
W
1324.8 മി. മി.
വടക്കു കിഴക്കൻ മൺസൂൺ
1987.2 മി. മി.
തെക്കു പടിഞ്ഞാറൻ മൺസൂൺ
25.24° C 31.34° C
ഫെബ്രുവരി
മാർച്ച്
ഏപ്രിൽ
മെയ്
ജൂൺ
ജൂലൈ
ആഗസ്റ്റ്
സെപ്റ്റംബർ
ഒക്ടോബർ
നവംബർ
ഡിസംബർ
ജനുവരി

IV. 3. ജനപ്രകൃതി

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 14,140. പുരുഷന്മാർ 6939 ഉം, സ്ത്രീ കൾ 7201 ഉം ആകുന്നു. പുരുഷന്മാരെ ക്കാൾ 262 സ്ത്രീകൾ കൂടുതലാണ്. ജനന-മരണ അനുപാതം 3:1 എന്ന നിരക്കിലാണ്.

ആകെ വീടുകൾ 2998 ആണ്. അതായത് വീടൊന്നിന് ശരാശരി 4.72 ആളുകളുണ്ട്. ജനസാന്ദ്രത ച: കി - ന് 743 ആണ്. ആറു വയസിന് താഴെയുള്ള കുട്ടികളുടെ എണ്ണം 1118 ആണ്. പട്ടിക ജാതി ജനസംഖ്യ 1749 ഉം. പട്ടിക വർഗ്ഗ ജനസംഖ്യ 11 ഉം ആണ്. പട്ടിക ജാതിയിൽ 861 പുരുഷന്മാരും 888 സ്ത്രീകളും, പട്ടിക വർഗ്ഗ ജനസംഖ്യയിൽ 5 പുരുഷന്മാരും 6 സ്ത്രീകളുമാണുള്ളത്. ആകെ ജനസംഖ്യയിൽ 13627 പേർ സാക്ഷരരാണ്. ഇവരിൽ 6764 പുരുഷന്മാരും 6863 സ്ത്രീകളുമാണ്.

വിദ്യാഭ്യാസ നിലവാരത്തിൽ ആനിക്കാട് സംസ്ഥാന ശരാശരിയേക്കാൾ മുൻപിലാണ്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള യുവജനങ്ങൾ ഭൂരിഭാഗവും തൊഴിലുമായി ബന്ധപ്പെട്ട് വിദേശങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും കഴിയുന്നു.

ജനസംഖ്യ 1991 സെൻസസ്

ആകെ കുടുംബം				പട്ടിക ജാതി			പട്ടിക വർഗ്ഗം		
	പു:	സ്ത്രീ	ആകെ	പു:	സ്ത്രീ	ആകെ	പു:	സ്ത്രീ	ആകെ
2998	6939	7201	14140	861	888	1749	11	21	32



''ഭാവി തലമുറയ്ക്കു വേണ്ടി പ്രകൃതിയെ സംരക്ഷിക്കുക എന്നത് ഇന്നത്തെ തലമുറയുടെ സാമൂഹ്യ ഉത്തരവാദിത്വവും ബാദ്ധ്യതയും''

''മനുഷ്യന്റെ ചെറിയ ഇടപെടലുകൾ പോലും ജൈവ വൈവിധ്യത്തെ ദോഷമായി ബാധിക്കും''

കാർഷിക പുരോഗതി

കുന്നുകളും സമതലങ്ങളും താഴ്വരകളും സമ്മിശ്രപ്പെട്ടുകിടക്കുന്ന കാർഷിക ഗ്രാമം. ആദ്യ കാലങ്ങളിൽ താഴ്വരകളിൽ നെല്ല് മുഖ്യ കൃഷിയായിരുന്നു. കുന്നിൻ ചരിവുകളിൽ കപ്പ, ചേമ്പ്, ചേന, വാഴ, വരക്, തുവര, മുതിര, തുടങ്ങിയവ കൃഷികളായിരുന്നു. കരഭൂമികളിൽ നെല്ല് പൂവൽകൃഷി ചെയ്തിരുന്നു. ഇക്കാലത്ത് ഉഴവ് വെട്ടിയാണ് കൃഷി നടത്തിയിരുന്നത്. ഭൂമി മുഴുവൻ കൃഷിടങ്ങളായി മാറ്റപ്പെട്ടിരുന്നില്ല. കുന്നിൻ ചരിവുകളിൽ ഇടവെരകൾ നിർമ്മിച്ചും ജൈവ വളപ്രയോഗം നടത്തിയും മണ്ണിന്റെ ഫലഭൂയിഷ്ഠി നിലനിർത്തിപോന്നു.

ക്രമേണ നാണ്യ വിളകളായ കുരുമുളക്, കമുക്, തെങ്ങ്, ഇഞ്ചി ഇവ മുഖ്യ കൃഷിയിനങ്ങളായി. തെങ്ങിനും കമുകിനും നേരിട്ട രോഗങ്ങളും റബ്ബർ കൃഷിക്കുള്ള ഉത്പാദന ചിലവുകുറവും കാരണം റബ്ബർ കൃഷിയിലേക്ക് കർഷകർ തിരിഞ്ഞു. റബ്ബർ ഈ പഞ്ചായത്തിലെ മുഖ്യ കാർഷിക വിളയായി ഇപ്പോൾ മാറിയിട്ടുണ്ട്.

പാടങ്ങളിൽ നെല്ലും കരിമ്പും കൃഷി ചെയ്തിരുന്നു. പകുതിയോളം പാടങ്ങളിലും കരിമ്പ് കൃഷിയായിരുന്നു. ആ കാലയളവിൽ നാടൻ ചക്കുകം നാട്ടിൽ തന്നെ പ്രദേശങ്ങളിൽ പ്രവർത്തിപ്പിച്ച് ശർക്കര നിർമ്മിച്ച് ദൂരെയുള്ള വിപണികളിൽ വില്പന നടത്തിയിരുന്നു. വിപണന അസൗകര്യവും കരിമ്പുലാഭകരമല്ലാതാവുകയും ചെയ്തപ്പോൾ കർഷകർ പൂർണ്ണമായും ഈ കൃഷി ഉപേക്ഷിക്കുകയാണുണ്ടായത്.

1822.13 ഹെക്ടർ കൃഷിഭൂമിയാണ് പഞ്ചായത്തിലുള്ളത്. 5551 ഭൂ ഉടമസ്ഥരിൽ 2038 പേർക്കും 50 സെന്റിൽ താഴെ മാത്രമേ ഭൂമിയുള്ളൂ. 10 സെന്റിൽ താഴെ ഭൂമിയുള്ളവർ 669 ഉം 449 കുടുംബങ്ങൾ സ്വന്തമായി ഭൂമിയില്ലാത്തവരുമാണ്.

5. 1. പട്ടിക 1

ഭൂവിനിയോഗം സംബന്ധിച്ച വിവരം

		വിള	വിസ്തീർണ്ണം ഹെക്ടറിൽ
മുഖ്യവിള	1.	റബ്ബർ	990
	2.	തെങ്ങ്	350
	3.	രണ്ടാം വിള നെല്ല്	130
	4.	ഒന്നാം വിള നെല്ല്	25
	5.	മരച്ചീനി	100
ഇടവിള	1.	കൊക്കോ	70
	2.	കുരുമുളക്	40
	3.	വാഴ	22
	4.	പയർ	15
	5.	പച്ചക്കറി	8
	6.	എള്ള്	2
	7.	കമുക്	16
	8.	ഇതരകൃഷി	28

അവലംബം : കൃഷി ഓഫീസ് രേഖകം സെക്കണ്ടറി ഡേറ്റാ

5. 1. പട്ടിക 2

കൃഷിഭൂമിയുടെ ഭൂപരിധി വിവരണം

	ഭൂപരിധി	ഉടമകളുടെ എണ്ണം	വിസ്തീർണ്ണം ഹെക്ടറിൽ
1.	50 സെന്റിൽ താഴെ	2038	132.59
2.	50 സെന്റ് മുതൽ ഒരു ഏക്കർവരെ	1647	362.34
3.	ഒരു ഏക്കർ മുതൽ രണ്ടേക്കർ വരെ	1328	743.00
4.	രണ്ടേക്കറിനും അഞ്ച് ഏക്കറിനും മദ്ധ്യേ	530	530.00
5.	അഞ്ചേക്കറിനു മേൽ	8	54.20

അവലംബം : സെക്കണ്ടറി ഡേറ്റാ വില്ലേജ് ഓഫീസ് രേഖകം

നെൽകൃഷി

മുൻകാലങ്ങളിൽ പാടങ്ങളിലും പുരയിടങ്ങളിലും മുഖ്യ കൃഷി നെല്ല് ആയിരുന്നു. ഏകദേശം മുപ്പത്തിയഞ്ചു വർഷങ്ങൾക്കു മുമ്പ് കരഭൂമിയിൽ നിന്നും നെൽകൃഷി പാടങ്ങളിൽ മാത്ര മായി ഒതുങ്ങി. കരിനാരകൻ, കുരുവി കണ്ണൻ, ചീര, കുറ്റിപേരാടി, ഞവരവി ത്ത് തുടങ്ങിയ നാടൻ വിത്തുകൾ ഉപ യോഗിച്ചിരുന്നു. ജൈവ വളപ്രയോഗ ത്തിൽ നിന്നും കൂടുതൽ ഉല്പാദനം ലഭിക്കുന്ന വിത്തുകളായിരുന്നു ഇവ. പച്ചിലയും കാലിവളവും മാത്രമായിരു ന്നു വളങ്ങൾ. ജലസേചന സൗകര്യ ത്തിന് തോടുകളെയാണ് ആശ്രയിച്ചി രുന്നത്. തോടുകളിൽ ചിറകെട്ടിയും വാഴയില, ഓല, മുളങ്കുറ്റി എന്നിവ ഉപയോഗിച്ച് താല്കാലിക തടയണ കൾ നിർമ്മിച്ചും കൃഷിയെ പരിപാലിച്ചി രുന്നു. ജലസേചനത്തിന് ജലചക്രം ഉപ യോഗിച്ചിരുന്നു. ചില പാടങ്ങളിൽ പാലിലെ ജലസേചനത്തിനും ഉപയോ ഗിച്ചിരുന്നു.

കൃഷി ഭൂമി ഒരുക്കുന്നതിന് നാടൻ കലപ്പ ഉപയോഗിച്ചു. കർഷകർ ക്ക് കലപ്പയും കാളയും സ്വന്തമായി ഉണ്ടായിരുന്നു. നാല് ചാൽ പൂട്ടി അടിച്ചു കൃഷി ചെയ്തുപോന്നു.

കീട നിയന്ത്രണത്തിനും എലി നശീകരണത്തിനും മുളകുറ്റി കെണി, അടി വില്ല് - ചാഴിയെ നശിപ്പിക്കുന്നതി ന് വെണ്ണീർ പറപ്പിക്കൽ എന്നീ മാർഗ്ഗ ങ്ങൾ അവലംബിച്ചിരുന്നു.

ഇന്ന് നെല്ലിനെ ബാധിക്കുന്ന കീടബാധക്ക് ആധുനിക കീടനാശിനി കൾ ഉപയോഗിക്കുന്നു. കീടനാശിനി ഉപയോഗം ശാസ്ത്രീയമായല്ല ഇവിടെ നടക്കുന്നത്.

ഭൂരിപക്ഷം കൃഷിക്കാരും നിലം ഒരുക്കുന്നതിന് പരമ്പരാഗത രീതി സ്വീകരിക്കുന്നു. ഹാൻഡ് ട്രില്ലറും ട്രാക്ടറും ചുരുക്കം പേരെ ഉപയോഗിക്കു ന്നുള്ളു.

ഇക്കാലത്ത് വിപുലമായ തോ തിൽ രാസവളപ്രയോഗം നടത്തിയിരു ന്നു. അസന്തുലിതമായ രാസവളപ്ര യോഗം മൂലം മണ്ണിന്റെ ജൈവാശം നഷ്ട പ്പെടുന്നതായി കൃഷിക്കാർക്ക് ബോധ്യ മാകുന്നുണ്ട്. മണ്ണു പരിശോധ നടത്തി വളപ്രയോഗം നടത്തുന്നില്ല. ജീവാണു വളത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കൃ ഷിക്കാർ പൊതുവേ ബോധവാന്മാരല്ല.

കാർഷികഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്ത അത്യുൽപാദന ശേഷിയുള്ള വിത്തുകളും ആധുനിക കൃഷി ഉപകരണങ്ങളും ഉപയോഗിക്കു വാൻ തുടങ്ങിയിട്ടുണ്ട്.

പഞ്ചായത്തിൽ 3 പാടശേഖര സമിതികൾ പ്രവർത്തിക്കുന്നു

1. പുന്നവേലി - വായ്പൂര് കർഷക സമിതി
2. ആനിക്കാട് നെൽ ഉല്പാദക സഹകരണ സംഘം
3. ആനിക്കാട് വെസ്റ്റ് നെൽ ഉൽപാദക സമിതി.

കൃഷിഭവൻ വഴി നെല്ല് ഉൽപാദ ന ബോണസ് പരിപാടി നടപ്പിലാക്കു ന്നുണ്ട്. ഒരു ഹെക്ടറിന് 250 രൂപ ലഭിക്കും. നെൽവിത്ത് വിതരണം 5 രൂപ പ്രകാരം കൊടുക്കുന്നു. പാടശേഖര സ മിതികൾ വഴിയാണ് ഈ പദ്ധതി നടപ്പ് ലാക്കുന്നത്.

പരമ്പരാഗതമായി നെൽകൃഷി മഴയെ ആശ്രയിച്ചായിരുന്നു നടത്തിയി രുന്നത്. പാടശേഖരങ്ങളോടു തൊട്ടുകി ടക്കുന്ന തോടുകളും ചാലുകളും കുളങ്ങ ളും ജലസേചനത്തിന് ഉപയോഗിക്കു ന്നു. ജലചക്രത്തിന്റെ സ്ഥാനത്ത് പമ്പു സെറ്റുകൾ പ്രവർത്തിക്കുന്നു. രണ്ടാം വിള ചെയ്യുന്ന 130 ഹെക്ടർ പാടങ്ങൾക്ക് ജലം ലഭ്യമാക്കുന്ന ഒരു ജലസേചന പ ദ്ധതി ഇല്ല. 155 ഹെക്ടർ സ്ഥലം രണ്ട് വിളയിലായി കൃഷി ചെയ്യുന്നു. 310 ടൺ നെല്ല് ഉല്പാദനം നടക്കുന്നതായി കണക്കാക്കപ്പെടുന്നു. ഇത് സംസ്ഥാന ശരാശരിയേക്കാൾ ഹെക്ടറിന് 0.27 ടൺ കുറവാണ്.

5.1 പട്ടിക 3
കാർഷിക ഉപകരണങ്ങൾ

വാർഡ് നമ്പർ	നാടൻ കലപ്പ	മരുന്നുതളി ഉപകരണങ്ങൾ		തെങ്ങുകയറ്റ യന്ത്രം	ഷോർട്ട് ബിൾഡ് പമ്പ് സെറ്റ്
		റോക്ക് സ്പെയർ	നാപ് സ്റ്റക്ക്		
I	8	5	8	1	2
II	15	6	7	-	3
III	10	5	6	-	2
IV	4	4	4	-	2
V	5	2	3	-	2
VI	4	10	20	-	2
VII	20	15	30	-	8
VIII	5	5	8	-	2

അവലംബം : സെക്കണ്ടറി ഡേറ്റാ - കൃഷിഭവൻ

തെങ്ങ് - കമുക്

ഉദ്ദേശം രണ്ട് ശതാബ്ദങ്ങളായി തെങ്ങും കമുകും കൃഷി ചെയ്തു വരുന്നു. തെങ്ങിൻ തൈകളം കൃഷിക്കാർ ഉല്പാദിപ്പിച്ച് അറുപത്തിനാലു മടലും പന്ത്രണ്ട് കുലകളോടും കൂടിയ ഉന്നത ഉല്പാദന ക്ഷമതയുള്ള നാടൻ തെങ്ങുകളം നാട്ടിലുടനീളം ഉണ്ടായിരുന്നു. തെങ്ങും കമുകും സമ്മിശ്രമായിട്ടായിരുന്നു മിക്കയിടങ്ങളിലും കൃഷി. ചുരുക്കം ചിലസ്ഥലങ്ങളിൽ ആറ്റുതീരത്തും തോട്ടപുരയിടങ്ങളിലും മാത്രം ഇവ പ്രത്യേകം പ്രത്യേകം കൃഷി ചെയ്തിരുന്നു. കരഭൂമിയിൽ 75% തെങ്ങുകൃഷിയായിരുന്നു. ഒരു ഏക്കർ സ്ഥലത്ത് 90 തൈ എന്ന കണക്കിന് ആയിരുന്നു കൃഷി.

വളം

കാലിവളം, പച്ചിലവളം, ചാരം, കരിപ്പൊടി, കുമ്മായം തുടങ്ങിയ വളങ്ങളം ഉപയോഗിച്ചിരുന്നു. കീടശല്യം പൊതുവേ കുറവായിരുന്നു. ജലസേചനം നടത്തിയിരുന്നില്ല. കേരളത്തിൽ പരക്കെ ബാധിച്ച കാറ്റുവീഴ്ച (റൂട്ട് വിൽറ്റ്) രോഗം 1950 കളിൽ ആനിക്കാടിലെ തെങ്ങുകൃഷിയെയും സാരമായി ബാധിച്ചു. രോഗനിവാരണത്തിനായി കൃഷിക്കാർ പല മാർഗ്ഗങ്ങളും പ്രയോഗിച്ചെങ്കിലും ഫലപ്രദമായി രോഗത്തെ തടയുവാൻ നാളിതു വരെ സാധിച്ചിട്ടില്ല. ഇങ്ങനെ തെങ്ങുകൃഷി മാന്ദ്യമായി. 50-കളെ അപേക്ഷിച്ച് ഉല്പാദനക്ഷമത 25% മായിക്കുറഞ്ഞു. കാറ്റുവീഴ്ച, മണ്ടചീയൽ എന്നീ രോഗങ്ങളം കമുകിനെയും ബാധിച്ചു. അടക്ക ഉല്പാദനം നാമമാത്രമായി. 15 ശതമാനമായി കുറഞ്ഞു.

ഉല്പാദന ക്ഷമതയുള്ള നാളികേര വിത്തുകളായ W.C.T സങ്കരഇനങ്ങളായ DxT, TxD ഇവകളം പ്രചാരത്തിലായി എങ്കിലും ഉല്പാദനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായില്ല. നവീനയിനം കമുകിൻ ചൊട്ടകളം നടുവാൻ കൃഷിക്കാരിൽ താല്പര്യം കാണുന്നില്ല.

വിപണനം

മുൻ കാലത്ത് നാളികേര വ്യവസായം നാട്ടിൽ സജീവമായിരുന്നു. കൊപ്ര അട്ടികളം, നാടൻ ചക്കുകളം ഇവ നാട്ടിൽ സർവ്വ സാധാരണമായിരുന്നു. വ്യാപാരികളം കൊപ്ര ആലപ്പുഴ മാർക്കറ്റിൽ ആണ് വിപണനം നടത്തിയിരുന്നത്. കേരകൃഷിയും വ്യാപാരവും നാട്ടിൽ ഒരു മുഖ്യ തൊഴിൽ മേഖലയായിരുന്നു. തൊണ്ട് കയർ ഉല്പാദനത്തിന് വേണ്ടി പടിഞ്ഞാറൻ പ്രദേശങ്ങളിലേക്ക് കൊണ്ടുപോയിരുന്നു. ചമ്പൻപാക്ക് പഴുക്കാപാക്ക് ഇവയുടെ വിളയെടുപ്പും വ്യാപാരവും ഗ്രാമത്തിൽ സജീവമായിരുന്നു. നിരവധി ആളുകളം ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നു.

തെങ്ങ് കൃഷിയുടെ പുരോഗതിക്കുവേണ്ടി കൃഷിഭവൻ മുഖേന നിരവധി പദ്ധതികളം നടപ്പാക്കുന്നുണ്ട്.

1. സമഗ്ര നാളികേര പദ്ധതി

1994-95 ലാണ് ഈ പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം ജലസേചനത്തിനു വെണ്ടി 35 പമ്പ് സെറ്റുകളംക്കും 60 കിണറുകളംക്കും വായ്പാ സഹായം നൽകിയിട്ടുണ്ട്. സഹായം ലഭിച്ചവരിൽ രണ്ട് പേർ പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണ്.

2. തെങ്ങിൻ തൈവിതരണം

പദ്ധതിപ്രകാരം ഈ വർഷം 740 അത്യുല്പാദന ശേഷിയുള്ള തൈകളം വിതരണം ചെയ്തു.

3. വളക്കിറ്റ്

16650 കി.ഗ്രാം വളം കഴിഞ്ഞ രണ്ട് വർഷമായി വിതരണം ചെയ്തു.

4. കമ്മ്യൂണിറ്റി ഇറിഗേഷൻ

ഈ പദ്ധതി അനുസരിച്ച് 5 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കുന്നതാണ്. വായ്പൂർ ഒരു കമ്മ്യൂണിറ്റി ഇറിഗേഷനു വേണ്ടി പണം അനുവദിച്ചിട്ടുണ്ട്. 85% സബ്സിഡിയോടുകൂടി നടപ്പാക്കുന്നു.

600 അംഗങ്ങളോടുകൂടി കേരവികസന സമിതി പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ ആകെ 84,313 തെങ്ങുകളം ഉണ്ട്. 13,82,184 നാളികേരമാണ് ഇവിടുത്തെ ഉല്പാദനം.

പഞ്ചായത്തിലെ ആകെ തെങ്ങുകളുടെ എണ്ണം	84,313
കായ്ക്കുന്നവ	57,591
കായ്ക്കാത്തവ	26,722
കാറ്റു വീഴ്ച രോഗം ബാധിച്ചവ	20,364

അവലംബം :സെക്കണ്ടറി ഡേറ്റാ, കൃഷിഭവൻ രേഖകളം

മൊത്തം തെങ്ങുകളുടെ 2% ഓലചീയൽ (ലീഫ് റോട്ട്) രോഗം ബാധിച്ചവയാണ്. നാളികേര ഉല്പാദനം ഹെക്ടറിന് 5890 എന്ന സംസ്ഥാന ശരാശരിയേക്കാളം പിന്നിലാണ് പഞ്ചായത്ത് ശരാശരി. ഹെക്ടറിന് 4500 നാളികേരമാണ് ഇവിടെ വീഴുന്നത്.

കുരുമുളക്

അഞ്ച് ദശാബ്ദങ്ങളായി വ്യാപാകമായി കൃഷി ചെയ്തു വരുന്നു. കരിമുണ്ട, നാരായകൊടി ഇവയാണ് ഉപയോഗിച്ചിരുന്നത്. ഏകദേശം 30 വർഷമായി ദ്രുതവാട്ടം എന്ന രോഗം പരക്കെ ബാധിച്ചു കുരുമുളകു ചെടി നശിക്കുവാൻ കാരണമായി. ചില വർഷങ്ങളിലെ കഠിന വരൾച്ച പ്രതികൂലമായി ബാധിച്ചു. കൃഷിഭവനിൽ നിന്നും കുരുമുളക് വള്ളികളം വിതരണം ചെയ്യുന്നുണ്ടെങ്കിലും ഗുണനിലവാരം തെളിയിച്ചിട്ടില്ല.

കൃഷി ഭവൻ വഴി നടത്തുന്ന പരിപാടി

1. കുരുമുളക് പുന:രുദ്ധാരണ പദ്ധതി,.

കീടനാശിനി, വളം, വിത്ത് വിതരണമാണ് ഈ പദ്ധതി പ്രകാരം നല്കുന്നത്.

2. വിസ്തൃതി വ്യാപന പദ്ധതി

പുതുതായി കൃഷി ചെയ്യുന്നവർക്ക് സബ്സിഡി കൊടുക്കുന്നു. കഴിഞ്ഞ 3 വർഷമായിപദ്ധതി നടക്കുന്നു. 1-ാം വർഷം 50% ഉം മൂന്ന് വർഷങ്ങളിൽ 40% വുമാണ് സബ്സിഡി.

മരച്ചീനി - വാഴ

പണ്ടു കാലം മുതൽ മരച്ചീനിയും വാഴയും കൃഷിചെയ്തിരുന്നു. നാടൻ തണ്ടുകളും വിത്തുകളുമാണ് നടീലിന് ഉപയോഗിച്ചിരുന്നത്. മരച്ചീനി അഭ്യന്തര ഉപഭോഗത്തിലുമധികം ഉല്പാദിപ്പിച്ചിരുന്നു. എന്നാൽ ഇപ്പോളം വാഴ മരച്ചീനി കൃഷികളം 20% മായി കുറഞ്ഞു. പഞ്ചായത്തിലൂടെ കടന്നു പോകുന്ന മൂഴിയാർ - പള്ളം 220 K.V ലൈനിന്റെ കീഴിലുള്ള സ്ഥലത്തു മാത്രമായി മരച്ചീനി കൃഷി ചുരുങ്ങി. 2400 ടൺ മരച്ചീനി ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നു. ഹെക്ടറിന് 24 ടൺ . ഇത് സംസ്ഥാന ശരാശരിയേക്കാളം കൂടുതലാണ്. കൃഷിയുടെ പ്രോൽസാഹനത്തിന് കൃഷിവകുപ്പിൽ നിന്നും യാതൊരു സഹായവും ലഭിക്കുന്നില്ല.

കൊക്കൊ

20 കൊല്ലത്തെ പഴക്കം മാത്രമേ ഈ കൃഷിക്ക് ഉള്ളതായി കാണുന്നുള്ളു. കൂടുതലും ഇടവിളയായി കൃഷിചെയ്യുന്നു. ഫംഗസ് (കുമിൾ) രോഗം, അണ്ണാൻ ഉപദ്രവം ഇവ കൃഷിയെ ദോഷമായി ബാധിക്കുന്നുണ്ട്. ഇപ്പോൾ ഗ്രാഫ്റ്റു ചെയ്ത തൈകൾ കൃഷിചെയ്യുന്നുണ്ട്. വേനൽക്കാലത്ത് ജലം ലഭിക്കാതെ 20% ചെടികൾ നശിക്കുന്നുണ്ട്.

റബ്ബർ

ഏകദേശം അര നൂറ്റാണ്ടുകാലം മുമ്പ് കൃഷി തുടങ്ങി. കൂടുതൽ ഭൂമിയുള്ളവരാണ് കൃഷിചെയ്യുവാൻ ആരംഭിച്ചത്. നാടൻ തൈകൾ ഉപയോഗിച്ചു പോരുന്നു. റബ്ബർ ബോർഡിന്റെ പ്രവർത്തന ഫലമായി അത്യുല്പാദന ശേഷിയുള്ള തൈകൾ കർഷകർക്ക് ലഭ്യമായി. ആധുനിക കൃഷി സമ്പ്രദായം സ്വീകരിച്ച് കൃഷി നടത്തുന്നു. പഞ്ചായത്തിലെ ഏക ശാസ്ത്രീയ കൃഷിയാണ് റബ്ബർ. 4 ലാറ്റക്സ് സംഭരയൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രതിവർഷം 2,000 ടൺ റബ്ബർ ഉല്പാദിപ്പിച്ചുവരുന്നു. സംസ്ഥാന ശരാശരിയേക്കാൾ ഉല്പാദന ക്ഷമത കൂടുതലാണ് പഞ്ചായത്തിലേത്.

പച്ചക്കറി കൃഷി വ്യാപനം

വികസനത്തിന് ഏറ്റവും അധികം സാധ്യതയുള്ള ഒരു മേഖലയാണ്. 75% കുടുംബങ്ങൾക്കും 10 സെന്റിൽ കൂടുതൽ ഭൂമിയുണ്ട്. പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗിക്കുന്ന പച്ചക്കറിയുടെ 90% വിലകൊടുത്തു വാങ്ങുന്നവയാണ്.

ഒരു വർഷം ഏകദേശം 11,00,000 രൂപയുടെ പച്ചക്കറി പഞ്ചായത്തിലെ ജനങ്ങൾ വാങ്ങുന്നുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതിന്റെ 50% എങ്കിലും ഇവിടെ ഉല്പാദിപ്പിക്കുവാൻ സാധിക്കുന്ന ഒരു പദ്ധതിക്കാണ് ശ്രമിക്കേണ്ടത്.

മൂന്നു വിധത്തിൽ പച്ചക്കറി കൃഷി വികസിപ്പിക്കുവാൻ സാധിക്കും.

1. അടുക്കള തോട്ടം

പരിമിതമായ ഭൂമി ഉള്ളവർ വീടിന്റെ പരിസരത്തും ടെറസുകളിലും കുടുംബകൃഷി ചെയ്യുക.

2. വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി

3. കൂട്ടുകൃഷി

നെൽ കൃഷി നടക്കാത്ത പാടങ്ങളിൽ 'വേനൽ പള്ള' കൃഷിക്ക് സാധ്യത ഉണ്ട്. ഒറ്റകൈതപാടം, കുന്തി രിക്കൽ പാടം, ചുഴികുന്നേൽ പാടം, കൈതേൽ ചാൽ , എന്നിവിടങ്ങളിൽ പച്ചക്കറി കൃഷി വർദ്ധിച്ച തോതിൽ ചെയ്യുവാൻ കഴിയും.

മേൽത്തരം വിത്തുകൾ, വളം, സബ്സിഡി - ശാസ്ത്രീയ പരിശീലനം ഇവ കൃഷി ഭവൻ മുഖേന പഞ്ചായത്തു നടപ്പിലാക്കിയാൽ ഈ കൃഷിക്ക് ശോഭനഭാവിയുണ്ടാവും.

ജലം-മണ്ണു സംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകൾ നിർമ്മിച്ചും ബണ്ടുകൾ കെട്ടിയും വൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചും ഇടവെ ഇടിഞ്ഞുകൊണ്ടിരിക്കുന്നു. ആറ്റിൽ നിന്നും പ്രതിദിനം ഭീമമായ തോതിൽ മണൽ വാരൽ മൂലം ജലവിതാനം താഴുകയും തിട്ടൽ ഇടിയുകയും ചെയ്യുന്നു. ഇത് ജലസംരക്ഷണത്തിനും മണ്ണു സംരക്ഷണത്തിനും ഭീഷണിയായിട്ടുണ്ട്. ഗ്രാമത്തിലെ എല്ലാ പ്രദേശങ്ങളും പ്രത്യേകിച്ച് വലിയ കുന്നിൻ ചരുവുകൾ തട്ടുകളായി തിരിച്ച് കോണ്ടൂർ ബണ്ടുകൾ നിർമ്മിക്കേണ്ടത് മണ്ണ് സംരക്ഷണത്തിന് അടിയന്തിര ആവശ്യമാണ്.

ജലസേചനം

പഞ്ചായത്തിലെ പുരയിട പാട കൃഷികളെല്ലാം പ്രകൃതിയുടെ സ്വഭാവിക സ്രോതസുകളെ മാത്രം ആശ്രയിച്ചുള്ളതാണ്. ലഭിക്കുന്ന മഴവെള്ളം പ്രയോജനപ്പെടുത്തുവാനും വരൾച്ചയെ നേരിടുവാനും ഒരു ജലസംരക്ഷണ പദ്ധതിയോ ജലസേചന പദ്ധതിയോ ഇവിടെ

5.1. പട്ടിക 4
മണ്ണ് സംരക്ഷണം

പദ്ധതിയുടെ പേര്	പദ്ധതി പ്രദേശം	അടങ്കൽ തുക	ആകെ ഗുണഭോക്താക്കൾ	അനുവദിച്ച വർഷം	പൂർത്തിയാക്കിയ വർഷം	സംരക്ഷിക്കപ്പെട്ട ഭൂമി	പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം	ആകെ തുക
ലോൺ സ്കീം 126	-	-	-	-	-	272.92	326	
ലോൺ സ്കീം 173	712.98	104100	950	1972	1990	276	384	547589
ലോൺ സ്കീം 474	413.57	805100	900	1979	1990	174	248	709919
എസ്.സി.പി. സ്കീം ഏഴോലി കോളനി	1.54	93900	21	1995	1996	1.338	15	64951

അവലംബം : സെക്കണ്ടറി ഡേറ്റാ മണ്ണുസംരക്ഷണ ആഫീസ്

രകൾ വെച്ചും മണ്ണിനെ സംരക്ഷിച്ചു പോരുന്നു.

കെട്ടിട നിർമ്മാണാവശ്യത്തിനായി വൻതോതിൽ വൃക്ഷങ്ങൾ മുറിച്ചു മാറ്റിയതു ജലദൗർലഭ്യത്തിനു കാരണമായി. 6 കി. മി ദൈർഘ്യം വരുന്ന മണിമലയാറിന്റെ തിട്ടൽ വർഷം തോറും

യില്ല. പഞ്ചായത്തിലെ നീരൊഴുക്ക് ഏഴ് ചെറുതോടുകളുമായി ബന്ധപ്പെട്ട് വടക്കു നിന്ന് തെക്കോട്ട് ഒഴുകുന്നു.

പഞ്ചായത്തിൽ നടന്നുകൊണ്ടിരിക്കുന്നതും പണി പൂർത്തിയായതുമായ ജലസേചന പദ്ധതികളുടെ വിവരണങ്ങൾ പട്ടികയിൽ ചേർക്കുന്നു.

പ്രവർത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയ കെട്ട് വിസ്തീർണ്ണം
1. അട്ടക്കുളം പാടം സംരക്ഷണം	92-93	92-93	0.77 ലക്ഷം	
2. പുന്നവേലി പാടം സംരക്ഷണം	92-93	92-93	0.50 ലക്ഷം	
3. എം. ഐ.ക്ലാസ് 2 കതിരമല കുളത്തിന്റെ പുനരുദ്ധാരണം	93-94	94-95	1.97 ലക്ഷം	0.26 ഹെ.
4. പാട്ടപുരയിടം വലിയ തോട്ടിൽ ക്രോസ്ബാർ	93-94	94-95	1.84 ലക്ഷം	
5. മുട്ടം തുണ്ടിയിൽ വലിയ തോട് സംരക്ഷണം			1.90 ലക്ഷം	
ഉദ്ദേശിക്കുന്ന പദ്ധതികൾ				
1. എം. ഐ. ക്ലാസ് 1 കാവനാൽക്കടവ് ചെക്ക് ഡാം			50 ലക്ഷം	150 ഹെ.
2. വലിയ തോട് സംരക്ഷണം പുന്നവേലി			2 ലക്ഷം	
3. പുത്തൻ പുരക്കൽ കൊച്ചുതോട് സംരക്ഷണം			2 ലക്ഷം	

അവലംബം:- സെക്കണ്ടറി ഡേറ്റാ മൈനർ ഇറിഗേഷൻ ഓഫീസ്രേഖകൾ

നേഴ്സറികൾ

അഞ്ചു നേഴിസറികൾ പഞ്ചായ ത്തിൽ നിലവിലുണ്ട്. വിവിധ കൃഷി യുടെ നടീൽ വസ്തുക്കൾ ലഭ്യമാകു ന്ന ഒരു നഴ്സറിയെ ഉള്ളൂ. മറ്റ് നേഴ്സ റികളിൽ റബ്ബർ തൈ മാത്രമാണ് ഉള്ളത്. പുതിയ ഇനം നടീൽ വസ്തുക്കൾ നാട്ടിൽ പ്രചാരത്തിലാക്കുവാൻ സംവിധാന ങ്ങൾ ഇല്ല.

വളം

സഹകരണമേഖലയിലുള്ള മൂന്നും സ്വകാര്യമേഖലയിൽ മൂന്നും ഉൾപ്പെടെ ആറു വളവിപണന കേന്ദ്ര ങ്ങളാണ് പഞ്ചായത്തിലുള്ളത്. കൃഷി ക്ക് ഉപയോഗിക്കുന്നത് 85% രാസവള മാണ്. ശാസ്ത്രീയമായ രീതിയിൽ രാസവള പ്രയോഗം നടത്താത്തതുകൊ ണ്ട് കൃഷി ചെലവ് അനാവശ്യമായി വർദ്ധിക്കുന്നുണ്ട്. മണ്ണു പരിശോധിച്ച് വള പ്രയോഗം നടന്നിട്ടില്ല. ജൈവവള പ്രയോഗവും വിരളമാണ്. 1993 മുതൽ 1996 വരെയുള്ള കാലയളവിൽ 53 ടൺ നൈട്രജനും (N_2)30 ടൺ ഫോസ്ഫ റസും (P) 50 ടൺ പൊട്ടാഷും (K) പഞ്ചായത്തിലെ വളം ഡിപ്പോകളിൽ നിന്നും ചിലവായിട്ടുണ്ട്.

കൃഷിഭവൻ

1987 ലാണ് കൃഷിഭവൻ നില വിൽ വന്നത്. തികച്ചും കാർഷിക മേഖ ലയായ പഞ്ചായത്തിൽ വളരെ പ്രതീ ക്ഷയോടുകൂടി ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം പരിമിതമായ പ്രദേശങ്ങ ളിൽ മാത്രമേ എത്തിയിട്ടുള്ളൂ.

കാർഷിക വായ്പ

രണ്ടു സഹകരണ സ്ഥാപനവും ഒരു ഷെഡ്യൂൾഡ് ബാങ്കുമാണ് ഈ പഞ്ചായത്ത് പരിധിയിൽ വരുന്നത്. ഈ സ്ഥാപനങ്ങളിൽ നിന്നായി 8,51,533 രൂപ കാർഷിക വായ്പയായി നല്കിയി ട്ടുണ്ട്. ഒരു ഹെക്ടറിന് ഒരു വർഷം 467 രൂപ മാത്രമാണ് ശരാശരി വായ്പ കൊ ടുത്തിട്ടുള്ളത്.

കൂലിനിരക്ക്

കാർഷിക മേഖലയിൽ തൊഴി ലാളികളുടെ എണ്ണം കുറഞ്ഞു വരികയാ ണ്. കൃഷിയോടുള്ള ആഭിമുഖ്യ കുറവും വിദ്യാഭ്യാസ നിലവാരം വർദ്ധിച്ചതുമാ വാം കാരണം. കൃഷിയെ മാത്രം ആശ്ര യിച്ചു ജീവിക്കുന്ന കുടുംബങ്ങൾ 22% മാണ്. കർഷകതൊഴിലാളികൾ 91 സെൻസസ് പ്രകാരം 1095 ആണ്. 951 പുരുഷന്മാരും 144 സ്ത്രീകളും. കൃഷി ക്കാർ 1022 റബ്ബർ ടാപ്പിംഗ് തൊഴിലാളി കൾ 408 പേരാണെന്ന് കണക്കാക്കപ്പെ ട്ടിരിക്കുന്നു. ശരാശരി കൂലി നിരക്ക് പുരുഷന് 100 രൂപയും സ്ത്രീക്ക് 65 ഉം ആണ്.

പ്രശ്നങ്ങൾ

ആനിക്കാട് പഞ്ചായത്തിൽ കൃ ഷിയോഗ്യമായ എല്ലാ സ്ഥലങ്ങളിലും വർഷത്തിൽ 5 മാസം ജലം ലഭിക്കുന്നി ല്ല. പൊതുവായി ഈ കാലയളവ് പല കൃഷികളും ചെയ്യുന്ന സമയം കൂടിയാ ണ്. ജല ദൗർബല്യം പുരയിടങ്ങളിൽ ഉൽപാദനശേഷി നേർ പകുതി കുറയ് ക്കുന്നു.

കുട്ടകടവ് വലിയകണ്ടം, ആയി പടവ്, ചേലകാവ്, ഇലഞ്ഞിമറ്റം, കാവു കണ്ടം, വലിയകണ്ടം(1-ാം വാർഡ്) വലിയകണ്ടം (6-ാം വാർഡ്), ഒറ്റകൈ ത, ചക്കാട്ടു പാടം, കതിരമല-വലിയ കണ്ടം എന്നീ പാടശേഖരങ്ങളിൽ കന്നി കൃഷിക്കു (രണ്ടാം വിള) ജലം ലഭിക്കു ന്നില്ല.

വെള്ളപ്പൊക്കം മൂലം മിക്ക പാട ങ്ങളിലും ഒന്നാം വിള പൊതുവേ നട ക്കുന്നില്ല. ഗ്രാമത്തിന്റെ 85% ചരിവു ഭൂപ്രകൃതിയാണ്. മാരിക്കൽ, പുളിക്കാ മല, ഹനുമാൻകുന്ന്, വെങ്ങളത്തു കുന്ന് എന്നീ സ്ഥലങ്ങളിൽ കൂടുതലാ യി മണ്ണൊലിപ്പ് കണ്ടു വരുന്നു. പഞ്ചാ യത്ത് അതിർത്തിയായ് വരുന്ന 6 കി.മി ആറ്റുതിട്ട ഇടിഞ്ഞുകൊണ്ടിരിക്കുന്നു. 6-ാം വാർഡിലെ തേലപ്പുഴകടവ്; വായ പൂര് പ്രദേശത്ത് മണ്ണിടിച്ചിൽ രൂക്ഷമാ ണ്.

മണ്ണുപരിശോധിച്ച് ശാസ്ത്രീയ കൃഷി ചെയ്യുവാനുള്ള സംവിധാനം വ്യാപകമല്ല. അശാസ്ത്രീയ രാസവള പ്രയോഗം - ജൈവാശം കുറയ്ക്കുകയും ക്രമാതീതമായ മണ്ണൊലിപ്പ് ഭൂമിയുടെ ഫലഭൂയിഷ്ഠി നിർവീര്യമാക്കുകയും ചെ യ്തിട്ടുണ്ട്.

നെൽകൃഷിരംഗത്ത് യന്ത്രവൽ ക്കരണം നടന്നിട്ടില്ല. 6 ചെറിയ തുണ്ടാ

യി പാടങ്ങം കിടക്കുന്നതുകൊണ്ട്

ഇതിനുള്ള സാധ്യത കുറയുന്നു. തക്ക സമയങ്ങളിൽ കൃഷി പണിക്ക് കർഷക തൊഴിലാളികളെ കുറെ വർഷങ്ങളായി ലഭിക്കാറില്ല. തണ്ടു തുരപ്പൻ പുഴു, ചാഴി, പോള രോഗം എന്നിവ നെൽകൃഷിയെ സാരമായി ബാധിക്കുന്നു. കീട നാശിനികം കുറഞ്ഞ നിരക്കിൽ ലഭ്യ മല്ല. എല്ലാ പാടങ്ങളിലും ട്രില്ലറുകം ഇറക്കുന്നതിനും ഉൽപന്നങ്ങം കൊണ്ടു പോവുന്നതിനും വഴി സൗകര്യമില്ല.

തെങ്ങു കൃഷിക്ക് ജലസേചന സൗകര്യം ഒട്ടും തന്നെയില്ല. രോഗസാദ്ധ്യത കൂടുതലുണ്ട്. രോഗപ്രതിരോധ മാർഗ്ഗങ്ങം ഇവിടെ നടപ്പാക്കിയിട്ടില്ല. കേര വികസന സമിതിയുടെ പ്രവർത്തനം വ്യാപകമായിട്ടില്ല.

കൃഷിഭവൻ വഴി ലഭിക്കുന്ന തെങ്ങിൻ തൈകം ഗുണമേന്മ ഉള്ളതായി കർഷകർക്ക് ബോദ്ധ്യം വന്നിട്ടില്ല. രോഗം ബാധിച്ച തെങ്ങുകം വെട്ടിമാറ്റുന്ന സർക്കാർ പരിപാടി ഗ്രാമത്തിൽ നടപ്പിലാക്കിയിട്ടില്ല. കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി ഇറിടെ ഇല്ല.

കുരുമുളക് കൃഷിക്ക് ദ്രുതവാട്ടം കൂടുതലായി കാണുന്നു. പുതിയ 'ജനുസുകം' ലഭ്യമല്ല.

റബ്ബർ കൃഷിക്ക് പ്രത്യേകിച്ച് RRI 105 ഇനത്തിന് കുമിം രോഗം വ്യാപകമായിട്ടുണ്ട്. റബ്ബർ ബോർഡിന്റെ സാങ്കേതിക ഉപദേശവും സഹായവും ലഭ്യമാകുന്ന ഒരു കേന്ദ്രം പഞ്ചായത്തിലില്ല. ടാപ്പിംഗിന് പരിശീലനം സിദ്ധിച്ചവരെ ലഭ്യമല്ല.

മുൻകാലങ്ങളിൽ സർവ്വസാധാരണമായിരുന്ന പച്ചക്കറി കൃഷി ജല ദൗർബല്യം കാരണം ഇന്ന് കൃഷി ചെയ്യുന്നില്ല.

നിർദ്ദേശങ്ങം

1. 100 ഹെക്ടർ കൃഷി സ്ഥലത്തിന് ഗുണകരമാവുന്ന, മണിമല ആറ്റിൻ പൂവേലി ഇല്ല രോഗത്ത് ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

ഈ പദ്ധതി നടപ്പിലായാൽ പൂവേലി ഇല്ലഭോഗം, വലിയകണ്ടം, കുട്ടകടവ്, പൂവകോട്, ചക്കാട്ടുപടി, ഒറ്റ കൈത, കൈതചാൽ, പുത്തൻപുരയ്ക്കൽ എന്നീ പാടങ്ങൾക്കും ഇവയോടു ചേർന്ന കരഭൂമിക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

രണ്ടു പൂവൽ കൃഷി പാടങ്ങളിൽ നടത്തുവാനും ചിലയിടങ്ങളിൽ മൂന്നു പൂവൽ കൃഷിക്കും സാധ്യതയുണ്ടാവും. കരഭൂമിയിൽ പച്ചക്കറി, തെങ്ങ്, കൊക്കൊ എന്നീ കൃഷി ഉല്പാദനം 100% വർദ്ധിക്കും.

2. മൈനർ ഇറിഗേഷൻ ക്ലാസ് ഒന്ന് പദ്ധതി അനുസരിച്ചു പണിയുവാൻ ഉദ്ദേശിക്കുന്ന കാവനാൽകടവ് ചെക്ക് ഡാം പദ്ധതിയുടെ പ്രയോജനം ആയീ പടവ്, പേലകാവ്, ഇലഞ്ഞിമറ്റം പാടങ്ങൾക്കും അവയുടെ കരഭൂമിയായ 50 ഹെ. സ്ഥലത്തും വ്യാപിപ്പിക്കത്തക്കവിണ്ണം ആയിരിക്കണം ഈ സ്കീം നടപ്പാക്കേണ്ടത്.

3. കാവുകണ്ടം പാടത്തിനും അതിന്റെ കരഭൂമിക്കും പ്രയോജനം ലഭിക്കത്തക്ക വണ്ണം മല്ലപ്പള്ളി മഞ്ഞത്താനം പാടഭാഗവുമായി സഹകരിച്ച് മല്ലപ്പള്ളി ആനിക്കാട് പഞ്ചായത്തുകൾക്ക് സംയുക്തമായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുവാൻ കഴിയണം.

4. കതിരമല ചാലിന്റെ ആഴം കൂട്ടി വശങ്ങം ബലപ്പെടുത്തി ചാലിൽ ഇപ്പോം സ്ഥാപിച്ചിട്ടുള്ള മോട്ടോറും പമ്പും പ്രവർത്തിപ്പിക്കണം. കതിരമല പാടത്തിന്റെ നടുവേ ഉള്ള കൈതോടിന്റെ ആഴം കൂട്ടണം.

5. മുളയംവേലി- കതിരമലഭാഗത്തുള്ള കൊച്ചുതോടിന്റെ താഴ്ച കൂട്ടി വശങ്ങം കെട്ടിയാൽ മട വീഴ്ച തടയാം.

6. കതിരമല വലിയകണ്ടം പാടത്ത് കണ്ണംന്താനം പടിക്കൽ നിന്ന് ഇരുവശങ്ങളിലേക്കുള്ള 400 മീറ്റർ പാടത്തിന്റെ വശം കെട്ടിയാൽ പാടത്ത് ട്രാക്ടർ ഇറക്കുന്നതിനുള്ള സൗകര്യം ഉണ്ടാവും.

7. മണ്ണുപരിശോധന നടത്തുവാൻ വർഷത്തിലൊരിക്കൽ സംവിധാനം പഞ്ചായത്ത് തലത്തിലുണ്ടാവണം.

8. ചക്കാലക്കുന്ന് ഭാഗം മുതൽ കാവനാൽ കടവു വരെ ആറ്റുമട്ട കെട്ടി മണ്ണിടിച്ചിൽ തടയാവുന്നതാണ്.

കരഭൂമിയിൽ പ്രത്യേകിച്ച് കയ്യാലകം ഇല്ലാത്ത സ്ഥലങ്ങളിൽ കോണ്ടൂർ ബണ്ടുകം നിർമ്മിക്കുവാൻ കൃഷി ഭവൻ വഴി പദ്ധതി ഉണ്ടാവണം.

പുന്നവേലി വലിയ തോടിന്റെ അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ വശങ്ങം കെട്ടിയാൽ തിട്ട ഇടിച്ചിൽ തടയാൻ സാധിക്കും.

8. പഞ്ചായത്തിലെ 6 മാസം ജലം ഉള്ള പ്രധാന തോടുകളായ വലിയതോട്, പാറാന്തറ തോട്, കൊച്ച് തോട്, പനയമ്പാല തോട്, ചൂഴികുന്നേൽ തോട്, പൂവൻപാറതോട്, കാവുകണ്ടം തോട് എന്നിവയിൽ ചെറു തടയണകം നിർമ്മിച്ചാൽ ജലം, മണ്ണു സംരക്ഷണത്തിന് പ്രയോജനപ്പെടും.

കൃഷിക്കാർ തന്നെ പച്ചിലകം, കല്ല് ഇവയുപയോഗിച്ച് ശക്തമായ വെള്ള മൊഴുക്ക് നിയന്ത്രിക്കുവാനുള്ള സംവിധാനം ചെയ്യുവാൻ സാധിക്കും.

10. രാസവള വിതരണ കേന്ദ്രങ്ങം, സഹകരണ സംഘം എല്ലാ വാർഡുകളിലും ആരംഭിക്കണം.

സബ് - ഡിപ്പോ ആയി തുടങ്ങാവുന്ന പ്രസ്തുത കേന്ദ്രത്തിൽ കൂടി മണ്ണു പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുവാനും സാധിക്കും. കീടനാശിനി യൂണിറ്റും ഇതിന്റെ കൂടെ ആരംഭിക്കണം.

11. കംപോസ്റ്റു വളം നിർമ്മാണം നടത്താനുള്ള സബ്സിഡി കൃഷിക്കാർക്ക് എത്തിക്കുവാൻ കൃഷിഭവനു കഴിയണം. ശീമക്കൊന്ന വളർത്തൽ വ്യാപകമാക്കണം. ചാണകം, പച്ചില, ശീമക്കൊന്ന ഇവയുപയോഗിച്ച് കംപോസ്റ്റ് വളം വർദ്ധിച്ച തോതിൽ നിർമ്മിക്കാൻ കഴിയും. ശാസ്ത്രീയ ഉപദേശം കൊടുക്കുവാൻ കാർഷിക അസിസ്റ്റന്റിനു സാധിക്കും.

12. കൃഷിക്ക് അത്യുൽപാദന ശേഷിയുള്ള പച്ചക്കറി വിത്തുകം ശേഖരിച്ച് വിതരണം ചെയ്യുവാൻ പഞ്ചായത്തും കൃഷിഭവനും നേതൃത്വം കൊടുക്കണം. ബ്ലോക്കു തലത്തിൽ പഞ്ചായത്തുകളെ ഏകോപിപ്പിച്ച് ഒരു പച്ചക്കറി വിപണന കേന്ദ്രം സ്ഥാപിക്കേണ്ടതാണ്.

ജൈവ വളത്തിനു പ്രാധാന്യം നൽകി അടുക്കള തോട്ടം, മാതൃകാ പച്ചക്കറി തോട്ടം, സ്കൂളുകളിൽ പച്ചക്കറി തോട്ടം ഇവ ഉണ്ടാക്കുവാൻ സാധിക്കും.

13. പുഷ്പ കൃഷി വീടിനോടു ചേർന്നു നടത്തുവാൻ സാധ്യതയുണ്ട്.

സ്ത്രീകൾക്ക് കൂൺ കൃഷി നടത്തുവാൻ സാധിക്കും. സാങ്കേതിക പരിശീലനം കൃഷിഭവൻ വഴി നൽകണം.

14. തെങ്ങിൻ തോട്ടത്തിന്റെ ഇടവിളയായി ആറ്റുതീരങ്ങളിൽ 25 ഹെക്ടർ സ്ഥലത്ത് കൈത ചക്ക കൃഷി നടത്തുവാൻ സാധ്യതയുണ്ട്. നല്ലയിനം കന്നുകം (മുടി) കൃഷിക്കാർക്ക് എത്തിച്ചു കൊടു

ക്കണം.

15. കുരുമുളക് കൃഷിയുടെ ദ്രുതവാട്ട രോഗത്തിനു മരുന്നുതളി പഞ്ചായത്ത തിസ്ഥാനത്തിൽ നടത്തണം.

16. സസ്യ സംരക്ഷണ പ്രവർത്തനം പഞ്ചായത്തിൽ ആവശ്യമായ രീതിയിൽ നടത്തണം. പരിമിത കർഷകർക്കു ഔഷധ സസ്യങ്ങളും നടുവാൻ വിത്തും വളവും വിതരണം ചെയ്യണം.

17. ഗവൺമെന്റിന്റെ കാർഷികവികസന പദ്ധതി ആകർഷകമായിരിക്കണം. ഭൗതിക ലക്ഷ്യം (ഫിസിക്കൽ ടാർജറ്റ്) തികയ്ക്കുന്നതോടൊപ്പം മെച്ചമായ ഗുണം കർഷകർക്ക് ലഭിക്കണം.

18. കൃഷിഭവനിൽ സാങ്കേതിക വൈദഗ്ധ്യമുള്ള രണ്ട് കൃഷി അസിസ്റ്റന്റുമാരെ നിയമിക്കണം. കൃഷി ആഫീസറുടെ സേവനം പൂർണ്ണമായും കൃഷിക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ആഫീസ് ജോലി പരിഷ്കരിക്കുക.

19. കൃഷി ആഫീസ് പ്രവർത്തനം പഞ്ചായത്തിലെ എല്ലാ ഭാഗക്കാർക്കും സൗകര്യപ്രദമായ സ്ഥലത്തേക്കു മാറ്റി സ്ഥാപിക്കുന്നതു നന്നായിരിക്കും. നൂറോമ്മാവിലുള്ള കൃഷി ആഫീസ് കാർട്ടേഴ്സ് കൃഷിസബ് സെന്ററായി പ്രവർത്തിക്കാവുന്നതാണ്.

20. സർക്കാർ തലത്തിൽ നടക്കുന്ന ഗവേഷണ ഫലങ്ങൾ കൃഷിക്കാരിലേക്ക് പകരുവൻ സാധിക്കണം. വിജ്ഞാന വ്യാപനം ഉണ്ടാകുവാൻ കൃഷി ആഫീസ് ഒരു മുഖാന്തരമാകണം.

21. അത്യുത്പാദന ശേഷിയുള്ള തൈകൾ ഉത്പാദിപ്പിക്കുവാനും വിതരണം ചെയ്യുവാനും ഒരു നേഴ്സറി പഞ്ചായത്തിൽ ആരംഭിക്കണം.

സഹകാര്യ സംരംഭമായി നടത്താവുന്ന നേഴ്സറിക്ക് സാങ്കേതിക ഉപദേശവും സബ്സിഡിയും പഞ്ചായത്തും കൃഷിഭവനും കൊടുക്കണം.

22. റബ്ബർ കർഷകർക്ക് സാങ്കേതിക ഉപദേശം നൽകുന്നതിന് റബ്ബർബോർഡിന്റെ ഒരു ഉപകേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കണം.

23. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനും പുതിയവ വെയ്ക്കുന്ന ധനസഹായം ആനുകാലികമായി വർദ്ധിപ്പിക്കണം.

24. കാർഷിക വായ്പകളുടെ പലിശ നിരക്ക് കുറച്ച് സബ്സിഡി തുക വർദ്ധിപ്പിക്കണം.

കാർഷിക വായ്പാ സബ്സിഡികൾ കാർഷിക ആവശ്യത്തിനായി ചിലവഴിക്കുന്നുവെന്നുറപ്പു വരുത്തുക.

വിള അടിസ്ഥാനത്തിൽ വായ്പാ പദ്ധതി ആവിഷ്കരിക്കണം. സർവ്വീസ് സഹകരണ ബാങ്കിൽ ഒരു കാർഷിക സാമ്പത്തിക സെൽ രൂപീകരിക്കണം.

ഫാർമേഴ്സ് കോ - ഓപ്പറേറ്റീവ് സൊസൈറ്റി പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

25. കൃഷി പരിശീലനത്തിന് പഞ്ചായത്തും കൃഷി ഭവനും ശ്രദ്ധിക്കണം. ദൃശ്യ ശ്രവ്യ മാധ്യമങ്ങളുടെ സഹായത്തോടെ തിരഞ്ഞെടുത്ത കൃഷിക്കാർക്ക് പരിശീലനം നൽകണം.

കേരളത്തിലും ഇതര സംസ്ഥാനങ്ങളിലുമുള്ള കാർഷിക സംരംഭങ്ങൾ കാണുവാനും പഠിക്കുവാനും പഠന പര്യടന പരിപാടി സംഘടിപ്പിക്കണം.

''ഹരിതവിപ്ലവത്തിൽ വൻകിടകൃഷിക്കാർക്ക് മൂന്ന് വിള എടുക്കുവാൻ സാധിക്കും. ഇടത്തരം കൃഷിക്കാർക്കും ചെറുകിട കൃഷിക്കാർക്കും സാധാരണ മട്ടിലുള്ള മെച്ചമേ ലഭിക്കൂ. ഭൂരഹിതനായ തൊഴിലാളി ഇതൊന്നും തൊടാനും കൂടി സാധിക്കാതെ ദൂരെ നിൽക്കും. സർക്കാരിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്ന് ലഭിക്കുന്ന മെച്ചം മുഴുവൻ വൻകിട കൃഷിക്കാർ ഉപയോഗപ്പെടുത്തും. ഇങ്ങനെ ഹരിതവിപ്ലവം ഗ്രാമത്തിൽ അസമത്വം വളർത്തി വിട്ടിരിക്കയാണ്. നാം സ്വീകരിച്ച മാർഗ്ഗം നമ്മെ കൊണ്ട് എത്തിച്ചിരിക്കുന്നത് ഇത്തരം താവളങ്ങളിലാണ്.''

ജെ. പി.

2. മൃഗസംരക്ഷണം, മത്സ്യബന്ധനം



പശു, ആട്, എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങം. എരുമകളെ നാമമാത്രമായി വളർത്തുന്നുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. താറാവുകളും ചില പ്രദേശങ്ങളിൽ ചുരുക്കമായി കാണാം.

പഞ്ചായത്തിലെ 75% വീടുകളിലും കന്നുകാലികളെ വളർത്തുന്നു. 90% ഭവനങ്ങളിലും കോഴി ഉണ്ട്. നാടൻ കോഴികളാണ് ഭൂരിപക്ഷവും. പശുക്കളിൽ ഏറിയ പങ്കും സങ്കര വർഗ്ഗത്തിൽ പെട്ടവയാണ്. കഴിഞ്ഞ 25 വർഷങ്ങളിൽ 35% വർദ്ധനവ് കാലിവളർത്തലിലുണ്ട്.

5. 2. പട്ടിക 1
മൃഗ സമ്പത്ത്

ക്രമ നമ്പർ	ഇനം	കറവ ഉള്ളത്	കറവ ഇല്ലാത്തത്	ആകെ
1	നാടൻ പശു	105	36	141
2	സങ്കരയിനം പശു	565	180	745
3	ആട്			1815
4	എരുമ	15		15
5	പട്ടി			639

അവലംബം : ആനിമൽ സർവ്വേ രേഖകം

84% പശുക്കളും സങ്കരയിനത്തിൽ പെടുന്നു.

1996 -ലെ കണക്കു പ്രകാരം 7,95,000 ലിറ്റർ പാൽ പ്രതിവർഷം ഉല്പാദിപ്പിക്കുന്നുണ്ട്. പ്രതിദിനം 2,178 ലിറ്റർ പാൽ.

5. 2. പട്ടിക 2
പാലിന്റെ വാർഷിക ഉല്പാദനം (ലിറ്ററിൽ)

ആകെ ഉല്പാദനം	മിൽമയിലേക്കു വില്പന	മിൽമ വഴി പുറത്തേക്ക്	ആഭ്യന്തരഉപയോഗം
7,95,000	2,86,626.6	2,56,019.2	5,38,804

പഞ്ചായത്തിൽ 4 പാൽ സൊസൈറ്റികം പ്രവർത്തിക്കുന്നു. ഏറ്റവും കൂടുതൽ പാൽശേഖരണം നടത്തുന്നത് നൂറോമ്മാവ് കേന്ദ്രമായി പ്രവർത്തിക്കുന്ന സംഘമാണ്. 91,460. 6 ലി.

ഗതാഗത രംഗത്തുനിന്ന് കാളവണ്ടികം അപ്രത്യക്ഷമായതിനാലും നിലം ഉഴുന്നതിന് കാളകളെ ഉപയോഗിക്കാത്തതിനാലും കാളകം ഇല്ലാതായിട്ടുണ്ട്.

12,757 മുട്ടയിടുന്ന കോഴികളും 1356 മുട്ടയിടാത്തവയും 543 പൂവൻകോഴികളും 220 താറാവും 62 മറ്റ് വളർത്തു പക്ഷികളുമാണ് പഞ്ചായത്തിലുള്ളത്.

പ്രതിവർഷം 9,56,775 കോഴിമുട്ടകം ലഭിക്കുന്നു. ഇതിൽ 75% ആഭ്യന്തര ഉപയോഗമാണ്. ഹൈ ബ്രീഡ് ഇനങ്ങം പഞ്ചായത്തിൽ ഇല്ലാത്തതിനാൽ ഉല്പാദനത്തിൽ സംസ്ഥാന ശരാശരിയേക്കാം ഗണ്യമായി കുറവാണ്. കോഴി വളർത്തൽ ശാസ്ത്രീയ രീതിയിൽ നടത്തുന്നവർ ഇല്ല. ഇറച്ചി കോഴി വളർത്തൽ കേന്ദ്രവും പ്രവർത്തിക്കുന്നില്ല.

'ഗോവർ ഗ്യാസ്' പ്ലാന്റുകം 19 എണ്ണം നിലവിലുണ്ട്. ജൈവവളത്തിന്റെ 90% ചാണകമാണ്. 7,200 ടൺ ചാണകം ഒരു വർഷം കാലിവളർത്തലിലൂടെ ലഭിക്കുന്നു.

പഞ്ചായത്തിൽ ഒരു വെറ്റിനറി ഡിസ്പെൻസറി നിലവിലുണ്ട്. പുന്നവേലി കേന്ദ്രമായി പ്രവർത്തിക്കുന്ന ഡിസ്പെൻസറിയുടെ സേവനം തൃപ്തികരമല്ല.

8 കി. മി അകലെയുള്ള കാടകുളം, മല്ലപ്പള്ളി, നെടുങ്കുന്നം എന്നിവിടങ്ങളിലെ മൃഗാശുപത്രികളെയാണ് ഇപ്പോം കർഷകർ ആശ്രയിക്കുന്നത്. പഞ്ചായത്തിൽ മാരിക്കൽ, കുരുന്നംവേലി, നൂറോമ്മാവ് എന്നിവിടങ്ങളിലെ ഐ. സി. ഡി. പി. സെന്ററുകളിൽ ഇൻസിമേഷൻ സൗകര്യം ഉണ്ട്.

പ്രശ്നങ്ങം

പുന്നവേലി കേന്ദ്രമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഡിസ്പെൻസറിയിൽ നിന്നും കാര്യക്ഷമമായ സേവനം ലഭിക്കുന്നില്ല.

അകിട് വീക്കം, കുളമ്പ് രോഗം,

ത്വക്ക് രോഗം, അത്യുല്പാദനശേഷിയുമായി ബന്ധപ്പെട്ട രോഗങ്ങൾ, വന്ധ്യത ആദിയായ രോഗങ്ങൾ സാധാരണമാണ്. കന്നു കാലി രോഗങ്ങളിൽ 50% അകിട് വീക്ക രോഗമാണെന്നു കണക്കുകൾ കാണിക്കുന്നു. റിപ്പോർട്ടു ചെയ്യപ്പെട്ട 405 കന്നുകാലി രോഗങ്ങളിൽ 220 എണ്ണം അകിട് വീക്കം സംബന്ധിച്ചുള്ളതായിരുന്നു.

കാലിത്തീറ്റയുടെ വിലവർദ്ധനവ്, വരൾച്ച കാലത്ത് പുല്ലിന്റെയും ജലത്തിന്റെയും ക്ഷാമം. അശാസ്ത്രീയമായ കാലി തൊഴുത്തുകൾ വിശേഷിച്ചും ദുർബ്ബല വിഭാഗങ്ങളുടെ ഇവ കാലിവളർത്തലിന് പ്രശ്നങ്ങളാണ്.

കാലി വളർത്തലിനുള്ള വായ്പകൾ പരിമിതമാണ്.

മരങ്ങൾ മുറിച്ചുമാറ്റി കൊണ്ടിരിക്കുന്നതു കൊണ്ട് ആടിന് തീറ്റിക്ക് ബുദ്ധിമുട്ട് നേരിടുന്നു.

വേനൽ കാലത്ത് കോഴി വസന്ത തടയുവാൻ ഫലപ്രദമായ മാർഗ്ഗങ്ങളില്ല.

പുതിയ ഇനം 'ജനസുകൾ' കിട്ടാനില്ല.

കന്നുകാലി ബീജസങ്കലത്തിനുള്ള സൗകര്യം പഞ്ചായത്തിലെ എല്ലാ ഭാഗത്തും ലഭ്യമല്ല.

നിർദ്ദേശങ്ങൾ

1.പഞ്ചായത്തിലെ ഏകമൃഗ സംരക്ഷണ കേന്ദ്രമായ ഡിസ്പെൻസറി ഇൻസിമിനേഷൻ സൗകര്യത്തോടുകൂടി പൂർണ്ണരൂപത്തിൽ ഒരു മൃഗാശുപത്രിയായി ഉയർത്തി പ്രവർത്തന ക്ഷമമാക്കുക.

ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിക്കുക.

മൃഗാശുപത്രി എല്ലാ വാർഡുകളിലും പ്രയോജനീഭവിക്കത്തക്ക വിധം കേന്ദ്രഭാഗത്തു സ്ഥാപിക്കുക.

2. മാട്ടുപെട്ടി 'ഇൻഡോസിസ്' കേന്ദ്രം വിതരണം ചെയ്യുന്ന കന്നുകുട്ടികളെ പഞ്ചായത്തിൽ ലഭ്യമാക്കുക.

3. ക്ഷീരോല്പാദ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ സബ്സിഡി വർദ്ധിപ്പിക്കുക.

പഞ്ചായത്തിലെ മുഴുവൻ കാലികൃഷിക്കാർക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുക.

4. തീറ്റ പുല്ല് കൃഷിക്കു വേണ്ട വിത്തും വളവും സൗജന്യമായി വിതരണം ചെയ്യുക.

5. മൃഗാശുപത്രിയുടെ കീഴിൽ കൂടുതൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെ നിയമിക്കുക.

അവർ തുടരെ കൃഷിക്കാരെ സന്ദർശിച്ച് മാർഗ്ഗ നിർദ്ദേശം നൽകുക.

6. പുല്ലുകുത്തി മിൽമ യൂണിറ്റിൽ ഒരു ഐ. സി. ഡി. പി സെന്റർ ആരംഭിക്കുക.

7. പഞ്ചായത്തടിസ്ഥാനത്തിൽ 8 യുവാക്കളെ തെരെഞ്ഞെടുത്തു മൃഗസംരക്ഷണ പരിശീലനം നൽകുക.

പരിശീലനം സിദ്ധിച്ചവരുടെ സേവനം, 'ഇൻസിമിനേഷൻ' കാലിരോഗ ചികിത്സ, ഉപദേശം എന്നിവയ്ക്കായി പ്രയോജനപ്പെടുത്താവുന്നതാണ്.

8. സംസ്ഥാനത്തെ ഗ്രാമങ്ങളിൽ നടത്തുന്ന 'കാഫ് ഹീഡ്' (കന്നുകുട്ടി പരിപാലനം) പദ്ധതി ആനിക്കാട്ടിലും ആരംഭിക്കണം.

9. അത്യുല്പാദന ശേഷിയുള്ള പശുക്കളെ വാങ്ങുവാനും സംരക്ഷിക്കുവാനും തൊഴുത്തുകൾ നിർമ്മിക്കുന്നതിനും ഉയർന്ന സബ്സിഡിയോടുകൂടിയുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

10. ഒരു വനിതാ സഹകരണ സംഘം സ്ഥാപിച്ച് 'മുട്ടക്കോഴിവളർത്തൽ' ഭവനങ്ങളിലും കോഴികുഞ്ഞുല്പാദനം കേന്ദ്രീകൃതമായും നടത്താവുന്നതാണ്. മുട്ട വിപണനം, കോഴി വളർത്തൽ പരിശീലനം, ഇവയും ഏറ്റെടുത്തു നടത്താവുന്നതാണ്.

11. മുയൽ വളർത്തുന്നവർക്ക് മൂന്നു പെൺമുയലിനെയും ഒരു ആൺ മുയലിനെയും സൗജന്യമായി നൽകുക. ഇത് പരിമിത ഭൂമിയുള്ള ദുർബ്ബല വിഭാഗങ്ങളുടെ ഇടയിൽ നടപ്പാക്കാവുന്നതാണ്.

12. മാതൃകാ കന്നുകാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സബ്സിഡി 1250 രൂപയിൽ നിന്നും 4000 /- രൂപയായി വർദ്ധിപ്പിക്കുക.

കാലിത്തൊഴുത്തു പുനഃരുദ്ധാരണത്തിന് 2000/- രൂപ സബ്സിഡി നൽകുക.

13. ദുർബ്ബല വിഭാഗത്തിൽ പെട്ടവർക്ക് ആട്, നല്ലയിനം പശു ഇവ ജില്ലാ-ബ്ലോക്കുകൾ വഴി സൗജന്യമായി നൽകുക.

2. മൽസ്യകൃഷി



പരമ്പരാഗതരീതിയിൽ മീൻ പിടിത്തത്തിൽ ഗ്രാമീണർ ഏർപ്പെട്ടിരുന്നു. മണിമലയാറ്റിലും, വലിയതോട്ടിലും , മടവല, വീശുവല, ചൂണ്ടൽ, മീൻകൂട്, കോരുവല, ഇവ ഉപയോഗിച്ച് ആയിരുന്നു മീൻപിടുത്തം.

ഗാർഹിക ആവശ്യത്തിന് മാത്രമായിട്ടായിരുന്നു മീൻപിടുത്തം നടത്തിയിരുന്നത്. വെള്ളപ്പൊക്കസമയത്ത് ആറ്റിൽ നിന്നും ധാരാളമായി മൽസ്യങ്ങൾ താഴ്ന്ന പ്രദേശങ്ങളിൽ കയറുമായിരുന്നു. ഈ സീസണിൽ മീൻപിടുത്തം ജനങ്ങൾക്ക് ഏറെ താല്പര്യവും ഉൽസാഹവുമായിരുന്നു.

കുറുവ, തൂളി, വാള, വരാൽ, മുശി, കാരി, വരാല്, ആരകൻ ഇവയായിരുന്നു മൽസ്യസമ്പത്തിൽ പ്രധാനം. കായൽ പ്രദേശങ്ങളിൽ പടർന്നു പിടിച്ച മൽസ്യ രോഗം ഇവിടെയും കാണപ്പെടുന്നുണ്ട്.

മുൻകാലങ്ങളെ അപേക്ഷിച്ച് മണിമലയാറ്റിലും തോടുകളിലും മൽസ്യങ്ങൾ വളരെ കുറഞ്ഞിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഉൾനാടൻ മൽസ്യകൃഷിക്ക് ഊന്നൽ നൽകേണ്ടത് ആവശ്യമാണ്. മൽസ്യ കൃഷിക്ക് അനുയോജ്യമായ ധാരാളം സൗകര്യങ്ങൾ പഞ്ചായത്തിലുണ്ട്.

കണ്ണംന്താനം - ചാലുങ്കൽ കൈതേൽ ചാൽ, കുന്തരിക്കൽ, ആയമറ്റം, എന്നീ സ്ഥലങ്ങളിലും കുളം നിർമ്മിച്ച് ആധുനിക രീതിയിൽ മൽസ്യ കൃഷി നടത്താവുന്നതാണ്.

ഒന്നാം വാർഡിലെ കുട്ടകടവ് പാടം സംരക്ഷിച്ച് 'മാതൃകാ മൽസ്യകൃഷി ' കൃഷിക്കാരുടെ സംയുക്ത സംരംഭമായി ആരംഭിക്കാവുന്നതാണ്.

കാർഷിക ഗ്രാമമായ ആനിക്കാട് പഞ്ചായത്തിൽ വ്യവസായ രംഗത്ത് കാര്യമായ നേട്ടങ്ങളൊന്നും കൈവരിച്ചിട്ടില്ല.

50 വർഷങ്ങൾക്കുമുമ്പ് ഗ്രാമോദ്ധാരണ സമിതിയുടെ നേതൃത്വത്തിൽ ചില സംരംഭങ്ങൾ നടന്നിരുന്നു.

ചെറുകിട കയർ വ്യവസായം, കൊപ്രാ ആട്ട് വ്യവസായം എന്നിവയായിരുന്നു നടത്തിയിരുന്നത്. കുളത്തുങ്കൽ കവലയിൽ സഹകരണ അടിസ്ഥാനത്തിൽ ആയിരുന്നു ഇവ പ്രവർത്തിച്ചിരുന്നത്. മരച്ചക്കുകളും റാട്ടുകളും പോലുള്ള പാരമ്പര്യ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നു.

ഏകദേശം 50 പേർക്ക് തൊഴിൽ നല്കി വന്ന സംഘപ്രവർത്തനത്തിൽ എൻ. ഇ. എസ്. ബ്ലോക്കും സഹകരിച്ചു. പേപ്പർ ക്രാഫ്റ്റ്, സോപ്പ് നിർമ്മാണം, ചന്ദനതിരി നിർമ്മാണം, തേനീച്ച വളർത്തൽ ഇവയ്ക്കു പരിശീലനവും സംഘത്തിന്റെ കീഴിൽ നടത്തിയിരുന്നു.

ഭരണ നിർവഹണത്തിലുണ്ടായ കാര്യക്ഷമതയില്ലായ്മയും വിപണനമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങളും കാരണം സംഘത്തിന്റെ പ്രവർത്തനം നിന്നു പോവുകയാണ് ഉണ്ടായത്.

ഈ സംരംഭത്തിനുശേഷം സഹകരണ അടിസ്ഥാനത്തിലുള്ള ശ്രമം വ്യവസായരംഗത്ത് ഉണ്ടായിട്ടില്ല.

നിലവിൽ എസ്. എസ്. ഐ. രജിസ്ട്രേഷനുള്ള 21 ചെറുകിട വ്യവസായങ്ങൾ ഉണ്ട്.

ഗാർമെന്റ്സ്	- 6	എണ്ണം
ഫർണിച്ചർ	- 4	''
ബേക്കറി	- 2	''
വെൽഡിംഗ്	- 2	''
റോളോബ്രിക്സ്	- 2	''
ഇഷ്ടിക നിർമ്മാണം	- 1	''
ഫാർമസ്യൂട്ടിക്കൽസ്	- 1	''
അലക്കു കമ്പിനി	- 1	''
തെഴുകുത്തിരി നിർമ്മാണം	- 1	''
കിണർ റിംഗ് നിർമ്മാണം	- 1	''

ഇതിൽ 9 എണ്ണം സിക്ക് യൂണിറ്റുകളാണ്.

അവലംബം:- ബ്ലോക്ക്, വ്യവസായ ആഫീസ് രേഖകൾ.

ഈ വ്യവസായങ്ങൾക്കായി 9,47,000 രൂപ മുതൽ മുടക്ക് ഉണ്ടായിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. 80 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

വ്യവസായ രജിസ്ട്രേഷനുകൾ ഇല്ലാത്ത പത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ഇവിടെ ഉണ്ട്.

ഇവ കൂടാതെ 6 ഫ്ളവർ മില്ലുകളും 2 കൊപ്രാ ആട്ടു മില്ലുകളും, 3 റൈസ് മില്ലുകളും പ്രവർത്തിക്കുന്നുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ സഹായത്തോടെ നടത്തുന്ന രണ്ടു വനിതാ സഹകരണ യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്. പാൽ ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്ന ഈ സംഘങ്ങൾ മുഖേന 15 പേർക്ക് സ്വയം തൊഴിൽ ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ചെറുകിട സംരംഭങ്ങളിലെല്ലാം കൂടി 140 ത് ആളുകൾ ജോലിചെയ്യുന്നു.

വ്യാവസായിക അടിസ്ഥാനത്തിൽ 5 കരിങ്കൽ മടകൾ നടത്തുന്നുണ്ട്. ഒരു കല്ലുമടയിൽ ക്രഷർ യൂണിറ്റും പ്രവർത്തിക്കുന്നു. ഇതുകൂടാതെ വേലിക്കല്ലു മുറിക്കുന്ന ഒരു യൂണിറ്റും ഉണ്ട്. പാറമടകളിലെല്ലാം കൂടി 74 തൊഴിലാളികൾ പണിയെടുക്കുന്നു. ഇവരിൽ 50 തൊഴിലാളികൾ തമിഴ്നാട്ടുകാരും 24 പേർ സ്വദേശികളുമാണ്. തൊഴിലാളികളിൽ 68 പേർ പുരുഷന്മാരും 6 പേർ സ്ത്രീകളുമാണ്.

ഈറ്റ ഉല്പന്നങ്ങളുടെ വ്യവസായം, പായ നെയ്ത്ത് ഇവ വീടുകളിൽ സ്വയം തൊഴിലായി സ്വീകരിച്ചവർ നിരവധി പേർ ഉണ്ടായിരുന്നു. ഇന്ന് ഈ ജോലിയിൽ നൈപുണ്യമുള്ളവരുടെ എണ്ണം കുറഞ്ഞു വരുന്നു. വ്യാവസായിക അടിസ്ഥാനത്തിലല്ലെങ്കിലും പായ നെയ്ത്ത്, പനമ്പ് - കുട്ട - മുറം നിർമ്മാണം തുടങ്ങിയ ജോലികളിൽ ഏർപ്പെടുന്ന ചുരുക്കം വനിതകളുണ്ട്. പാവപ്പെട്ട സ്ത്രീകളെ സ്വന്തം കാലിൽ നിർത്തുവാൻ ഉതകുന്ന ഒരു രംഗമാണ് ഇത്.

അടുത്ത കാലത്തായി കെട്ടിട നിർമ്മാണ രംഗത്തുണ്ടായ വർദ്ധിച്ച മണലിന്റെ ഉപയോഗം ആനിക്കാട്ടിലെ ആറ്റുമണൽ മേഖല ഒരു പ്രധാന തൊഴിൽ രംഗമായി മാറ്റിയിരിക്കുകയാണ്. കെട്ടിട നിർമ്മാണത്തിന്റെ പ്രധാന ഘടകമായ കരിങ്കല്ലും മണലും നാടിന്റെ മുഖ്യ വിഭവങ്ങളാണ്. പഞ്ചായത്തിലുള്ള 21 കടവുകളിൽ നിന്നും മണൽ വാരുന്നുണ്ട്. 304 തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നു.

പഞ്ചായത്തിൽ വ്യവസായ രംഗത്ത് നടന്ന പ്രവർത്തനങ്ങളെ നാലായി തിരിക്കാം.

1. പരമ്പരാഗത വ്യവസായങ്ങൾ
2. 50-കളിലുണ്ടായ സഹകരണ സംരംഭങ്ങൾ
3. ചെറുകിട വ്യവസായ രംഗത്ത് പുതിയ സംരംഭങ്ങൾ
4. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട സംരംഭങ്ങൾ.

പട്ടിക 6 1 1

വ്യവസായ തൊഴിലാളികളുടെ വരുമാനം

	വ്യവസായമേഖല	കൂലി ദിവസംപ്രതി	തൊഴിലാളികം
1.	പരമ്പരാഗത വ്യവസായം	15	10
2.	തടിവ്യവസായം	95	18
3.	ഗാർമെന്റ്സ്	40	40
4.	പാറ	50	74
5.	മണൽ	140	304

പ്രശ്നങ്ങം

ഈ പഞ്ചായത്തിലെ കാർഷിക ഉല്പന്നമായ റബ്ബർ അധിഷ്ഠിതമായി വ്യവസായങ്ങളൊന്നും ഇവിടെയില്ല.

നിലവിലുള്ള ഫർണിച്ചർ, ഗാർമെന്റ്സ് സ്ഥാപനങ്ങംക്ക് വിപണിയിൽ പിടിച്ചു നിൽക്കാൻ കഴിയുന്നില്ല. ഗുണമേന്മ കുറവ്, ഉൽപാദന ചെലവ് കൂടുതൽ ഇവയാണ് കാരണം. പ്രാദേശിക വിൽപ്പനയ്ക്കുള്ള സാധ്യത കുറവാണ്. ചെറിയ യൂണിറ്റുകളായതിനാൽ ആധുനിക സംവിധാനങ്ങം ഏർപ്പെടുത്തുവാൻ സാധിക്കുന്നില്ല.

മൊത്ത വ്യാപാരത്തിന്റെ നേട്ടങ്ങളൊന്നും ലഭിക്കുന്നില്ല.

ഫർണിച്ചർ ഉല്പാദനത്തിന് തടി ലഭിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നു.

ഹോളോബ്രിക്സ് നിർമ്മാണത്തിന് ആവശ്യമായ മണലും പാറയും ലഭ്യമാണെങ്കിലും വൈദ്യുതി ഒരു പ്രതിബന്ധമാണ്.

ധനസഹായം ലഭിക്കുന്നതിന് ബുദ്ധിമുട്ടും സാങ്കേതിക വൈദഗ്ധ്യത്തിന്റെയും ജ്ഞാനത്തിന്റെയും അഭാവം .

പരമ്പരാഗത ഈറ്റ വ്യവസായത്തിന് അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും ശേഖരണ ബുദ്ധിമുട്ടുണ്ട്. വിപണനവും വിലയും അനിശ്ചിതമാണ്.

വ്യവസായ രംഗത്ത് സാങ്കേതിക പരിശീലനം സിദ്ധിച്ചവരുടെ സേവനം പ്രയോജനപ്പെടുന്നില്ല.

സാധ്യതകം

1. ഫർണിച്ചർ, ഗാർമെന്റ്സ് ഉല്പാദന രംഗത്ത് പഞ്ചായത്തു തലത്തിൽ ഒരു 'മതർ' യൂണിറ്റ് ആരംഭിക്കണം. നിലവിലുള്ള യൂണിറ്റുകം 'മതർ' യൂണിറ്റിന്റെ ശൃംഖലകളായി പ്രവർത്തിപ്പിക്കുക. ഉല്പാദന വസ്തുക്കളുടെ സംഭരണവും വിപണനവും ഇതിലൂടെ നിർവ്വഹിക്കുക.
2. കാർപ്പന്ററി യൂണിറ്റുകം യന്ത്രവൽക്കരിക്കുക.
3. ഒരു 'മിനി വ്യവസായ എസ്റ്റേറ്റ്' പഞ്ചായത്തിൽ ആരംഭിക്കുക.
4. റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങം സ്ഥാപിച്ച് റബ്ബർ അധിഷ്ഠിത ഉല്പന്നങ്ങം (ബലൂൺ, റബ്ബർ ബാൻ ഡ്, ചെരുപ്പു വളളി) നിർമ്മിക്കുക.

പരമ്പരാഗത വ്യവസായം

പരമ്പരാഗത തൊഴിലാളികളെ കേന്ദ്രീകരിച്ച് സഹകരണ അടിസ്ഥാനത്തിൽ ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുവാൻ സാധിക്കും.

അസംസ്കൃത സാധനങ്ങളുടെ ശേഖരണം, വിപണനം, തൊഴിൽ പരിശീലനം, പ്രദർശനം ഇവ കേന്ദ്രീകൃതമായി നടത്തണം. ഉല്പാദനം ഭവനങ്ങളിൽ നടത്താവുന്നതാണ്.

വനിത സഹകരണ സംഘം രൂപീകരിച്ച് തൊഴിൽ സാധ്യതകം വർദ്ധിപ്പിക്കണം.

പാൽ സംസ്കരണവും പാൽ ഉല്പന്നങ്ങളുടെയും ഒരു വ്യവസായത്തിന് സാധ്യത ഉണ്ട്.

നിലവിലുള്ള ഡയറി വനിതാ യൂണിറ്റുകം വികസിപ്പിച്ച് ഇതിന് നേതൃത്വം കൊടുക്കാവുന്നതാണ്.

വ്യവസായിക - കാർഷിക - വായ്പാ സംഘങ്ങളുടെയും ബാങ്കുകളുടെയും സേവനങ്ങം പഞ്ചായത്തിനു ലഭ്യമാക്കണം.

ഒരു മാംസ - സംസ്കരണ ശാലയ്ക്കും സാധ്യത ഉണ്ട്.

ഗതാഗത രംഗത്തെ വികസനം ഗ്രാമീണ റോഡുകളുടെ ആവിർഭാവത്തോടു കൂടിയായിരുന്നു. ജനങ്ങളുടെ സംഘബോധവും സാമ്പത്തിക സഹായവും ഒത്തു ചേർന്നാണ് ആദ്യ കാലങ്ങളിൽ റോഡ് വെട്ടിയിരുന്നത്. 1949-ൽ നിലവിൽ വന്ന ഗ്രാമോദ്ധാരണ സമിതിയാണ് പഞ്ചായത്തിൽ ഇന്ന് നിലവിലുള്ളതിൽ 33 റോഡുകളും നിർമ്മിച്ചത്. മാനവശേഷിയും സമ്പത്തും സമാഹരിച്ചാണ് സമിതി റോഡുവെട്ടു നടത്തിയത്. അക്കാലങ്ങളിൽ ചരക്ക് ഗതാഗതത്തിനു കാളവണ്ടിയും യാത്രയ്ക്കു വില്ലുവണ്ടികളുമായിരുന്നു ആശ്രയം.

1953-ൽ പഞ്ചായത്ത് രൂപീകൃതമായപ്പോഴും ഡിസ്ട്രിക്ട് റോഡുകളും (P.W.D)ഒന്നും ഉണ്ടായിരുന്നില്ല. പഞ്ചായത്തിലെ ആദ്യത്തെ ഡിസ്ട്രിക്ട് റോഡ് 1954 -ലെ നെടുങ്കുന്നം - കാവനാൽ കടവ് റോഡാണ്. ആകെ 116.28 കി. മി റോഡുകളാണ് ഇപ്പോഴും പഞ്ചായത്തിലുള്ളത്.10 കി. മി പഞ്ചായത്ത് റോഡ് മാത്രമേ ടാർ ചെയ്തിട്ടുള്ളു. 8 കി. മി മെറ്റൽ റോഡാണ്. 76.28 കി. മി പഞ്ചായത്ത് വക മൺറോഡുകളും 22 കി. മി.P.W.D റോഡുകളുമാണ്.

ഒരു ച: കി. മി -ന് ശരാശരി 6.09 കി. മി റോഡുകളുണ്ട്. ആകെ ടാർ റോഡുകളും 32 കി. മി മാത്രം. പഞ്ചായത്തിൽ ആകെ 84 കി. മി. മൺറോഡുകളും ഉണ്ട്. ഒരു ച.കി. മി വിസ്തീർണ്ണത്തിന് 1.68 കി.മീ റോഡുകളെ ടാർ ചെയ്തിട്ടുള്ളു.

ബസ് സർവ്വീസ് ആദ്യമായി ആരംഭിച്ചത് 1962 -ൽ ആണ്. കച്ചവട കേന്ദ്രമായ ചങ്ങനാശ്ശേരിയുമായി ബന്ധിപ്പിക്കുന്നതായിരുന്നു ആദ്യത്തെ സർവ്വീസ്. ഒരു സർക്കാർ ബസും പത്തു സ്വകാര്യബസുകളും ഇപ്പോഴും ഇവിടെ നിന്നും സർവ്വീസ് നടത്തുന്നു. ഓട്ടോ റിക്ഷ - ടാക്സി സ്റ്റാൻഡുകളും നിലവിലില്ല ; എന്നുവരികിലും നൂറോമ്മാവിലും പിടന്നപ്ലാവിലും വാഹനങ്ങൾ പാർക്കു ചെയ്തു ടാക്സി ഓടുന്നുണ്ട്.പഞ്ചായത്തിൽ ബസ് സ്റ്റാൻഡില്ല. നാല് വെയിറ്റിംഗ് ഷെഡുകളുണ്ട്.

റെയിൽ ഗതാഗതം ഇല്ലാത്ത പ്രദേശമാണ്. ഇവിടെയുള്ള ധാരാളം ആളുകൾ യാത്രയ്ക്ക് ട്രെയിനിന് ആശ്രയിക്കുന്നുണ്ട്. 30 കി. മീ ദൂരം യാത്ര ചെയ്താലെ അടുത്ത റെയിൽവേ സ്റ്റേഷനിലെത്താൻ സാധിക്കൂ.

കാവനാൽ കടവ് - തേലപ്പുഴ-ചെങ്ങളശ്ശേരിക്കടവ് - ചന്തക്കടവ് എന്നിവിടങ്ങളിൽ കടത്തുവള്ളങ്ങൾ ഉണ്ട്.

റോഡു ശൃംഖല സാമാന്യം ഭേദപ്പെട്ടതാണെങ്കിലും ഇവയുടെ നില ശോചനീയമാണ്. ഓടകൾ ഇല്ലാത്തതാണ് പ്രധാന പ്രശ്നം. കലിങ്കുകളുടെ അഭാവവും റോഡുകൾക്ക് ദോഷം ചെയ്യുന്നു.

റോഡു നിർമ്മാണത്തിനും പുന:രുദ്ധാരണത്തിനുമായി 95-96 വർഷത്തിൽ 3,68;777രൂപ ഗ്രാമ പഞ്ചായത്ത് ചിലവാക്കിട്ടുണ്ട്. ഇത് ആകെ വരുമാനത്തിന്റെ 28.6 ശതമാനമാണ്. ആകെ ചെലവിന്റെ 43.9 ശതമാനവും.

പ്രശ്നങ്ങൾ.

റോഡു നിർമ്മാണം

ടാർ റോഡിന്റെ പുനർനിർമ്മാണം നിലവാരം പുലർത്തുന്നില്ല. പുനർനിർമ്മാണം നടത്തിയ റോഡുകളും താമസമെന്യേ നശിക്കുന്നു. ഓടകളില്ലാത്തത് വീതിക്കുറവ് റിട്ടെയിനിംഗ് വാളിന്റെ അഭാവം ഇവ പ്രശ്നങ്ങളാണ്.

പി. ഡബ്ല്യു. ഡി റോഡുകളും പൊതുവേ പഞ്ചായത്തിൽ കുറവാണ്. I,IV.Vവാർഡുകളിൽ P.W.D റോഡുകളും ഇല്ല.

ഭൂപ്രകൃതി അനുസരിച്ച് റോഡു കളും കിഴക്കു പടിഞ്ഞാറായി കിടക്കുന്നു. പഞ്ചായത്തിലെ പടിഞ്ഞാറു ഭാഗത്തു നിന്നും പഞ്ചായത്തു കേന്ദ്രവുമായി

6. 2 പട്ടിക 1.

No	റോഡ്	ഉടമസ്ഥത	ദൂരം	വീതി	ബസ്	റോഡിന്റെ പ്രകൃതി
1.	നെടുങ്കുന്നം കാവനാൽക്കടവ്	P.W.D	4 കി.മി	8 മീ	3	ടാർ
2.	നെടുങ്കുന്നം ആട്ടക്കുളം	''	4 ''	''	2	''
3.	ആട്ടക്കുളം തേലപ്പുഴ	''	6 ''	''	5	''
4.	കുരുന്നംവേലി കുളത്തൂർമൂഴി	''	2 ''	''	2	''
5.	ചേലക്കൊമ്പ് കാവനാൽകടവ്	''	3 ''	''	2	''
6.	ചേലക്കൊമ്പ് മല്ലപ്പള്ളി	''	4 ''	''	2	''
7.	തേലമൺ പുല്ലുകുത്തി	''	3 ''	''	2	''

ബന്ധപ്പെടുവാൻ ഗതാഗത ബുദ്ധിമുട്ടുണ്ട്.

മൺറോഡുകളുടെ മെറ്റൽ വിരിച്ച റോഡുകളുടെയും ശോചനീയാവസ്ഥയെക്കുറിച്ചും - അറ്റകുറ്റപണി നടത്തുക, ടാർ ചെയ്യുക, ഡി. ആർ. കെട്ടുക, കലുങ്കുകൾ പണിയുക എന്നീ ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിരവധി പ്രശ്നങ്ങളും നിർദ്ദേശങ്ങളുമുണ്ട്.റോഡുകളെകുറിച്ചുള്ള വിശദമായ വിവരം ഇതിനോടൊപ്പമുള്ള ചാർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

VIII - ാം വാർഡിലെ മുതുപുരയിടം, കല്ലോലി, മുക്കടമൺ, III -ാം വാർഡിലെ മുറിഞ്ഞകല്ല്, I-ാം വാർഡിലെ കല്ലുകുന്നിന്റെ കിഴക്കെ ചരിവ്, മുഞ്ഞനാട്ടുപടി IV-ാം വാർഡിലെ മലമ്പാറ, മാന്താറ്റുപാറ, എന്നീ ഭാഗങ്ങളിൽ റോഡ് സൗകര്യങ്ങളില്ല ഗ്രാമറിപ്പോർട്ടുകളിൽ കാണുന്നു.

1-ാം വാർഡിലെ വെള്ളക്കടവിൽ കടത്ത് ഇല്ലാത്തത് കോട്ടാങ്ങൽ പഞ്ചായത്തുമായി ബന്ധപ്പെടുവാൻ ബുദ്ധിമുട്ടു സൃഷ്ടി ക്കുന്നു. കടത്ത് വള്ളം സർവ്വീസ് തൃപ്തികരമല്ല.

തേലമൺ - പുല്ലുകുത്തി റോഡ് തേലപ്പുഴ - ചന്തക്കടവ് റോഡ് എന്നീ റോഡുകളുടെ ആറ്റുമട്ട ഭാഗം ഇടിയുന്നു.

കറുകച്ചാൽ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന കൊച്ചുപറമ്പു പാലം തകർന്നിരിക്കുന്നു.

ആറാം വാർഡിലെ ആറ്റുതീരത്തുള്ള റോഡുകൾ ഇതരറോഡുകളെ അപേക്ഷിച്ച് താറുമാറായി കിടക്കുന്നു.

കാവനാൽ കടവിൽ നിന്നും മണൽ വാഹനങ്ങളുടെ നിരന്തര സഞ്ചാരം കാരണം പുല്ലുകുത്തി - തേലമൺ, കാവനാൽ കടവ് - നെടുങ്കുന്നം എന്നീ റോഡുകൾ പാടേ തകരുകയാണ്.


പിടന്നപ്ലാവിലെ കലുങ്കിനും റോഡിനും ഉയരം കുറവായ തിനാൽ വെള്ളപ്പൊക്ക സമയത്ത് ആറ്റുവെള്ളം കയറുന്നു.

ആനിക്കാട് പഞ്ചായത്തിന്റെ വടക്കുഭാഗവും കോട്ടയം ജില്ലയിലെ വെള്ളാവൂർ നെടുങ്കുന്നം പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന ചക്കണം പൊയ്ക-മുളയംവേലി റോഡിന്റെ കണ്ണംന്താനം പടിക്കൽ കലുങ്ക് തീരാത്തത് കൊണ്ട് ഈ ഭാഗങ്ങൾ തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടിരിക്കുന്നു.


പഞ്ചായത്തിലെ എല്ലാ പട്ടിക ജാതി കോളനി റോഡും രാജീവ് ദശലക്ഷം പദ്ധതികോളനി റോഡും താറുമാറായി കിടക്കുന്നു.

നിർദ്ദേശങ്ങൾ

1. P.W.D റോഡുകൾ ഉൾപ്പെടെ എല്ലാ ടാർ റോഡുകളും, ഓടകളും റീട്ടെയിനിംഗ് വാളുകളും വെള്ളം കെട്ടിനില്ക്കുന്ന സ്ഥലങ്ങളിൽ കലുങ്കും നിർമ്മിച്ച് റോഡിനെ സംരക്ഷിക്കണം.
2. P.W.D ഏറ്റെടുക്കാൻ നടപടിസ്വീകരിച്ചിട്ടുള്ള കണ്ണംപ്ലാവ് - കുളത്തൂർമൂഴി റോഡിന്റെ പണി ആരംഭിക്കണം.
3. കൊച്ചുപറമ്പ് - മല്ലപ്പള്ളി ആശുപത്രി - തവളപ്പാറ - കുന്നിരിക്കൽ - കര്യന്താനാ - റോഡ് P.W.D ഏറ്റെടുത്താൽ ഈ ഭാഗത്തെ ഗതാഗത പ്രശ്നത്തിന് വലിയ ഒരു പരിഹാരമാവും.
4. ചക്കണം പൊയ്ക - മുളയം വേലി റോഡ് രണ്ടു ജില്ലകളിലുള്ള പഞ്ചായത്തുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. മുറ്റത്തുമാവ് - അട്ടക്കുളം റോഡ് വീതിയുള്ള റോഡാണ്. ഈ രണ്ട് റോഡുകളും P.W.D ഏറ്റെടുക്കേണ്ടതാണ്.
5. ആനിക്കാടിന്റെ പടിഞ്ഞാറൻ മേഖലയെ പഞ്ചായത്ത് ആസ്ഥാനമായ നൂറോനമാവുമായി ബന്ധിപ്പിക്കുന്ന മാരിക്കൽ -കുന്നിരിക്കൽ റോഡ്, കുന്നിരിക്കൽ -ഹനുമാൻ കുന്നു റോഡ്, ഹനുമാൻ കുന്ന് - വെള്ളൂരിങ്ങാട്ട് റോഡ് ചൂഴികുന്നേൽ - പഞ്ചായത്ത് ആഫീസ് റോഡ് ഇവ നന്നാക്കിയാൽ യാത്രാക്ലേശത്തിൽ നിന്നും മോചനം ലഭിക്കും.
6. ഇടുങ്ങിയ മൺറോഡുകൾ വീതികൂട്ടി ഇരുവശങ്ങളിലും ഓട തീർക്കണം.
7. കുത്തിറക്കം ഉള്ള ഭാഗങ്ങളിൽ മണ്ണ് വെട്ടിമാറ്റി ഇറക്കം കുറച്ച് ടാർ ചെയ്തു റോഡ് സംരക്ഷിക്കണം.
8. റോഡു സൗകര്യമില്ലാത്ത ഭാഗങ്ങളിൽ ജനങ്ങളുടെ സഹകരണത്തോടെ റോഡുകൾ വെട്ടുവാൻ പഞ്ചായത്തു മുൻകൈ എടുക്കാവുന്നതാണ്.
9. വെള്ളക്കടവിൽ ഒരു കടത്തു വള്ളം ഏർപ്പെടുത്തണം. കാവനാൽ കടവിൽ നിലവിലുള്ള കടത്തു വള്ള സർവ്വീസ് മുഴുവൻ സമയവും പ്രവർത്തിക്കണം.
10. പുല്ലുകുത്തി - തേലമൺ റോഡിൽ ആറ്റുമട്ട ഇടിയുന്ന ഒല്ലൂർപടി മുതൽ 200 മീറ്റർ റീട്ടെയിനിംഗ് വോൾ കെട്ടി സംരക്ഷിക്കേണ്ടതാണ്. തേലപ്പുഴ - ചന്തക്കടവ് റോഡിന്റെ ആറ്റുമട്ട കെട്ടണം.
11. മണൽ വാഹനങ്ങളുടെ നിരന്തര ഓട്ടം മൂലം ശോചനീയമാവുന്ന റോഡുകൾ വർഷത്തിൽ രണ്ടു പ്രാവശ്യം അറ്റകുറ്റ പണികൾ നടത്തണം.
12. വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന റോഡുകളും കലുങ്കുകളും ഉയർത്തിപണിയുക. പിടന്നപ്ലാവു കലുങ്കും ചേർന്നുള്ള റോഡും ഉയർത്തേണ്ടതാണ്.
13. അട്ടക്കുളം വലിയതോടിന്റെ പാലം വടക്കേ മുറി പാലം ഇവ പുതുക്കി പണിയണം.
14. ചക്കണം പൊയ്ക- മുളയംവേലി റോഡ് വീതികൂട്ടിവെട്ടുകയും 6 ചെറുകലുങ്കുകൾ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുകയും ചെയ്യണം.
15. ആനിക്കാട് - നെടുങ്കുന്നം പഞ്ചായത്തുകൾ സംയുക്തമായി കണ്ണംന്താനം പടിക്കലുള്ള കലുങ്ക് നിർമ്മിക്കുക
16. എല്ലാ പട്ടികജാതി കോളനി റോഡുകളും രാജീവ് ദശലക്ഷം കോളനി റോഡും വിവിധ വികസനക്ഷേമ പദ്ധതിയിലുൾപ്പെടുത്തി ടാർ ചെയ്യാവുന്നതാണ്.
17. സ്കൂൾ- കോളജ് വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടത്തക്ക രീതിയിൽ രാവിലെയും വൈകുന്നേരവും K.S.R.T.C ബസുകൾ ആനിക്കാട് പഞ്ചായത്തിലേക്കനുവദിക്കുക.മുമ്പ് സർവ്വീസ് നടത്തിയിരുന്ന എല്ലാ സർക്കാർ ബസുകളും പുനഃരാരംഭിക്കുക.
18. തിരുവനന്തപുരം - പുന്നവേലി,മരിക്കൽ വഴിയുള്ള കോട്ടയം മല്ലപ്പള്ളി സർവ്വീസുകൾ പുനരാരംഭിക്കണം. ജില്ലാ കേന്ദ്രമായ പത്തനംതിട്ട വഴി കിഴക്കൻ പ്രദേശത്തു നിന്നും തിരുവനന്തപുരത്തിന് ഒരു ദീർഘദൂര സർവ്വീസ് ആരംഭിക്കണം.
19. ഗതാഗത പ്രതിസന്ധി പ്രതിബന്ധം സൃഷ്ടിക്കുന്ന ഇലക്ട്രിക്, ടെലഫോൺ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
20. പ്രധാന ബസ്സ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.
21. ഗതാഗതത്തെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തു റോഡുകളെ തരം തിരിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി നടത്തേണ്ടതാണ്.
22. ശബരിമലയിലേക്കുള്ള ഗതാഗത തിരക്ക് ദൂരീകരിക്കുന്നതിനും ദൈർഘ്യം കുറക്കുന്നതിനും ഉതകുന്ന നെടുങ്കുന്നം പുന്നവേലി കുളത്തൂർമൂഴി വഴി റാന്നി, വടശ്ശേരിക്കര എന്നിവിടങ്ങളിലേക്ക് ബസ് സർവ്വീസുകൾ ആരംഭിക്കത്തക്കവണ്ണം പ്രസ്തുത റോഡ് നന്നാക്കണം.
23. P.W.D വാഴൂർ ഡിവിഷനിലുള്ള
    നെങ്കുന്നം - അട്ടക്കുളം
    അട്ടക്കുളം - വായ്പൂർ
    പുന്നവേലി - കുളത്തൂർ മൂഴി റോഡുകൾ മല്ലപ്പള്ളി സബ് - ഡിവിഷനിൽ ആക്കിയാൽ ഈ റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുവാൻ സഹായകമായിരിക്കും.
24. ആനിക്കാട് പഞ്ചായത്തു മല്ലപ്പള്ളി പഞ്ചായത്തിലെ മുരണി ഭാഗവുമായി ബന്ധിപ്പിക്കുന്ന കാവനാൽ കടവിൽ ഒരു പാലം നിർമ്മിക്കണം.



പ്രധാന റോഡുകൾ



അനുബന്ധം 1

നിലവിലുള്ള പഞ്ചായത്ത് റോഡുകളും (കോഡിന്റെ ആദ്യത്തെ രണ്ടക്കം വാർഡിന്റെയുംതുടർന്നുള്ള രണ്ടക്കങ്ങളും റോഡ് മുൻ ഗണനയെയും സൂചിപ്പിക്കുന്നു)

വാർഡ്	കോഡ്	റോഡിന്റെ പേര്	ദൂരം കി. മി.	വീതി മി.	മെറ്റൽ		ഓട		കലുങ്ക്		സ്ട്രീറ്റ് ലൈറ്റ് പണി	ടാറിടേണ്ടത്	ശ്രമദാനം വർഷത്തിൽ		
					ചെയ്തത്	ചെയ്യാത്തത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്			സംഭാവന രൂ.	ശ്രമദാനം ദിവസം	ആകെ
			1	2	3	4	5	6	7	8	9	10	11	12	13
I.	0101	മുറ്റത്തുമാവ് - ചക്കാട്ടു പടി	1.650	4.00		x	x		x		x				
	0102	പാട്ടപ്പുരയിടം ചക്കാട്ടുപടി	0.950	4.00	x			x		x					
	0103	മുറ്റത്തുമാവ് പുളിക്കാമല	1.950	4.00	x			x							
	0104	പുളിക്കാമലതടം - പുറത്തേപ്പറമ്പു പടി	0.900	5.50		x		x		x		x			
	0105	തേക്കട - വെള്ളക്കടവ്	1.000	4.00		x		x		x	x	x			
	0106	പ്രമാടിക്കുഴി - മന്നത്തു കടവ്	1.500	4.00		x		x		x		x			
	0107	നെടുങ്കല്ലിൽ പടി - മുക്കാട്ടു പടി	0.850	3.50		x		x		x		x			
	0108	പുളിക്കാമല - ഒമണ്ണിപ്പടി	0.850	4.50		x		x		x					
	0109	കണ്ണംപ്ലാവ് - മന്നത്തു പടി	0.800	5.00		x	x								
II	0201	ഹനുമാൻകുന്ന് - ചങ്ങളശ്ശേരി	1.200	4.00		x		x							
	0202	ഹനുമാൻകുന്ന് വെള്ളരിങ്ങാട്ടു പടി	1.500	3.80		x		x							
	0203	കൊച്ചുവടക്കേൽ പടി - തൊട്ടിപ്പടി	0.800	4.00		x		x							
	0204	കുന്നേൽ പടി - മന്നത്തു പടി	0.700	4.00		x		x							
	0205	വെള്ളരിങ്ങാട്ടു - പാനാംകുഴി	0.450	4.00		x		x							
	0206	കുന്തിരിക്കൽ പടി - കുന്നേൽപടി	1.000	4.50		x		x							
	0207	ഹനുമാൻകുന്ന് - ചാരംകുഴി	2.500	4.00		x		x		x					
	0208	ബാങ്കുപടി - ചുഴിക്കുന്നേൽ പടി	0.600	4.00	x	x	x	x				x			
	0209	ചേലക്കാവ് - ചുഴിക്കുന്നേൽ പടി	0.400	4.00		x		x				x			
	0210	തെക്കേടത്ത് - ചില്ലായി	0.250	3.50		x		x							
	0211	പുല്ലുകുത്തി - ചുഴികുന്നേൽ പടി	0.400	4.00		x		x		x					
	0212	മാക്ക പടി - കുന്തല്ലൂർ കുന്ന്				x		x				x			
III	0301	മച്ചിയാനി - കുട്ടുങ്കൽ പടി	1.250	4.00		x		x		x		x			
	0302	പഞ്ചായത്തു പടി - വാണിപ്ലാക്കൽ പടി	1.900	4.00		x		x		x		x			
	0303	വെങ്ങളത്തുകുന്നു കോളനി	0.400	3.00		x		x							
	0304	കാരിക്കാമല കോളനി	0.800	4.00		x		x		x		x			
	0305	വെങ്ങളം - നീലംപാറ	0.500	8.00		x		x		x					
	0306	നൂറോമ്മാവ് - കുട്ടുങ്കൽ പടി	1.00	4.00		x		x		x		x			
	0307	ചക്കണംപൊയ്ക - ഉമ്മപ്പുഴ	0.950	6.00		x		x							
IV	0401	ചാരംകുഴി - തവളപ്പാറ	1.925	4.00		x		x				x			
	0402	കരിയംമനാൽ - കൊച്ചുപറമ്പ്	2.000	5.00		x		x				x			
	0403	PRDS - കരിയംമനാൽ	1.700	3.50		x		x							
	0404	ഈട്ടിക്കൽ - പെരുമ്പട്ടിമൺ	1.200	5.00		x		x							
	0405	ഈട്ടിക്കൽ - കോതപ്ലാക്കൽ	1.500	5.00		x		x							

വാർഡ്	കോഡ്	റോഡിന്റെ പേര്	1	2	3	4	5	6	7	8	9	10	11	12	13
	0405	ഇടമുറിക്കൽ - മുറിഞ്ഞകൽ	0.750	3.50		x		x							
	0406	മുക്കൂർ - കരിയംമനാൽ	1.000	4.00		x		x							
	0407	പാപ്പാറ്റു പടി - മൂലേ കോളനി	0.650			x		x		x		x			
	0409	വെള്ളിയാകുളം - St.Mary's H.School പടി	0.850	4.00		x		x		x					
	0410	BSS ചിറ റോഡ്	0.150	6.00		x		x							
V	0501	മാരിക്കൽ - ഞൂഴിമുറി - മഞ്ഞത്താനം C.S.I. ചർച്ചു പടി	1.400	4.00		x		x				x			
	0502	മാരിക്കൽ കുരുന്നു പുഴ	1.500	5.00		ടാർ						x			
	0503	മഞ്ഞത്താനം - കമുങ്ങോടി	1.600	4.00		x		x				x			
	0504	മാരിക്കൽ - കുന്നേൽ പടി	0.450	4.00		x		x		x		x			
	0505	കവുങ്ങോടി - വാളുവേലി ലക്ഷം വീട് കോളനി	1.500	6.00		x				x					
	0506	മഞ്ഞത്താനം - വാലേൽ പടി	0.500	3.50		x		x				x			
	0507	മാരിക്കൽ - പൊന്നിരിക്കും പാറ	0.800	3.50		x		x				x			
	0508	കരിമ്പോലി - പുള്ളോലി	1.000	4.00		x		x							
	0519	മഞ്ഞത്താനം - കൊല്ലറ പടി	0.125	4.00		x		x				x			
	0510	നല്ലൂപ്പടവ് - നടയ്ക്കേ പടി	0.800	4.00		x		x				x			
	0511	പാലത്തുങ്കൽ - ചവുണിക്കാമണ്ണിൽ	1.250	4.00		x		x				x			
	0512	കവുങ്ങോടി - നല്ലൂപ്പടവ്	2.000	8.00		x		x							
	0513	മലേ പടി - കൊച്ചിക്കുഴി				x		x				x			
	0514	കാവുങ്കൽ കവല - മഞ്ഞത്താനം കോളനി				x		x		x		x			
	0515	നല്ലൂർപ്പടവ് പ്ലാക്കൽ കോളനി				x		x				x			
VI	0601	വടക്കേമുറി - മണ്ണാർപ്പുഴ	1.200	6.00		x		x							
	0602	അടിപുഴ - തച്ചാക്കൽ	0.800	5.00		x		x							
	0603	കൊച്ചാൽ - പുള്ളോലി	0.800	3.00		x		x		x					
	0604	ആറാട്ടുകടവ് - ക്ഷേത്രനട - ചെട്ടിമുക്ക് - കുന്നമംഗലം	0.650	5.00		x		x							
	0605	കുരുന്നവേലി - മുട്ടംതുമ്പിക്കടവ്	0.800	3.50		x		x							
	0606	കൊച്ചാൽ ചന്തക്കടവ്	1.800	6.00		x		x							
	0607	വടക്കേമുറി - മണ്ണുപുരയിടം - ക്ഷേത്രനട - മണ്ണാർപുഴ	0.900	4.00		x	x								
	0608	മാളിയേക്കൽ - വരിക്കനിലം	0.800	4.00		x		x							
	0609	പ്ലാക്കൽ പടി - പന്നിമല	0.950	4.00		x		x							
	0610	കൈമോടയിൽപടി - തച്ചാക്കൽ	0.950	4.00		x		x				x			
	0611	മണ്ണാർപുഴ ചന്തക്കടവ്	1.200	4.00		x		x				x			
	0612	ചക്കാലക്കുന്ന് - പ്രയാർ	0.500	6.00		x		x							
	0613	മണ്ണാർപുഴ - ചെട്ടിമുക്ക്	0.600	4.00		ടാർ		x				x			
	0614	മൈലാടും പാറ - ചെട്ടിമുക്ക്	0.900	4.00		x									

വാർഡ്	കോഡ്	റോഡിന്റെ പേര്													
			1	2	3	4	5	6	7	8	9	10	11	12	13
VII	0701	പുന്നവേലി CMS.H.S - ആറ്റുകുഴി - സ്റ്റോർമുക്ക്	1.000	3.50		x		x				x			
	0702	കാഞ്ഞിരത്തുങ്കൽ - പുളിച്ചിമാവ്	0.900	6.00		x		x							
	0703	ചിൽഡ്രൻസ് പാർക്ക് - കുകൊട്ടിയാക്കുന്ന്	0.850	3.50		x		x							
	0704	ഇരട്ടക്കുളം പുളിച്ചിമാവ്	1.200	5.00		x		x							
	0705	അട്ടക്കുളം പുത്തൻ പുരയ്ക്കൽ	0.550	4.00		x		x		x		x			
	0706	CMS.H.S- ഒറ്റകൈതയിൽ	0.700	3.50		x		x	x		x	x			
	0707	CMS.H.S - പുത്തൻപുരയ്ക്കൽ	1.00	4.50		x		x			x	x			
	0708	CMS.H.S - പാണക്കുഴി	0.900	4.00		x		x							
	0709	ഇരട്ടകുളം - കുറ്റിത്തുലവ്	0.500	5.00		x		x							
	0710	അട്ടക്കുളം - ചക്കാട്ടുപടി - പാടുപുരയിടം	1.000	4.00			x								
VIII	0801	ചക്കണംപൊയ്ക - മുളയംവേലി	2.00	5.00		x		x	x	x	x	x			
	0802	നൂറോമ്മാവ് - നൂറനാട്ടുകുന്ന്	0.500	4.00		x		x	x			x			
	0803	ചക്കണംപൊയ്ക - കല്ലോലി	1.000	5.00		x		x	x	x		x			
	0804	മൈലോലി - പുലിയുറുമ്പ്	1.400	6.00		x		x				x			
	0805	കുളത്തുങ്കൽ കവല - ആറ്റുകുഴി	1.700	3.50		x		x	x						
	0806	ഈട്ടിക്കൽ - പാണക്കുഴി	0.900	3.50		x		x				x			
	0807	നൂറോമ്മാവ് മാർക്കറ്റ് - പുലിയുറുമ്പ്	0.600	3.50		x		x	x	x					
	0808	ഹെൽത്തുസെന്റർ - പൂവത്തും മുട്	0.800	3.50		x		x		x					

അവലംബം : ഗ്രാമസഭാ റിപ്പോർട്ടുകളും വാർഡു മെമ്പർമാർ എന്നിവയിൽ നിന്നും തയ്യാറാക്കിയത്

പട്ടിക 1

ലൈനും തെരുവ് വിളക്കുകാലും വിവരം

വാർഡ്	സിങ്കിംഫേസ് ലൈൻ	ത്രീഫേസ് ലൈൻ	തെരുവു വിളക്കുകാലും	
			ബാംബ്	ട്യൂബ്
I	2.50 കി	1 കി. മി	30	2
II	2 കി.മി	1.50 കി. മി	45	3
III	12 കി.മി	3 കി. മി	14	1
IV	3 കി.മി	1 കി. മി	32	2
V	3 കി.മി	2 കി. മി	45	-
VI	13 കി.മി	2 കി. മി	30	1
VII	16 കി.മി	5 കി. മി	58	10
VIII	3.50 കി.മി	2.50 കി. മി	26	3

അവലംബം : സെക്കൻഡറി ഡേറ്റാ, പഞ്ചായത്ത് ഓഫീസ് രേഖകാലും, വൈദ്യുതി ഓഫീസ് രേഖകാലും

പട്ടിക 2

ട്രാൻസ് ഫോർമർ വിവരണം

നമ്പർ	കപ്പാസിറ്റി	പേര്
1	100 KVA	കുരുന്നംവേലി
2	100 KVA	പുന്നവേലി
3	63 KVA	പാട്ടപ്പുരയിടം
4	100 KVA	പുളിക്കാമല
5	150 KVA	പുല്ലുകുത്തി
6	100 KVA	നൂറോമ്മാവ്
7	100 KVA	നീലമ്പാറ
8	100 KVA	പാതിക്കാട്
9	150 KVA	തവളപ്പാറ

4. 2. ഉൽപ്പാദനം

പഞ്ചായത്തിൽ 1954 -ൽ ആണ് ആദ്യമായി വൈദ്യുതി എത്തിച്ചത്. പുല്ലുകുത്തി വരെ ആദ്യം വലിച്ച ലൈൻ 1957-ൽ പുന്നവേലി ഭാഗത്തേക്കും കൂടി നീട്ടുകയുണ്ടായി. സമീപ പഞ്ചായത്തുകളിൽ വൈദ്യുതി എത്തുന്നതിനു മുമ്പു തന്നെ ഇവിടെ വൈദ്യുതി വിളക്കുകാലും തെളിഞ്ഞതു അഭിമാനകരമായ നേട്ടമായിരുന്നു.

42 - വർഷങ്ങാലുക്കു മുമ്പു വൈദ്യുതി എത്തിയെങ്കിലും പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും ഇലക്ട്രിസിറ്റി എത്തിയിട്ടില്ല. 47% വീടുകാലും വൈദ്യുതീകരിച്ചതാണ്. 1424 - വീടുകാലും വൈദ്യുതീകരിച്ചതും 1574 വീടുകാലും വൈദ്യുതീകരിക്കാത്തതുമാണ്. ഗാർഹികേതര വൈദ്യുതി കണക്ഷനുകളുടെ എണ്ണം 132 ആണ്.

നാമമാത്രമായിട്ടെങ്കിലും വൈദ്യുതീകരിച്ചിട്ടുള്ള പട്ടികജാതി കോളനികളിൽ രണ്ട് എണ്ണം മാത്രമേ ഉള്ളൂ. നാല്, ലക്ഷം വീട് കോളനികളിൽ രണ്ടിടത്ത് വൈദ്യുതി കണക്ഷൻ ഉണ്ട്. 60 ലക്ഷം വീട് കോളനി ഭവനങ്ങളിൽ 9 വീടുകാലുകാലേ വൈദ്യുതി കണക്ഷൻ ഉള്ളൂ. ചെത്തിപ്പുഴ 66KV സബ്സ്റ്റേഷൻ , തിരുവല്ല മീന്തലക്കര 66KV സബ്സ്റ്റേഷൻ , എന്നിവിടങ്ങളിൽ നിന്നുമാണ് വൈദ്യുതി ലൈൻ ഇവിടെ എത്തുന്നത്. പള്ളം - മൂഴിയാർ 220KV ലൈൻ പഞ്ചായത്തിലെ 3,8,7 വാർഡുകളിലെ 6 കി. മി. ഭാഗത്തുകൂടി കടന്നു പോകുന്നു. വൈദ്യുതി ഉപഭോഗത്തിന്റെ 97% വും ഗാർഹികമാണ്. 3% വ്യവസാ യ - വ്യാപാര ആവശ്യത്തിന് ഉപയോഗിക്കുന്നു. 80% ഭവനങ്ങളിലും പാചകത്തിന് വിറക് ഇന്ധനമായി ഉപയോഗിക്കുന്നു. 5% മണ്ണെണ്ണയും 15% പ്രകൃതി വാതകവുമാണ് ഉപയോഗിക്കുന്നത്.മുൻകാലങ്ങളിൽ ധാരാളം വിറക് ലഭിക്കുമായിരുന്നു. ഇന്ന് വിറകിന് ക്ഷാമം അനുഭവപ്പെടുന്നു. ഇന്ധന ക്ഷമതയുള്ള അടുപ്പുകാലും പ്രാബല്യത്തിലില്ല.പത്തൊൻപതു ഗോവർ ഗ്യാസ് പ്ലാന്റുകാലും പഞ്ചായത്തിലുണ്ട്.

വോൾട്ടേജ് കുറവു മൂലം മണ്ണെണ്ണ വിളക്കുകാലും പരക്കെ ഉപയോഗിക്കുന്നതിൽ മണ്ണെണ്ണയുടെ ഉപയോഗം വർദ്ധിച്ചുവരുന്നു.

ഒരു വർഷം തെരുവു വിളക്കുകാലും കത്തിക്കുന്നതിന് 54,630 രൂപ പഞ്ചായത്തു ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കുന്നുണ്ട്. ഇത് ആകെ പെലവിന്റെ 6.5 ശതമാനവും ആകെ വരവിന്റെ 4.2 ശതമാനവും ആകുന്നു.

പട്ടിക 3

ന്യായ വില ഷോപ്പ് മണ്ണെണ്ണ വിതരണം 95-96

കട ARD No.	പെർമിറ്റുകളുടെഎണ്ണം	പെർമിറ്റു പ്രകാരം വിതരണം ചെയ്തത്	കാർഡു വഴി വിതരണം ചെയ്തത്
1.	7	1020 ലി	13700 ലി
2.	20	2400	14276
3.	20	2580	11976
4.	6	780	10560
5.	55	4790	16000
6.	12	100	.....
7.	20	2424	10208
8.	9	400	2550
9.	44	2600	11950
10.	3	1680	6970
11.	23	3400	11000

അവലംബം സെക്കൻഡറി ഡേറ്റാ, റേഷൻ കടകം

പ്രശ്നങ്ങം

1. പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല. പരക്കെ വോംട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
2. ആനിക്കാട്ടിലെ വൈദ്യുതി വിതരണത്തിന്റെ ചുമതല മല്ലപ്പള്ളി - കറുകച്ചാൽ - വായ്പൂർ എന്നീ ആഫീസുകംക്കാണ്.

ആഫീസ് 10 കി. മി വരെ ദൂരെ ആയതിനാൽ ഉപഭോക്താക്കംക്ക് വൈദ്യുതി സംബന്ധിച്ച പ്രശ്നങ്ങംക്ക് പരിഹാരം കണ്ടെത്തുവാൻ ബുദ്ധിമുട്ടാണ്.

3. പ്രസരണ ശോഷണം സംസ്ഥാന ശരാശരിയെക്കാം വളരെ കൂടുതലാണ്. പ്രധാന ലൈനുകം കടന്നു പോവുന്ന സ്ഥലങ്ങളിൽ ഫലവൃക്ഷങ്ങം ലൈനിൽ മുട്ടിനിൽക്കുന്നതിനാൽ തുടർച്ചയായി കറന്റ് പോവുന്നു.
4. കപ്പാസിറ്റി കുറഞ്ഞ ട്രാൻഫോർമറുകളും കൂടുതൽ ഉപഭോക്താക്കളും ഒരു പ്രശ്നമാണ്.
5. ആറ് പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിലും രാജീവ് ദശലക്ഷം കോളനിയിലും വൈദ്യുതി ഇതുവരെ എത്തിയിട്ടില്ല.
6. പ്രധാനപ്പെട്ട പഞ്ചായത്തു റോഡുകളിൽ തെരുവ് വിളക്കുകളില്ല. പ്രധാന കവലകളിൽ പ്രകാശം കൂടിയ ബംബുകളൊ ട്യൂബ് ലൈറ്റുകളോ ഇല്ല.
7. തെരുവ് വിളക്കുകം സാധാരണ കുത്താറില്ല. ബംബു മാറ്റുന്നതിനും മറ്റ് അറ്റകുറ്റപണിക്കും വൈദ്യുതിബോർഡ് നിഷ്കർഷത കാണിക്കുന്നില്ല.
8. സ്റ്റെപ്പ് അപ്പിന്റെ ഉപയോഗം സമ്പന്ന കുടുംബങ്ങളിൽ കൂടി വരുന്നു. മറ്റു കുടുംബങ്ങളെ ഇതു ദോഷമായി ബാധിക്കുന്നു.
9. ആനിക്കാട്ടിൽ ഗ്യാസ് കണക്ഷന് ഏജൻസി ഇല്ല.
10. ഗോവർഗ്യാസിന്റെ സബ്സിഡി വെട്ടിക്കുറച്ചിട്ടുണ്ട്.
11. ഇന്ധനക്ഷമതയുള്ള അടുപ്പ് ലഭിക്കാനില്ല.
12. വോംട്ടേജ് കുറവ് തുടരെയുള്ള അപ്രഖ്യാപിത കറണ്ട് കട്ട് ഇവ പ്രശ്നങ്ങളാണ്.
13. വിറകിന്റെ വില വർദ്ധനവും ലഭ്യത കുറവും പാചകത്തിന് പ്രശ്നമാവുന്നുണ്ട്.
14. പഞ്ചായത്തിൽ നിന്നും വയറിംഗ് ചെയ്തു കൊടുത്തിട്ടുള്ള 90 പട്ടിക ജാതി- പട്ടിക വർഗ്ഗ വീടുകംക്കും 39 ദുർബ്ബല വിഭാഗ വീടുകംക്കും വൈദ്യുതി ലഭിച്ചിട്ടില്ല.
15. റേഷൻ ഡിപ്പോ വഴി ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കുന്നില്ല.

സാധ്യതകം

1. പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കുവാൻ കുളത്തുങ്കൽ കവല - വായ്പൂർ, ഹനുമാൻകുന്ന് - തേക്കട -നല്ലൂർ പടവ് - മാരിക്കൽ - ചേലക്കാവ് എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
2. മിക്ക ഗ്രാമസകേളും വഴിവിളക്കിന്റെ ഒരു നീണ്ട ലിസ്റ്റ് അവതരിപ്പിച്ചിട്ടുണ്ട്. മുൻഗണന അനുസരിച്ച് ഇറ ചെയ്യേണ്ടതാണ്.
3. ഊർജ്ജ ലാഭമുള്ള വൈദ്യുതി ദീപങ്ങം പ്രോൽസാഹിപ്പിക്കുകയും വഴിവിളക്കായി കൂടുതൽ ട്യൂബ് ലൈറ്റുകളും ഉപയോഗിക്കണം.
4. ലൈനുകം വലിച്ച് വൈദ്യുതി എത്തിക്കുവാൻ പറ്റാത്ത സ്ഥലങ്ങളിൽ സൗരോർജ്ജ ദീപങ്ങം സ്ഥാപിക്കാവുന്നതാണ്.
5. വൈദ്യുതിലൈനുകളിൽ മുട്ടിനിൽക്കുന്ന മരത്തിന്റെ ശിഖരങ്ങം സന്നദ്ധ പ്രവർത്തനത്തിലൂടെ മുറിച്ചു മാറ്റാവുന്നതാണ്.
6. നൂറോമ്മാവ് കേന്ദ്രമായി ഒരു സെക്ഷൻ ആഫീസ് ആരംഭിക്കുക. ആനിക്കാട് പഞ്ചായത്ത് അതിർത്തിയിൽ വരുന്നതും ഇപ്പോം മല്ലപ്പള്ളി - വായ്പൂർ ആഫീസുകളുടെ പരിധിയിലുള്ളതുമായ ലൈനുകം നിർദ്ദിഷ്ട നൂറോമ്മാവു ആഫീസ് പരിധിയിൽ കൊണ്ടുവരിക. 1500 ഓളം ഉപഭോക്താക്കംക്ക് ഇതു പ്രയോജനം ചെയ്യും.
7. പട്ടികജാതി കോളനികംക്കും ദുർബ്ബല വിഭാഗക്കാർക്കും വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനു മുൻഗണന നൽകുക.
8. പ്രധാന കവലകളിൽ ഫ്ളൂറസെന്റ് ലാമ്പുകം സ്ഥാപിക്കുക.
9. പുരയിടം വഴിയുള്ള ഹൗസ് കണക്ഷൻ ലൈനുകം പഞ്ചായത്ത് റോഡു വഴി വലിക്കുവാൻ ഉപഭോക്താക്കളുടെ സഹകരണത്തോടെ സാധിക്കും.
10. സബ്സിഡി വർദ്ധിപ്പിച്ച് ഗോവർ ഗ്യാസ് പ്ലാന്റുകം പ്രചാരത്തിലാക്കണം.
11. ആനിക്കാട് കേന്ദ്രമായി ഒരു ഗ്യാസ് ഏജൻസി അനുവദിക്കണം.
12. 'ദക്ഷത' കൂടുതലുള്ള വിറക് അടുപ്പുകം വിതരണം ചെയ്യുവാൻ സന്നദ്ധസംഘടനകംക്കും പഞ്ചായത്തിനും സാധിക്കും.
13. മണ്ണെണ്ണ പെർമിറ്റ് ഉള്ളവർക്കും വൈദ്യുതി കണക്ഷൻ ഉള്ളവർക്കും അനുവദിച്ചിരിക്കുന്ന മണ്ണെണ്ണ മാത്രം വിതരണം ചെയ്യുക.
14. 'സാമൂഹ്യ വനവൽക്കരണം' എന്ന പരിപാടി പഞ്ചായത്തിലുടനീളം നടപ്പിലാക്കി ഭാവിയിലുണ്ടാവുന്ന വിറക് ക്ഷാമം പരിഹരിക്കാവുന്നതാണ്.
15. 2-ാം വാർഡിൽ മണിമലയാറിന് കുറുകെ വലിച്ചിട്ടുള്ള ലൈനിൽ നിന്നുമുള്ള കണക്ഷൻ മാറ്റി പുല്ലുകുത്തി - തേലപ്പൻ റോഡിലെ ലൈനിൽ ലിങ്ക് ചെയ്താൽ ഈ ഭാഗത്തെ ഉപഭോക്താക്കംക്കു പ്രയോജനപ്രദമായിരിക്കും.

4. 3. മാർക്കറ്റ്

1949 -ൽ ഗ്രാമോദ്ധാരണ കമ്മിറ്റിയുടെ കാലത്താണ് ആനിക്കാട്ടിൽ ചന്ത ആരംഭിക്കുന്നത്. 1954-ൽ ഇത് നൂറോമ്മാവിലെ പൊതു മാർക്കറ്റായി വികസിച്ചു.

മല്ലപ്പള്ളി - നെടുങ്കുന്നം മാർക്കറ്റുകളിലേക്കു തലച്ചുമടായി സാധനങ്ങൾ കൊണ്ടു പോയി വില്പന നടത്തുകയും ഗാർഹികാവശ്യ സാധനങ്ങൾ അവിടെ നിന്നു തന്നെ വാങ്ങുകയായിരുന്നു പതിവ്.

കാർഷികോല്പന്നങ്ങളുടെ സമൃദ്ധിയും യാത്രാ ബുദ്ധിമുട്ടും കാരണം ഉല്പന്നങ്ങൾ ഇവിടെ തന്നെ ക്രയ- വിക്രയം ചെയ്യുവാൻ ശ്രമിച്ചിരുന്നു.

അതിനാൽ ഗ്രാമത്തിലെ തന്നെ പല സ്ഥലങ്ങളിലും മാർക്കറ്റുകൾ തുടങ്ങാനുള്ള ശ്രമം ഉണ്ടായി.

കാലക്രമത്തിൽ വാഹന സൗകര്യം വർദ്ധിക്കുകയും നെടുങ്കുന്നം മല്ലപ്പള്ളി മാർക്കറ്റുകൾ വികസിക്കുകയും ചെയ്തു.

നാട്ടിലെ ഹ്രസ്വകാലവിളകളുടെയും നാളികേരത്തിന്റെയും ഉല്പാദനം കുറഞ്ഞു. ഇവ കാരണം ആനിക്കാട്ടിലെ ചന്ത ശോഷിക്കുകയാണുണ്ടായത്.

കാർഷികോല്പന്നങ്ങൾ വില്പന നടത്തി കിട്ടുന്ന പണം കൊണ്ടായിരുന്നു ഗ്രാമീണർ ആവശ്യ സാധനങ്ങൾ വാങ്ങിയിരുന്നത്.

ആവശ്യമായ എല്ലാ സാധനങ്ങളും ഗ്രാമത്തിലെ ചന്തയിൽ നിന്നും ലഭ്യമല്ലാത്തതിനാൽ മറ്റു മാർക്കറ്റുകളെ ജനങ്ങൾ ആശ്രയിച്ചു.

വാഴക്കുല - നാളികേരം - റബ്ബർ - കൊക്കൊ - ഇവയാണ് ഇപ്പോഴത്തെ പ്രധാന കാർഷികോൽപന്നങ്ങൾ.

ഇവയിൽ റബ്ബറിനു മാത്രമേ പഞ്ചായത്തിൽ വിപണന സൗകര്യം ഉള്ളു. റബ്ബറിന്റെ 70% നാട്ടിൽ തന്നെ വിൽക്കുന്നു.

പ്രശ്നങ്ങളും സാദ്ധ്യതകളും

5 കി.മി. മുതൽ 8 കി. മി. വരെ ദൂരെയുള്ള മാർക്കറ്റുകളെ ആശ്രയിക്കുന്നതു കൊണ്ട് യാത്രാക്ലേശവും ധനനഷ്ടവും സമയ നഷ്ടവും ഉണ്ടാവുന്നു.

പഞ്ചായത്തിലെ നൂറോമ്മാവ് മാർക്കറ്റ് പുന:രുദ്ധരിച്ച് കാർഷിക ഉല്പന്നങ്ങൾ വിൽക്കുന്നതിനും ആവശ്യ സാധനങ്ങൾ വാങ്ങുന്നതിനും സംവിധാനം ഏർപ്പെടുത്തണം.

നൂറോമ്മാവ് മാർക്കറ്റ് സ്ഥലത്ത് ഒരു കെട്ടിടം പണിതാൽ കച്ചവടത്തിനും ആഫീസ് കേന്ദ്രങ്ങൾക്കുമായി ഉപയോഗിക്കാം.

റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം രൂപീകരിച്ച് റബ്ബറിന്റെ വിപണന പ്രശ്നം പരിഹരിക്കാവുന്നതാണ്.

കൃഷിക്കാർക്ക് മെച്ചപ്പെട്ട വില ഉറപ്പുവരുത്താനാവും.

സഹകരണമേഖലയിൽ കാർഷിക ഉല്പന്നങ്ങളുടെ സംഭരണ - വിപണന സംരംഭങ്ങൾക്ക് സാധ്യതയുണ്ട്.

മധ്യതിരുവിതാംകൂറിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ച കാലഘട്ടത്തിൽ തന്നെ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വിദ്യാഭ്യാസം ചെയ്യുവാൻ സൗകര്യം ഉണ്ടായി. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് മല്ലപ്പള്ളി സി. എം. എസ്. ഹൈസ്കൂൾ മാത്രമായിരുന്നു ആശ്രയം.

സാക്ഷരതയിലും വിദ്യാഭ്യാസത്തിലും പത്തനംതിട്ട ജില്ലയിലെ മുൻപന്തിയിൽ നില്ക്കുന്ന പഞ്ചായത്തുകളിലൊന്നാണ് ആനിക്കാട്.

അക്ഷരാഭ്യാസത്തിന്റെ പ്രാരംഭമായി കരുതിയിരുന്ന ആശാൻ കളരി ഇന്ന് ഇല്ലാതായിട്ടുണ്ട്. എഴുത്തോലയുടെ സ്ഥാനത്ത് സ്ലേറ്റും പേപ്പറും സ്ഥാനം പിടിച്ചു.

പ്രാഥമിക വിദ്യാഭ്യാസത്തിന് നൂറു വർഷങ്ങൾക്ക് മുമ്പു തന്നെ സൗകര്യം ലഭിച്ചിരുന്നു. മുറ്റത്തുമാവ് സി. എം. എസ്. സ്കൂൾ, പത്തായപ്പാറ സ്കൂൾ (ന്യൂ ഗവ: യു. പി. സ്കൂൾ നെടുങ്കുന്നം സൗത്ത്) പുന്നവേലി സി. എം. എസ്. സ്കൂൾ എന്നീ സ്കൂളുകൾക്ക് ഒരു ശതാബ്ദകാലത്തെ പഴക്കം ഉണ്ട്.

ആനിക്കാട് പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ പുന്നവേലി സി. എം. എസ്. ഹൈസ്കൂൾ ആണ്.

ഉന്നത വിദ്യാഭ്യാസത്തിന് കോട്ടയം, തിരുവനന്തപുരം, മദ്രാസ് എന്നീ പട്ടണങ്ങളിലെ കോളജുകളെയാണ് ആശ്രയിച്ചിരുന്നത്.

സ്കൂൾ വിദ്യാഭ്യാസത്തിന് ഇന്ന് പഞ്ചായത്തിൽ സൗകര്യങ്ങൾ ഏറെ ഉണ്ട്. മൂന്നു ഹൈസ്കൂളുകളും ഏഴ് എൽ. പി. സ്കൂളുകളും ഉണ്ട്. ഇതിൽ ഒരു ഹൈസ്കൂൾ ഗവൺമെന്റ് വകയും ഒരു എൽ. പി. സ്കൂൾ അൺ എയ്ഡഡും ആണ്.

പഞ്ചായത്തിൽ ഇത്രയും സ്കൂളുകൾ ഉണ്ടെങ്കിലും മുപ്പത് ശതമാനം കുട്ടികൾ ദൂരെയുള്ള സ്കൂളുകളിൽ പഠനം നടത്തുന്നു. 3235 - സ്കൂൾ വിദ്യാർത്ഥികളിൽ 2264- വിദ്യാർത്ഥികൾ പഞ്ചായത്തിലുള്ള സ്കൂളുകളിൽ വിദ്യാഭ്യാസം നടത്തുന്നു. 971 വിദ്യാർത്ഥികൾ പഞ്ചായത്തിനു പുറത്തുള്ള സ്കൂളുകളിൽ പ്രത്യേകിച്ച് ഇംഗ്ലീഷ് മീഡിയം കോൺവെന്റ് സ്കൂളുകളിൽ

പട്ടിക 1

സ്കൂളുകൾ - പൊതു വിവരം

നമ്പർ	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ
			ആൺ	പെൺ	ആകെ	
1.	വായ്പൂര്					
	M.R.S.L.B.V L.P.S	സർക്കാർ	59	55	114	
	U.P.S	സർക്കാർ	42	56	98	19
	H.S	സർക്കാർ	52	51	103	
2.	പുന്നവേലി					
	C.M.S.L.P.S	എയ്ഡഡ്	81	67	148	4
	U.P	എയ്ഡഡ്	144	131	275	24
	H.S	എയ്ഡഡ്	196	165	361	
3.	ആനിക്കാട്					
	സെന്റ് മേരീസ് L.P	എയ്ഡഡ് എയ്ഡഡ്	98	79	177	5
	U.P	എയ്ഡഡ്	145	143	288	25
	H.S	എയ്ഡഡ്	178	171	349	
4.	പുല്ലുകുത്തി					
	M.T.L.P.S	എയ്ഡഡ്	44	52	96	3
5.	മുറ്റത്തുമാവ്					
	C.M.S.L.P.S	എയ്ഡഡ്	63	65	128	3
6.	പാതിക്കാട്					
	M.D.L.P.S	എയ്ഡഡ്	43	35	78	3
7.	പൂവനാറ					
	M.T.L.P.S	എയ്ഡഡ്	44	29	73	3
8.	നൂറോമ്മാവ്					
	B.E.M.S.L.P	അൺ എയ്ഡഡ്	45	30	75	6

അവലംബം : സ്കൂൾ സർവ്വേ :- സെക്കൻഡറി ഡേറ്റ.

വിദ്യാഭ്യാസം ചെയ്യുന്നു.

പഞ്ചായത്തിലെ സ്കൂളുകളിൽ ആകെ 2264 വിദ്യാർത്ഥികളം പഠിക്കുന്നു. ഇതിൽ 1129 പെൺകുട്ടികളാണ്. 47.75 ശതമാനം.

കഴിഞ്ഞ വർഷം പഠനം നിർത്തിയ പത്ത് വിദ്യാർത്ഥികളിൽ 3 പെൺകുട്ടികളും 2 പട്ടികജാതി വിദ്യാർത്ഥികളും ഉൾപ്പെടുന്നു. തോറ്റു പഠിക്കുന്ന 82 വിദ്യാർത്ഥികളാണ് കഴിഞ്ഞ വർഷം ഉണ്ടായിരുന്നത് . ഇതിൽ 17 പേർ പട്ടികജാതി വിഭാഗത്തിലെ കുട്ടികളാണ്. പഞ്ചായത്തിലെ S.S.L.C വിജയശതമാനം 48 ആണ്. S.S.L.C വിജയിക്കുന്ന വിദ്യാർത്ഥികളിൽ 75 ശതമാനവും കോളജ് വിദ്യാഭ്യാസത്തിന് പോകുന്നു. കോളജ് വിദ്യാർത്ഥികളിൽ 45% പാരലൽ കോളജുകളെയാണ് ആശ്രയിക്കുന്നത്.

എസ്. എസ്. എൽ. സി ക്ക് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പഞ്ചായത്തു വക അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളം ഉൾപ്പെടെ 455 കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് ലഭിക്കുന്നുണ്ട്. മുസ്ലീം വിദ്യാർത്ഥിനികൾക്കുള്ള ധനസഹായം ലഭിക്കുന്നത് 12 പേർക്കാണ്. വികലാംഗ സ്കോളർഷിപ്പ് ലഭിക്കുന്ന 16 വിദ്യാർത്ഥികളും മെറിറ്റ് സ്കോളർഷിപ്പ് നേടിയ 25 വിദ്യാർത്ഥികളുമുണ്ട്.

അഞ്ച് ബാലവാടികളും രണ്ട് നേഴ്സറികളും പ്രീ പ്രൈമറി വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ ഒരു പുരലൽ കോളജും രണ്ട് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളും നടത്തുന്നുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേഷനുള്ള പങ്ങനാശ്ശേരി- കോട്ടയം - തിരുവല്ല -തുരുത്തിക്കാട് എന്നിവിടങ്ങളിലെ കോളജുകളിലാണ് പഞ്ചായത്തിലുള്ള വിദ്യാർത്ഥികൾ കോളജ് വിദ്യാഭ്യാസം നിർവ്വഹിക്കുന്നത്.

ഉന്നത വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും സർവ്വകലാശാലകളിലും ഗവേഷണകേന്ദ്രങ്ങളിലും എത്തുന്നവരിൽ ആനിക്കാട്ടുകാർ വളരെ തുച്ഛമാണ്.

S.S.L.C, പ്രീ-ഡിഗ്രി ഇവ പാസായ പെൺകുട്ടികളിലധികവും നേഴ്സിംങ് പഠനത്തിനാണ് പോവുന്നത്.

അഭ്യസ്തവിദ്യരായ യുവാക്കളിൽ ഭൂരിപക്ഷവും വിദേശങ്ങളിലും ഇതര സംസ്ഥാനങ്ങളിലും ജോലി തേടി പോവുന്നു.

പ്രശ്നങ്ങൾ

1. നിലത്തെഴുത്ത് ആശാൻമാർ മുഖേനയുള്ള അക്ഷരാഭ്യാസം ഏതാണ്ട് ഇല്ലാതായിരിക്കുകയാണ്.

മാതൃഭാഷയിലൂടെ അദ്ധ്യായനം നടത്തുന്ന പ്രീ -പ്രൈമറി സ്കൂളുകൾ പഞ്ചായത്തിൽ ഇല്ല.

2. പ്രൈമറി വിദ്യാഭ്യാസത്തിൽ ഇവിടുത്തെ സ്കൂളുകളുടെ നിലവാരം ജില്ലാ നിലവാരത്തേക്കാൾ പിന്നിലാണ്.

3. S.S.L.C വിജയശതമാനം സംസ്ഥാന ശരാശരിക്കൊപ്പമാണെങ്കിലും മാർക്കിന്റെ ശരാശരി കുറവാണ്.

4. നവീന പഠന സൗകര്യങ്ങൾ - ലാബറട്ടറി, ലൈബ്രറി, കംപ്യൂട്ടർ പഠന സൗകര്യം പരിമിതമാണ്.

5. അദ്ധ്യായന രംഗത്തെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അദ്ധ്യാപനം നടത്തുവാൻ ടീച്ചേഴ്സിന് പരിശീലനം ലഭിക്കുന്നില്ല.

6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനം പഞ്ചായത്തിൽ ഇല്ല.

7. പ്രീ -പ്രൈമറി വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന ബാലവാടികൾക്ക് ആവശ്യമായ ഫർണിച്ചറുകളും ഉപകരണങ്ങളും ഇല്ല. പ്രാഥമിക ആവശ്യസൗകര്യങ്ങൾ ബാലവാടികൾക്ക് ഇല്ല.

8. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള സാമ്പത്തിക സഹായം കുറവാണ്.

9. എം.റ്റി.എൽ. പി. എസ്. പൂവൻപാറ, സെന്റ് മേരീസ് എൽ. പി. എസ്. ആനിക്കാട്, എം.റ്റി. എൽ. പി. എസ്. പുല്ലുകുത്തി, ഗവൺമെന്റ് എച്ച്. എസ്. വായ്പൂര്, സി. എം.എസ്. എൽ. പി. എസ്. മുറ്റത്തുമാവ് എന്നീ സ്കൂളുകൾക്ക് പുറ്റുമതിലുകളില്ല.

10. സെന്റ് മേരീസ് എൽ. പി. എസ്. ആനിക്കാട്, എം.റ്റി. എൽ. പി. എസ്. പുല്ലുകുത്തി, സി. എം.എസ്. എൽ. പി. എസ്. മുറ്റത്തുമാവ്, എം.റ്റി. എൽ. പി. എസ്. പൂവൻപാറ, സെന്റ് മേരീസ് എച്ച്. എസ്, ആനിക്കാട് എന്നീ സ്കൂളുകൾക്ക് മൂത്രപുരകളില്ല.

11. ഗവൺമെന്റ് എച്ച്. എസ്. വായ്പൂര്, സി. എം. എസ്. എൽ. പി. എസ്. പുന്നവേലി, എം. ഡി. എൽ. പി. എസ്. പാതിപ്പാടം എന്നീ സ്കൂളുകൾക്ക് മൂത്രപുരകൾ ആവശ്യത്തിനില്ല.

12. സെന്റ് മേരീസ് എൽ.പി. എസ് എം. റ്റി. എൽ. പി. എസ്. പുല്ലുകുത്തി

7. 1 പട്ടിക 2
പട്ടിക ജാതി സ്കൂൾ വിദ്യാർത്ഥി വിവരം

എൽ. പി. എസ്.			യു. പി. എസ്.			എച്ച്. എസ്		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
895	80	8.94	656	81	12.34	813	130	15.99

7. 1 പട്ടിക 3
പട്ടിക ജാതി സ്കൂൾ വിദ്യാർത്ഥി വിവരം
പെൺകുട്ടികൾ

എൽ. പി. എസ്.			യു. പി. എസ്.			എച്ച്. എസ്		
ആകെ	പെൺകുട്ടികൾ	%	ആകെ	പെൺകുട്ടികൾ	%	ആകെ	പെൺകുട്ടികൾ	%
895	412	46.03	656	330	50.3	813	387	47.6

അവലംബം : സ്കൂൾ സർവ്വേ :- സെക്കൻഡറി ഡേറ്റ.

എം.റ്റി. എൽ. പി. എസ്. പൂവൻപാറ, എം. ഡി. എൽ. പി. എസ്. ആനിക്കാട് എന്നീ സ്കൂളുകൾക്ക് കളി സ്ഥലം ഇല്ല.

13.ഗവൺമെന്റ് എച്ച്. എസ്. വായ്പൂര്, സി. എം.എസ്. എൽ. പി. എസ്. മുറ്റത്തുമാവ്, എം.റ്റി. എൽ. പി. എസ് പൂവൻപാറ, എന്നീ സ്കൂളുകളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

14. ഗവൺമെന്റ് എച്ച്. എസ്. വായ്പൂര്, സി. എം.എസ്. എൽ. പി. എസ്. മുറ്റത്തുമാവ്, എം.റ്റി. എൽ. പി. എസ്. പുല്ലുകുത്തി, എം.റ്റി. എൽ. പി. എസ്. പൂവൻപാറ എന്നീ സ്കൂളുകൾക്ക് ആവശ്യത്തിന് ഫർണിച്ചർ ഇല്ല, അറ്റകുറ്റപണി നടക്കുന്നില്ല.

15. ഗവൺമെന്റ് എച്ച്. എസ്. വായ്പൂരിന് ലൈബ്രറി, ലാബറട്ടറി, കംപ്യൂട്ടർ പഠന സൗകര്യം ഇവ ഇല്ല.

16. സാങ്കേതിക പഠനത്തിനായി (ഐ. റ്റി. ഐ, ഐ.റ്റി. സി, പോളിടെക്നിക്) വിദൂര സ്ഥലങ്ങളിലെ സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. എസ്. എസ്. എൽ. സി കഴിയുന്ന വിദ്യാർത്ഥികളിലും 50 ശതമാനം ഇത്തരം സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ ഏക ഗവൺമെന്റ് ഹൈസ്കൂളായ എം. ആർ. എസ്. എൽ. ബി. വി. സ്കൂൾ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളായി ഉയർത്തുക.

2. സാങ്കേതിക വിദ്യാഭ്യാസം ലക്ഷ്യമാക്കി ഒരു 'ഇൻഡസ്ട്രിയൽ ട്രെയിനിംഗ്' സെന്റർ സ്ഥാപിക്കുക.

ആഗ്രോ എഞ്ചിനിയറിംഗിന് പ്രാധാന്യം നൽകുന്ന കാർഷിക സാങ്കേതിക അദ്ധ്യയനത്തിന് മുൻതൂക്കം കൊടുക്കുവാൻ സാധിക്കണം.

3. മാതൃഭാഷയ്ക്കു പ്രാധാന്യം നൽകികൊണ്ട് പ്രീ - പ്രൈമറി സ്കൂൾ ആരംഭിക്കുവാൻ നിലവിലുള്ള എൽ. പി. സ്കൂളുകൾക്ക് സാധ്യതയുണ്ട്.

പി.റ്റി. എ. യും സാമൂഹ്യസന്നദ്ധ സംഘടനകളുടെയും നേതൃത്വം ഇതിനു സഹായകരമാക്കണം.

4. ദൃശ്യ -ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടുകൂടി പ്രൈമറിതല വിദ്യാഭ്യാസത്തിലുള്ള അദ്ധ്യയനം ആകർഷണീയവും ഗുണപരവും ആക്കാവുന്നതാണ്.

5. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് അനുപേക്ഷണീയമായ ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങൾ മൂന്ന് ഹൈസ്കൂളുകളിലും ഉയർന്ന നിലവാരത്തിൽ പ്രവർത്തിക്കണം.

6. സ്ഥിതി വിവര കണക്കുകൾ കുട്ടികളുടെ ഭാഷാപഠനത്തിന്റെ അപര്യാപ്തത തെളിയിക്കുന്നു.

ഭാഷാ പാണ്ഡ്യത്യമുള്ളവരും പരിശീലനം സിദ്ധിച്ചവരുമായ അദ്ധ്യാപകരെ നിയമിക്കണം.

7. പാഠ്യപുസ്തകങ്ങൾ യഥാസമയത്ത് എത്തിക്കണം.

8. കായിക- കലാ പ്രതിഭകളെ തെരഞ്ഞെടുത്ത് പരിശീലനം കൊടുക്കുവാനുള്ള ഒരു പദ്ധതി പഞ്ചായത്തുമായി സഹകരിച്ച് സ്കൂളുകൾ നടപ്പിലാക്കണം.

9. പ്രീ- എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ബ്ലോക്കുതലത്തിൽ ആരംഭിക്കണം.

10. എസ്. എസ്. എൽ. സി. വരെയുള്ള വിദ്യാർത്ഥികൾക്കുള്ള എക്സാമിനേഷൻ ഗൈഡൻസ് സെന്ററുകൾ പഞ്ചായത്തിൽ ആരംഭിക്കണം.

11. പ്രൈമറി വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ പാഠ്യ - പാഠ്യേതര വിഷയങ്ങളിൽ നിലവാരം ഉയർത്തുവാൻ സ്കൂൾ പി.റ്റി. എ. കൾ സജീവമാക്കിയാൽ ഒരു പരിധി വരെ സാധിക്കും.

12. വിദ്യാർത്ഥികളുടെ താല്പര്യത്തിനനുസൃതമായി ഭാഷാവിഷയങ്ങളിലും ശാസ്ത്രവിഷയങ്ങളിലും പ്രത്യേകം പ്രോത്സാഹനം നല്കിയാൽ എസ്. എസ്. എൽ. സി യുടെ മാർക്കിന്റെ നിലവാരം മെച്ചപ്പെടുത്താം.

13. മാതൃ - സംഗമവും മാസപരീക്ഷകളും നടത്തി സ്കൂൾ വിദ്യാഭ്യാസ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കും.

14. ബ്ലോക്കടിസ്ഥാനത്തിൽ അധ്യാപകർക്ക് പരിശീലനപരിപാടി ശാസ്ത്രീയമായി നടപ്പിലാക്കുക.

15. ബാലവാടികൾക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കണം.

16. ഉച്ചക്കഞ്ഞി വിതരണത്തിന്റെ സാമ്പത്തിക സഹായം ഉയർത്തുക.

17. പ്രാഥമിക സൗകര്യങ്ങളില്ലാത്ത സ്കൂളുകളിൽ അവയ്ക്കുള്ള സൗകര്യം ഉണ്ടാക്കണം.

18. ഫർണിച്ചർ ആവശ്യത്തിനില്ലാത്ത സ്ക്കൂളുകളിലും അറ്റകുറ്റപ്പണി അടിയന്തിരമായി നടപ്പാക്കേണ്ട സ്ക്കൂളുകളിലും പി. റ്റി. എ, മാനേജ്മെന്റ് ഇവയുടെ സഹകരണത്തോടെ പ്രശ്നം പരിഹരിക്കുവാൻ തദ്ദേശമായ ശ്രമം ഉണ്ടാകണം.

19. അഭ്യസ്ത വിദ്യരായ തൊഴിൽരഹിതരായ യുവാക്കളുടെ നേതൃത്വത്തിൽ ഒരു സഹകരണ പാരലൽ കോളജ് പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

20. സാക്ഷരതാ യജ്ഞത്തിന്റെ അടുത്ത ഘട്ടം അനൗപചാരിക വിദ്യാഭ്യാസത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് ശുചിത്വം, ആരോഗ്യപരിപാലനം, പൊതുവിജ്ഞാനം എന്നിവയിൽ തുടർ വിദ്യാഭ്യാസപരിപാടി നടപ്പിലാക്കണം.

6. ആരോഗ്യം, കുടിവെള്ളം

ആരോഗ്യമുള്ള ഒരു ജനസമൂഹമായിരുന്നു ആനിക്കാട്ടിൽ ഉണ്ടായിരുന്നത്. പണ്ടു കാലങ്ങളിൽ ചികിൽസാ രംഗത്ത് പാരമ്പര്യ വൈദ്യന്മാരാണ് ഉണ്ടായിരുന്നത്. ആധുനിക ചികിൽസാ രീതിക്ക് പാരമ്പര്യ വൈദ്യം വഴിമാറിക്കൊടുത്തു. ആധുനിക ചികിൽസാ സമ്പ്രദായം പരക്കെ അംഗീകരിച്ചുവെങ്കിലും രോഗാതുരത കൂടുന്നുണ്ട്. എല്ലാ വിധ ചികിത്സയും ലഭിക്കുന്ന ആധുനിക ചികിത്സാ സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നില്ല. ഏതാനും സ്വകാര്യ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. 1964 -ൽ സ്ഥാപിച്ച വായ്പൂർ സെന്റ് മാർട്ടിൻ ആശുപത്രിയാണ് ആധുനിക ചികിത്സാ രംഗത്തെ പ്രഥമ സംരഭം. 1973-ൽ സ്ഥാപിതമായ വായ്പൂർ പ്രൈമറി ഹെൽത്ത് സെന്റർ ആണ് ആരോഗ്യ പരിപാലന രംഗത്തെ ആദ്യത്തെ സർക്കാർ ആശുപത്രി.

1990- ൽ പെരുമ്പട്ടിമണ്ണിൽ ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുകയുണ്ടായി. 8 സ്വകാര്യ ഡിസ്പെൻസറികളും ഒരു ആയുർവ്വേദ വൈദ്യശാലയും നാല് പാരമ്പര്യ വൈദ്യശാലകളും ഉണ്ട്. പാരമ്പര്യ ബാല ചികിത്സാ രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ആളാണ് ആനിക്കാട്ടിലുള്ള പ്രമാടിക്കുഴിയിൽ പൊടിയൻ വൈദ്യൻ.

ആരോഗ്യ നിലവാരം സംസ്ഥാന നിലവാരത്തോടൊപ്പം ഉണ്ടെങ്കിലും ജനപ്പാർപ്പു കൂടുതലുള്ള കോളനികളിൽ ശുചിത്വമില്ലായ്മ മൂലം പകർച്ച വ്യാധികളും ഉണ്ടാകാറുണ്ട്. പോഷകക്കുറവു മൂലം 40 ശതമാനം കുട്ടികളുടെയും ഗർഭിണികളുടെയും ഇടയിൽ പലവിധ രോഗങ്ങളും കാണുന്നുണ്ട്. ജനന മരണ അനുപാതം 3:1 ആണ്. മരണനിരക്ക് 1000 ന് 5.58 ഉം ജനനനിരക്ക് 16.97 ഉം ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാളും യഥാക്രമം 0.32 ഉം 0.03 ഉം കുറവാണ്. ശിശുമരണനിരക്ക് 1000ന് പത്താണ്. സംസ്ഥാനശരാശരിയേക്കാളും ആറ് കുറവാണിത്.

മൂന്നു രീതിയിലുള്ള ചികിത്സാ സമ്പ്രദായങ്ങളും ജനങ്ങൾ സ്വീകരിക്കുന്നുണ്ട്. പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രി ഇല്ല. അലോപ്പതി, ഹോമിയോ, ആയുർവ്വേദം ഈ മൂന്ന് ചികിത്സാ സമ്പ്രദായങ്ങളിലും ഇവിടെ വേണ്ടത്ര സൗകര്യങ്ങളില്ല. ആധുനിക ചികിത്സക്കായി വിദൂരങ്ങളിൽ പ്രവർത്തിക്കുന്ന ആശുപത്രികളെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിൽ 102 വികലാംഗർ ഉണ്ടെന്ന് കണക്കാക്കുന്നു. 1000 ന് 7 പേർ വികലാംഗരാണ്. 75 പേർ മാത്രമേ വികലാംഗ കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളു.

ഈ പഞ്ചായത്തിലെ പൊതു ആരോഗ്യ സ്ഥാപനങ്ങൾ

പ്രാഥമിക ആരോഗ്യകേന്ദ്രം -1
ഹോമിയോ ഡിസ്പെൻസറി -1
കുടുംബക്ഷേമകേന്ദ്രം -3

ആകെ 22 ജീവനക്കാർ ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു. ഇവ കൂടാതെ അലോപ്പതി ചികിത്സ നടത്തുന്ന 3 ഡിസ്പെൻസറികളും 5 പാരമ്പര്യ ആയുർവേദ ചികിത്സ സ്ഥാപനങ്ങളും രണ്ട് ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

വായ്പൂരുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മുഴുവൻ സമയം ഡോക്ടറുടെ സേവനം ലഭ്യമല്ല.

പ്രൈമറി ഹെൽത്ത് സെന്ററിന് സ്വന്തമായി സ്ഥലമുണ്ടെങ്കിലും ആവശ്യത്തിനുള്ള കെട്ടിടങ്ങളില്ല. പ്രാഥമിക സൗകര്യങ്ങളും ഉണ്ടാക്കണം. വൈദ്യുതി കണക്ഷൻ ലഭ്യമാക്കണം. പ്രൈമറി ഹെൽത്ത് സെന്ററിൽ മുഴുവൻ സമയ ഡോക്ടറെ നിയമിക്കണം. ആവശ്യത്തിനുള്ള സ്റ്റാഫിനേയും നിയമിക്കേണ്ടതുണ്ട്. നിലവിലുള്ള ക്വാർട്ടേഴ്സിന്റെ അറ്റകുറ്റ പണി നടത്തണം. ക്ലിനിക് റൂം പണിപൂർത്തിയാക്കി ആശുപത്രി വാടകക്കെടിടത്തിൽ നിന്നും മാറ്റണം. ആവശ്യത്തിനുള്ള മരുന്ന് ലാബറട്ടറി സൗകര്യം എന്നിവ ഉണ്ടാവണം.

ഉപയോഗ ശൂന്യമായ കിണർ നന്നാക്കണം. പെരുമ്പട്ടിമൺ ഹോമിയോ ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കണം. ആശുപത്രിക്കുവേണ്ടി കെട്ടിടം നിർമ്മിക്കണം.

ഹോമിയോ ആശുപത്രിക്ക് വേണ്ട സ്ഥലം ശ്രീ. ജോർജ് വറുഗീസ് (ജി.പി. ആനിക്കാട്) സൗജന്യമായി നൽകുവാൻ സമ്മതിച്ചിട്ടുണ്ട്.

1996 മാർച്ചിൽ കേരളം ഒട്ടാകെ പടർന്നു പിടിച്ച ജാപ്പനീസ് എൻസെഫലൈറ്റിസ് ന് പ്രതിരോധമരുന്ന് ഹോമിയോ ഡിസ്പെൻസറിയുടെ നേതൃത്വത്തിൽ വിതരണം ചെയ്യുകയുണ്ടായി. 11837 - പേർക്ക് മരുന്ന് വിതരണം ചെയ്തതിന്റെ ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കുകയായിരുന്നു.

പഞ്ചായത്തിൽ ആയുർവേദ ആശുപത്രി ഇല്ല. ആയുർവേദ ചികിത്സക്കുവേണ്ടി രോഗികൾ സമീപ പഞ്ചായത്ത് ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. നൂറോമ്മാവിൽ പഞ്ചായത്തു വക സ്ഥലത്ത് ആയുർവേദ ആശുപത്രിക്ക് സൗകര്യമുണ്ട്.

7. 2. പട്ടിക 1

ചികിത്സാകേന്ദ്രങ്ങൾ
സർക്കാർ സ്ഥാപനം

ക്രമ നമ്പർ	സ്ഥാപനം	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1.	P.H.C	VI	1973	9
2.	Homeo	IV	1990	4
3.	കുടുംബക്ഷേമ കേന്ദ്രം	VIII		1
4.	"	I		1
5.	"	V		1

വേനൽക്കാലത്തെ അശുദ്ധജല ഉപയോഗം കാരണം പകർച്ചവ്യാധികൾ കണ്ടുവരുന്നു. പഞ്ചായത്തിലെ അറുപതു ശതമാനം ജനങ്ങളും വരുന്ന സമയത്ത് അശുദ്ധ ജലമാണ് ഉപയോഗിക്കുന്നത്. പകർച്ച വ്യാധികളിലധികവും ജലജന്യരോഗങ്ങളാണെന്ന് ആശുപത്രിരേഖകളിൽ കാണുന്നു. മഞ്ഞപ്പിത്തം, വയറിളക്കം, എന്നീ രോഗങ്ങൾ കോളനി പ്രദേശങ്ങളിൽ കൂടുതലായി ഉണ്ടാവുന്നു.

ചക്കാലക്കുന്ന് സെന്റ് മാർട്ടിൻ ആശുപത്രിയിൽ മാത്രമാണ് കിടത്തി ചികിത്സാസൗകര്യം ഉള്ളത്. വിദഗ്ദ്ധ ചികിത്സയ്ക്കായി 15 കി.മി. ദൂരെയുള്ള ആശുപത്രികളെയാണ് അഭയം പ്രാപിക്കുന്നത്.

കുടുംബ ക്ഷേമ കേന്ദ്രങ്ങളിൽ മാസത്തിലൊരിക്കൽ ഡോക്ടർമാർ സന്ദർശിച്ച് രോഗികളെ പരിശോധിക്കണം.

എല്ലാ കോളനികളിലും ബാലവാടികളിലും 2 മാസത്തിലൊരിക്കൽ രോഗികളുടെ പരിശോധനയ്ക്ക് സൗകര്യം ഉണ്ടാക്കണം. വിദഗ്ദ്ധ ചികിത്സ പെലവേറിയതായ തിനാൽ ദരിദ്ര ജനങ്ങൾക്ക് ലഭിക്കുന്നില്ല. വർഷത്തിൽ 2 പ്രാവശ്യമെങ്കിലും നാല് ക്യാമ്പുകൾ നടത്തണം. അതിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കണം. രോഗ നിർണ്ണയത്തിനു ശേഷം വദഗ്ദ്ധ ചികിത്സ ആവശ്യമുള്ളവരെ മെഡിക്കൽ കോളജുകളിലേക്ക് അയയ്ക്കാവുന്നതാണ്.

നേത്ര രോഗികളിൽ ഭൂരിഭാഗത്തിനും തിമിര രോഗമാണ്. അന്ധത നിവാരണം ലക്ഷ്യമാക്കി P.H.C യും പഞ്ചായത്തും സംയുക്തമായി ക്യാമ്പുകൾ സംഘടിപ്പിക്കുക.

കുടിവെള്ളം കഴിഞ്ഞാൽ പൊതു ജനാരോഗ്യത്തിന്റെ പ്രധാന പ്രശ്നം ശുചിത്വകുറവാണ്. ശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ടതാണ് കക്കൂസ്. പഞ്ചായത്തിലെ 70 ശതമാനം വീടുകൾക്കും കക്കൂസ് ഇല്ലെന്നുള്ളത് ഈ പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ഇതുമൂലം വയറിളക്കം, വിരശല്യം ഇവ താരതമ്യേന കൂടുതൽ കാണുന്നു. ഗ്രാമസഭകളിൽ ഈ പ്രശ്നം ചർച്ച ചെയ്തിരുന്നു. പരിഹാര നിർദ്ദേശങ്ങൾ

1. സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനായി സർക്കാർ, പഞ്ചായത്ത് മത സന്നദ്ധസംഘടനകൾ ഇവ

7. 2. പട്ടിക 2

പഞ്ചായത്തിലുള്ള ആശുപത്രികളിൽ ചികിത്സ ലഭിച്ച രോഗികളുടെ വിവരം

ആശുപത്രി	വർഷം	ഇൻപേഷ്യന്റ്	ഔട്ട്പേഷ്യന്റ്
P.H.C	92-93		3274
St. Martin Hospital	"	1518	16480
Govt. Homeo	"		22440
P.H.C	93-94		3198
St. Martin Hospital	"	1680	19780
Govt. Homeo	"		11559
P.H.C	94-95		3246
St. Martin Hospital	"	1515	18816
Govt. Homeo	"		8400
P.H.C	95-96		3624
St. Martin Hospital	"	1480	17816
Govt. Homeo	"		26115

അവലംബം :- സെക്കണ്ടറി ഡേറ്റാ

യോജിച്ച് ഒരു പദ്ധതി ആസൂത്രണം ചെയ്യണം.

2. കോളനികളിൽ പൊതുവായി സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കണം.

3. അടുത്ത നാലു വർഷം കൊണ്ട് ആനിക്കാട്ടിലെ എല്ലാ ഭവനങ്ങൾക്കും കക്കൂസ് നിർമ്മിക്കുന്ന പരിപാടി നടപ്പിലാക്കണം.

കക്കൂസിന് ധനസഹായം ലഭിക്കുന്നവർ അതിനായി ചിലവഴിക്കുന്നു എന്നു ഉറപ്പുവരുത്തണം.

പരിസര ശുചിത്വം

പൊതു പരിസര മലിനീകരണം ഗുരുതരമല്ല. എങ്കിലും, ജനങ്ങൾ തിങ്ങിപാർക്കുന്ന മേഖലകളായ പട്ടികജാതി കോളനികൾ, ലക്ഷം വീടുകോളനികൾ തുടങ്ങിയ സ്ഥലങ്ങളിൽ ശുചിത്വത്തിന്റെ അഭാവം കാണുന്നുണ്ട്.

കശാപ്പുശാലകളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ മറവുചെയ്യുന്നതിന് വിമുഖത കാണിക്കുന്നുണ്ട്.

റബ്ബർ കൃഷിയും സംസ്കരണവും ഒരു പ്രധാന കാർഷിക തൊഴിലായി മാറിയ സാഹചര്യത്തിൽ റബ്ബർ തോട്ടം റബ്ബർ റോളറിരിക്കുന്നിടം എന്നിവിടങ്ങളിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഇവിടുത്തെ അശുദ്ധജലത്തിൽ ധാരാളം കൊതുകുകൾ മുട്ട ഇട്ട് പെരുകുന്നു. 75 ശതമാനം ഭവനങ്ങളിലും കന്നുകാലി വളർത്തുന്നുണ്ട്. എന്നാൽ കന്നുകാലി തൊഴുത്തു ശാസ്ത്രീയമായി ശുചിത്വ സൗകര്യത്തോടു നിർമ്മിച്ചവ 15 ശതമാനത്തിൽ താഴയെയുള്ളു. കാലിത്തൊഴുത്ത്, തുറന്ന ചാണക കുഴി ഇവ കൊതുകിന്റെയും കൂത്താടിയുടെയും ആവാസ കേന്ദ്രമായി.

നിർദ്ദേശങ്ങൾ

1. കോളനികളിൽ പരിസര ശുചീകരണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തണം.

2. കശാപ്പു ശാലകളിലെ അവശിഷ്ടങ്ങൾ മറവു ചെയ്തു എന്ന് ഉറപ്പുവരുത്തണം.

3. റബ്ബർ റോളർ ഉള്ളിടത്തെ മലിനജലം മണ്ണിനടിയിൽ താഴ്ത്തുവാൻ സംവിധാനം ഉണ്ടാവണം.

4. D.D.T മണ്ണെണ്ണ, കുമ്മായം, ഇവയുപയോഗിച്ച് കൊതുകുനശീകരണം നടത്തണം.

5. പ്രീ-പ്രൈമറി തലം മുതൽ ഹൈസ്കൂൾ വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ ആരോഗ്യ പരിരക്ഷണ പരിപാടിക്ക് തുടക്കമിടണം.

മൂവായിരത്തോളം വരുന്ന പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ് വിതരണം ചെയ്യണം.

കുട്ടികളെ പരിശോധിക്കുവാനും ഗവൺമെന്റ് ഡോക്ടർമാരെ കൂടാതെ സ്വകാര്യ പ്രാക്ടീസുള്ള ഡോക്ടർമാരുടെ സേവനവും തേടണം.

സ്വദേശത്തും വിദേശത്തുമായി നേഴ്സിംഗ് സേവനം നടത്തിയതിനു ശേഷം വിരമിച്ചവരെയും ഇതിൽ പ്രയോജനപ്പെടുത്താം.

6. പരിസ്ഥിതി, ആരോഗ്യം, ചികിത്സ, മരുന്ന് ഇവയുടെ പുതിയ സങ്കേതങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ സെമിനാറുകൾ സംഘടിപ്പിക്കണം.



'' രാമ രാജ്യമെന്നാൽ കാളവണ്ടി സംസ്കാരം എന്നല്ല. കാർഷിക-വ്യാവസായിക പ്രവർത്തനങ്ങൾ കൊണ്ട് സജീവവും ശുചിത്വമാർന്നതും ചെറിയ ജനസമൂഹങ്ങളുടെ ആവാസകേന്ദ്രവും എന്നാണ്''

6.2. കുടിവെള്ളം

ഏതു ജനതയുടെയും ആരോഗ്യത്തിന്റെ പ്രധാന ഘടകങ്ങളാണ് ശുദ്ധ വായു, ശുദ്ധ ജലം, ശുചിയായ പാർപ്പിടം എന്നിവയാണ്. വ്യവസായങ്ങളും ആനിക്കാട്ടിൽ ഇല്ലാത്തതുകൊണ്ട് അന്തരീക്ഷ മലിനീകരണം ഒരു പ്രശ്നമായിട്ടില്ല.

എന്നാൽ ശുദ്ധ ജല ദൗർലഭ്യം ഇവിടെ ഒരു ഗുരുതര പ്രശ്നമാണ്. നാൾക്കു നാൾ കുടിവെള്ളക്ഷാമം വർദ്ധിച്ചു വരികയാണ്.

മുൻ കാലങ്ങളിൽ വന വൃക്ഷങ്ങൾ ധാരാളമായി നിലനിന്നിരുന്നു. വിളക്രമത്തിൽ പഞ്ചായത്തിലുണ്ടായ പരിവർത്തനം മണ്ണിലെ ജലാംശം നഷ്ടപ്പെടുവാൻ കാരണമായിട്ടുണ്ട്.

കെട്ടിട നിർമ്മാണത്തിനും വ്യവസായ ആവശ്യത്തിനുമായി വർദ്ധിച്ച തോതിൽ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നത് ജലക്ഷാമത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. മണിമലയാറ്റിൽ നിന്നും കെട്ടിട നിർമ്മാണത്തിനു വേണ്ടിയുള്ള ക്രമാതീതമായ മണൽ വാരൽ പഞ്ചായത്തിൽ ആകമാനം ജലസ്രോതസുകളിലെ ജല വിതാനം താഴുവാൻ കാരണമായിട്ടുണ്ട്.

മുൻ കാലങ്ങളിലുണ്ടായിരുന്ന ജലസ്രോതസുകളിൽ പലതും മൂടിപോയിട്ടുണ്ട്.

കാലവർഷ സമയത്ത് മാത്രമാണ് ശുദ്ധജലം സുലഭമായി ലഭിക്കുന്നത്.

വർഷത്തിൽ 3312 മി. മി: മഴ ലഭിക്കുന്നുണ്ടെങ്കിലും മഴവെള്ളം മുഴുവൻ ഉപരിതലത്തിലൂടെ ഒഴുകി മണിമല ആറ്റിൽ പതിക്കുകയാണ്. വിളക്രമ വ്യതിയാനം 'ഞാറ്റുവേല' മഴയുടെ അഭാവം, പാരമ്പര്യ ജലസ്രോതസുകളുടെയും ജലസംരക്ഷണത്തിന്റെയും അഭാവം ഇവ കാരണം ഭൂമിയിലെ ജലാംശം കുറയുകയാണ്.

കുടിവെള്ളത്തിനായി പഞ്ചായത്തിലെ 85 ശതമാനം ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. ആകെ 2040 കിണറുകളിൽ 112 കിണറുകളും മാത്രമേ വറ്റാത്തതായി കണക്കാക്കപ്പെടുന്നുള്ളു.

പഞ്ചായത്തിലെ 75% പ്രദേശങ്ങളും കുടിവെള്ളക്ഷാമമുള്ള സ്ഥലങ്ങളാണ്.

കേരള വാട്ടർ അതോറിറ്റിയുടെ ഒരു ചെറുകിട ജലവിതരണ പദ്ധതി മാത്രമേ ഇവിടെ ഉള്ളു. കാവനാൽ കടവിലുള്ള പമ്പു ഹൗസും പതിനായിരം ലിറ്റർ സംഭരശേഷിയുമുള്ള നൂറോമ്മാവു ഹനുമാൻകുന്ന് ജലസംഭരണികളുമാണ് ഇവിടെ ഉള്ളത്. 1,2,3,4, 8 വാർഡുകളിലെ ചുരുക്കം പ്രദേശങ്ങളിൽ മാത്രമേ ഇതിന്റെ പ്രയോജനം ലഭിക്കുന്നുള്ളു. പഞ്ചായത്തിലെ 1/5 പ്രദേശത്തു മാത്രമേ പൈപ്പുവെള്ളം എത്തുന്നുള്ളു. പത്തു ശതമാനം ജനങ്ങൾക്കുമാത്രമാണ് പ്രയോജനം ലഭിക്കുന്നത്.

പദ്ധതി നിർമ്മാണത്തിൽ ഉണ്ടായ അശാസ്ത്രീയത പല ഭാഗങ്ങളിലും ജലം ലഭിക്കാതിരിക്കുവാൻ കാരണമായിട്ടുണ്ട്.

അൻപതു വീടുകളിൽ പൈപ്പു കണക്ഷൻ എടുത്തിട്ടുണ്ട്. ആകെ 101 പൊതുടാപ്പുകൾ ഉണ്ട്. ഇതിൽ 45 ടാപ്പുകളിലെ വെള്ളം ലഭിക്കുന്നുള്ളു. ജനങ്ങളിൽ 90 ശതമാനവും കുടിവെള്ളക്ഷാമം അനുഭവിക്കുന്നു.

നിർദ്ദിഷ്ട ആനിക്കാട് ശുദ്ധജല പദ്ധതി

ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിക്ക് 132 ലക്ഷം രൂപയാണ് അടങ്കൽ. ഇതിന്റെ സർവ്വേ പൂർത്തിയാക്കി എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. മണിമല ആറ്റിൽ ഒരു കിണർ കുഴിച്ചതു മാത്രമാണ് ഈ പദ്ധതിയുടെ ഭാഗമായി നടന്നിട്ടുള്ളത്. ഈ പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി മാത്രമേ ആനിക്കാട്ടിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളു.

67.7 കി. മി ദൈർഘ്യം പൈപ്പ് സ്ഥാപിച്ച് ജലം വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന പദ്ധതിക്കു വേണ്ടി 20 ലക്ഷം രൂപയുടെ പൈപ്പ് ഇടുന്ന പണികൾ ഉടനെ ആരംഭിക്കുവാൻ നടപടി ആയിട്ടുണ്ട്. ടാങ്ക് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് പുതുക്കുന്ന ജോലി പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടിക 1.

പൊതു ശുദ്ധജല സ്രോതസ്സുകൾ

കുഴൽ കിണറുകൾ			പൊതു കിണറുകൾ		
ആകെ	ജലം ഉള്ളത്	ഇല്ലാത്തത്	ആകെ	ജലം ഉള്ളത്	ഇല്ലാത്തത്
12	2	10	27	3	24

നിർദ്ദിഷ്ട പദ്ധതി സാങ്കേതിക തടസങ്ങൾ നീക്കി സമയ ബന്ധിതമായി പൂർത്തീകരിക്കണം.

കുടിവെള്ളത്തിനു വേണ്ടി 2 മുതൽ 5 കി. മി. വരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നു. പഞ്ചായത്തിലെ 9 പട്ടിക ജാതി കോളനികളിലും ശുദ്ധജല വിതരണ സംവിധാനം ഇല്ല. കഠിനമായ കുടിവെള്ളക്ഷാമ ഇവിടെ അനുഭവപ്പെടുന്നു.

ഉയർന്ന സ്ഥലങ്ങളിൽ നീർചാലുകൾ കുഴിച്ചും താണസ്ഥലങ്ങളിൽ വരമ്പു കെട്ടിയും ഭൂമിയിലെ മഴവെള്ള സംഭരണം വർദ്ധിപ്പിക്കണം.

നിലവിലുള്ള തോടുകളിൽ വർഷകാലങ്ങളിൽ തടയണകൾ (ബ്രഷ് വുഡ്ഡിംഗ് ഡാം) നിർമ്മിക്കണം. ജലസംരക്ഷണ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തണം.

അനുബന്ധം 7.3
കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ്	പ്രശ്നമേഖല	നിർദ്ദേശങ്ങളും പരിഹാരങ്ങളും
1	രാജീവ് ദശലക്ഷം കോളനി പുളിക്കാമല	1. കെ. ഡബ്ലിയു. എ യുടെ പൈപ്പ് ലൈൻ നീട്ടുക. 2. ഒരു കുഴൽ കിണർ സ്ഥാപിക്കുക. 3. പുളിക്കാമലയിൽ പ്രത്യേക ടാങ്ക് പണിയുക.
2	കൂന്തല്ലൂർ, പൊടിപ്പാറ- ദേവൻകര	1. കെ. ഡബ്ലിയു. എ യുടെ പൈപ്പ് ലൈൻ നീട്ടുക റിപ്പയറിംഗ് നടത്തുക.
3	വെങ്ങളത്തുകുന്ന്, കാരിക്കാമല, വെള്ളിയാംമാവ്	1. മച്ചിയാനി പടിക്കു താഴെ ടാങ്കു നിർമ്മിച്ച് ഇപ്പോഴുള്ള പൈപ്പിൽ നിന്നും ജലം സംഭരിച്ച് വിതരണം ചെയ്യുക.
4	വള്ളിയാകുളം- മലമ്പാറ - തവളപ്പാറ മൂലേ കോളനി - നീലമ്പാറ	1. കാവുകണ്ടം - വാളക്കുഴി പാടത്ത് കുളംകുത്തി മലമ്പാറയിൽ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക.
5	പൊന്നിരിക്കുംപാറ + (മാരിക്കൽ) + വാളുവേലി ലക്ഷം വീടു കോളനി, നല്ലൂർപടവ് കോളനി	1. ഏഴോലി - പനയമ്പാല തോട് ഭാഗത്ത് ഒരു കുളം കുഴിച്ച് പൊന്നിരിക്കുംപാറയിൽ ടാങ്ക് നിർമ്മിക്കുക.
6	ചക്കാലക്കുന്ന്, കൊച്ചാലുംമൂട്	വാളുവേലി ഇല്ലം വഴിയുള്ളനിർദ്ദിഷ്ട ഇറിഗേഷൻ പദ്ധതി വെള്ളം പ്രയോജനപ്പെടുത്തുക.
7	പുളിച്ചിമാവ്,സ്റ്റോറുമുക്കിനു തെക്കുഭാഗം	1. കുഴൽ കിണറുകൾ സ്ഥാപിക്കുക.
8	മുതുപുരയിടം - പാണക്കുഴി തെക്കുഭാഗം മുക്കടമൺ, ചക്കണംപൊയ്ക	1. കതിരമല ചാലിൽ മോട്ടറും പമ്പും സ്ഥാപിച്ച് ഈട്ടിക്കൽ ഭാഗത്ത് ടാങ്ക് നിർമ്മിക്കുക 2. മച്ചിയാനി പടിക്കലെ പൈപ്പ് ചക്കണംപൊയ്ക - കല്ലോലി റോഡുവരെ നീട്ടി യോജിപ്പിക്കുക.

നിർദ്ദിഷ്ട ആനിക്കാട് ശുദ്ധജല പദ്ധതികളുടെ പ്രയോജനം ലഭിക്കാത്ത ഭാഗങ്ങളിൽ ചെറുകിട പദ്ധതികളാണ് പരാമർശിച്ചിരിക്കുന്നത്.
നിലവിലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവുന്നതും നിർദ്ദേശിച്ചിട്ടുണ്ട്.
ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്.

7. പാർപ്പിടം - സാമൂഹ്യ ഭവനം - പൊതുവീടുകൾ

ജനസംഖ്യയിൽ 60 ശതമാനം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരാണ് ഈ പഞ്ചായത്തിൽ. ഇവരിൽ ഭൂരിപക്ഷവും പട്ടികജാതി വിഭാഗത്തിൽ പെട്ടവരും. വിദ്യാഭ്യാസപരമായി മുൻപന്തിയിലാണെങ്കിലും ജനങ്ങളുടെ സാമ്പത്തിക സ്ഥിതി വളരെ പിന്നോക്കമാണ്.

വിദേശപണത്തിന്റെ സ്വാധീനം പഞ്ചായത്തിലെ സാമ്പത്തിക മേഖലയുടെ നിർണ്ണായകഘടകമാണ്. ഈ പണത്തിന്റെ സിംഹഭാഗവും ഭവനനിർമ്മാണരംഗത്ത് കോൺക്രീറ്റ് സൗധങ്ങൾക്കായി ചിലവഴിക്കുന്നു.

പരിമിതകർഷകരും കൂലിപണി ഉപരിജീവനമാക്കിയിരിക്കുന്നവരുമാണ് ഈ പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും. അതുകൊണ്ട് തന്നെ ഇടത്തരം വീടുകളും കുടിലുകളുമാണ് കൂടുതലുള്ളത്. ഇത്തരം വീടുകളുടെ 75 ശതമാനവും പട്ടികജാതി കോളനികളിലും ദുർബ്ബല വിഭാഗകോളനികളിലുമാണ്.

1240 കുടുംബങ്ങൾക്ക് താമസയോഗ്യമായ സ്വന്തം വീടില്ലാത്തവരാണ്. ഇതിൽ 915 കുടുംബങ്ങൾ ദുർബ്ബല വിഭാഗക്കാരാണ്. ബ്ലോക്ക് - പഞ്ചായത്തുകളും മറ്റ് സർക്കാർ ഏജൻസികളും മുഖേന ലഭ്യമാക്കുന്ന ഭവന നിർമ്മാണ സഹായം വളരെ തുച്ഛമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ഭവന ബോർഡിന്റെ ധനസഹായം വളരെ ചുരുക്കം ആളുകൾ ലഭിച്ചിട്ടുള്ളു. വായ്പാ വ്യവസ്ഥയുടെ ബുദ്ധിമുട്ടുകൊണ്ടാവാം. ബോർഡിൽ നിന്നും വായ്പ എടുത്തു ഭവനം നിർമ്മിക്കുവാൻ ദുർബ്ബല വിഭാഗം ജനങ്ങൾ പൊതുവേ താല്പര്യം കാണിക്കുന്നില്ല. ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള 3579 വീടുകളിൽ 1851 വീടുകൾ ഭേദപ്പെട്ടതും 500 വീടുകൾ ഇടത്തരവും ബാക്കി 1228 വീടുകൾ കുടിലുകളോ ഓലമേഞ്ഞവയോ ആണ്. 1217 വീടുകളുടെ മേൽക്കൂര കോൺക്രീറ്റും 1458 വീടുകളുടെ മേൽക്കൂര ഓടുമാണ്.

പാർപ്പിട രംഗത്തെ വാസ്തുശില്പകലയിൽ പ്രകടമായ മാറ്റം കാണാം. പ്രത്യേകിച്ച് മേൽക്കൂര നിർമ്മാണത്തിൽ തടി ഉപയോഗമേ ഇല്ലാതായി. ദരിദ്രജനങ്ങളുടെ വീടുകൾ മാത്രമാണ് തെങ്ങ് കൊണ്ടുള്ള മേൽക്കൂര ഉപയോഗിക്കുന്നത്.

50 ശതമാനം വീടും കരാടിസ്ഥാനത്തിലാണ് നിർമ്മിക്കുന്നത്. കരാറടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണം നടത്തുന്ന 6 സംഘങ്ങൾ പഞ്ചായത്തിലുണ്ട്.

1991-92 നു ശേഷം ഈ പഞ്ചായത്തിൽ നിർമ്മിച്ച വീടുകളുടെ 85 ശതമാനം കോൺക്രീറ്റ് കെട്ടിടങ്ങളാണ്. 25 ശതമാനം വീടുകൾ ആർഭാടകരമായ വലിയ വീടുകളാണ്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ജനങ്ങൾ ഓലയുടെ ദുർലഭ്യവും വിലകൂടുതലും കാരണം മോഡേൺ റൂഫ്, പ്ലാസ്റ്റിക് എന്നിവകൊണ്ടുള്ള മേൽക്കൂര തീർക്കുന്നു. ഭിത്തി നിർമ്മാണത്തിന് ചുടാത്ത മൺകട്ടയും ഉപയോഗിക്കുന്നു.

കഴിഞ്ഞ പദ്ധതിക്കാലത്ത് വിവിധ വകുപ്പുകളിലൂടെ 104 കുടുംബങ്ങൾ ഭവനം നിർമ്മിക്കുവാൻ ധനസഹായം നൽകിയിട്ടുണ്ട്. ഇതു കൂടാതെ റവന്യൂ വകുപ്പിൽ നിന്നും 38 കുടുംബങ്ങൾക്ക് വീടുവെയ്ക്കുവാൻ ദീർഘകാലവായ്പ അനുവദിച്ചിട്ടുണ്ട്. മല്ലപ്പള്ളി ഹൗസിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും 91-96 കാലയളവിൽ ഏഴ് വായ്പകളിലായി 3,62000/ രൂപ നൽകിയിട്ടുണ്ട്.

8 1. വീടുകൾ തരംതിരിച്ചുള്ള പട്ടിക 1.

വാർഡ്	കോൺക്രീറ്റ്	സാധാരണ വീട്		കുടിൽ	ആകെ
		ഓല	ഓട്		
1	142	150	216	36	544
2	141	121	205	23	484
3.	114	90	175	27	406
4.	160	99	207	23	490
5.	192	106	223	17	538
6.	173	104	155	10	442
7.	207	50	61	11	329
8.	142	74	159	9	384

അവലംബം : സെക്കൻഡറി ഡേറ്റാ പഞ്ചായത്ത് ആഫീസ്

81. പട്ടിക 2.

വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവരണം

പദ്ധതിയുടെ പേര്	വാർഷിക പദ്ധതി					തുക രൂപ	ആകെ വീടുകൾ
	91-92	92-93	93-94	94-95	95-96		
അൺടൈഡ് പഞ്ചായത്ത്	8		8	6	8	3,10,000	30
J.R.Y	12		10	4		2,66,000	26
D.R.D.A പദ്ധതി						4,99,250	39
പട്ടിക ജാതി ക്ഷേമവകുപ്പ്	3	1	1	2	2		9

അവലംബം : സെക്കൻഡറി ഡേറ്റ പഞ്ചായത്ത് ബ്ലോക്ക് പട്ടിക ജാതി ക്ഷേമ ആഫീസ് രേഖ

ഭവന നിർമ്മാണ സാമഗ്രികളും അമിതമായ വിലവർദ്ധനവും കൂലി നിരക്കിന്റെ വർദ്ധനവും നിമിത്തം സ്വന്തം പാർപ്പിടം എന്ന ആഗ്രഹം ദുർബ്ബല വിഭാഗ ജനങ്ങൾക്ക് ഒരു സ്വപ്നമായി മാത്രം അവശേഷിക്കുന്നു. വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഭവന നിർമ്മാണ സഹായം വളരെ തുഛമാണ്. സഹായം ലഭിച്ചവർക്ക് പണി പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

ദുർബ്ബല വിഭാഗങ്ങളുടെ വീടു പുതുക്കി പണിയുവാൻ വായ്പയോ, ധനസഹായമോ ലഭ്യമല്ല.

കെട്ടിട നിർമ്മാണ ചെലവിന്റെ ഭീമമായ വർദ്ധനവ് ഇടത്തരക്കാരുടെ ഭവന നിർമ്മാണത്തെയും ദോഷമായി ബാധിച്ചിട്ടുണ്ട്. 1991-ലെ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില 60 മുതൽ 70 ശതമാനം വരെയും തൊഴിലാളികളുടെ കൂലി 100 ശതമാനം വർദ്ധിച്ചിരിക്കുകയാണ്. ഇടത്തരക്കാരുടെ വരുമാനവർദ്ധനവ് ആകട്ടെ 20 മുതൽ 30 ശതമാനവും.

ചിലവ് കുറഞ്ഞ വീട് എന്ന ആശയം പ്രാവർത്തികമാക്കുവാനുള്ള ബുദ്ധിമുട്ടുകൾ പഞ്ചായത്തിൽ നേരിടുന്നുണ്ട്.

കെട്ടിട നിർമ്മാണ സാമഗ്രികളിൽ കരിങ്കല്ല്, മണൽ ഒഴികെ ഒരു സാധനവും ഇവിടെ ലഭ്യമല്ല. എന്നാൽ ഇഷ്ടിക നിർമ്മാണത്തിനും, ഹോളോ ബ്രിക്സ് നിർമ്മാണത്തിനും അസംസ്കൃത സാധനങ്ങൾ സുലഭമാണ്.

പ്രകൃതി ക്ഷോഭം മൂലം ഭവനം നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പ് കൊടുക്കുന്ന പുന:രധിവാസ ആനുകൂല്യം പഞ്ചായത്തിൽ വളരെ ചുരുക്കം പേർക്കേ ലഭിക്കുന്നുള്ളൂ. ലഭിക്കുന്ന തുക തുച്ഛവും നഷ്ടപ്പെട്ട വീടുകൾ പുന:നിർമ്മിക്കുവാൻ തുക മതിയാവുന്നില്ല.

പഞ്ചായത്തിലെ 9 പട്ടികജാതി കോളനികളിലായി 182 വീടുകളും 1257 ജനങ്ങളും ഉള്ളതായി കണക്കാക്കുന്നു. കൂടാതെ ലക്ഷം വീടു കോളനികളിൽ നാലിലുമായി 60 വീടുകളും ഉണ്ട്.

പഞ്ചായത്തിൽ 669 പേർക്ക് 10 സെന്റിൽ താഴെയെ ഭൂമിയുള്ളൂ. 669 ഭവനങ്ങളിലായി 1118 കുടുംബങ്ങൾ കഴിയുന്നു.

ഈ കുടുംബങ്ങളിലെ ജനസംഖ്യ 4,683 ആണ്. 449 കുടുംബങ്ങൾക്ക് വീട് വെയ്ക്കുവാൻ സ്വന്തമായി സ്ഥലം ഇല്ല എന്നത് പഞ്ചായത്തിലെ പാർപ്പിട നിർമ്മാണ രംഗത്ത് വലിയ ഒരു പ്രശ്നമാണ്.

10 സെന്റിൽ താഴെ ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണത്തിന് ഭൂമിക്കും കെട്ടിടത്തിനും സമ്പത്ത് കണ്ടെത്തേണ്ടി വരുന്നു.

പുളിക്കാമലയിൽ നിർമ്മിച്ചിട്ടുള്ള രാജീവ് ദശലക്ഷം പാർപ്പിട കോളനിയിലെ വീടുകളിലെല്ലാം താമസം തുടങ്ങിയിട്ടില്ല. 56 വീടുകളുള്ള പ്രസ്തുത കോളനിയിൽ വൈദ്യുതി, കുടിവെള്ളം ഇവ എത്തിയിട്ടില്ല. പ്രസ്തുത വീടുകൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥയുടെ കാർക്കശ്യം ബുദ്ധിമുട്ടുണ്ടാക്കുന്നു.

കൂലിവർദ്ധനവ് കെട്ടിട നിർമ്മാണ രംഗത്തേക്കുള്ള തൊഴിലാളികളെ ആകർഷിക്കുന്നുണ്ടെങ്കിലും വിദഗ്ധ തൊഴിലാളികളെ ലഭിക്കുന്നില്ല. വിദഗ്ധ തൊഴിലാളികൾക്ക് 150 രൂപ വരെയും അവിദഗ്ധ തൊഴിലാളികൾക്ക് പുരുഷന്മാർക്ക് 100രൂപായും സ്ത്രീകൾക്ക് 75 രൂപയും കൂലി ലഭിക്കുന്നു.

പാർപ്പിട രംഗത്ത് സങ്കീർണ്ണമായുള്ള ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ ചില നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. ചെലവു കുറഞ്ഞ വീടെന്ന ആശയം പഞ്ചായത്തിൽ പ്രാവർത്തികമാക്കുവാൻ നിർമ്മിതി കേന്ദ്രത്തിന്റെ ഒരു യൂണിറ്റ് മല്ലപ്പള്ളി ബ്ലോക്ക് പരിധിയിൽ ആരംഭിക്കുക.

2. വിവിധ സർക്കാർ ഏജൻസികൾ മുഖേന കൊടുക്കുന്ന ഭവന നിർമ്മാണ സഹായം ചുരുങ്ങിയത് 30,000/- രൂപയായി വർദ്ധിപ്പിക്കുക.

3. കെട്ടിട നിർമ്മാണ സാമഗ്രികൾ (സിമന്റ്, കമ്പി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന മിതമായ വിലയ്ക്കു കൊടുക്കാൻ കഴിയണം.

4. 4 ലക്ഷം രൂപയിലധികം നിർമ്മാണ ചെലവു വരുന്ന വീടുകൾക്ക് പ്രത്യേക നികുതികൾ ഏർപ്പെടുത്തുക.

5. 25 സെന്റിൽ താഴെ ഭൂമിയുള്ളവരുടെ ഭൂമികൈമാറ്റം സംബന്ധിച്ച ചെലവുകൾക്ക് ഇളവ് കൊടുക്കണം.

6. കെട്ടിട മെയിന്റനൻസിനു വേണ്ടി സർവ്വീസ് സംഘങ്ങൾ രൂപീകരിക്കുക.

7. ഭവന നിർമ്മാണ വായ്പാ സംഘങ്ങൾ വായ്പാ തുക വർദ്ധിപ്പിക്കുകയും പലിശ നിരക്കു കുറയ്ക്കുകയും ചെയ്യണം.

8. 'രാജീവ് ദശലക്ഷം' പാർപ്പിട പദ്ധതിയിൽ വീട് അനുവദിക്കുന്നവർക്ക് ആദ്യഗഡുവായ 3600 രൂപയും തവണയായി അടയ്ക്കുവാൻ സൗകര്യം ഏർപ്പെടുത്തണം.

9. രാജീവ് ദശലക്ഷം പദ്ധതിപ്രകാരമുള്ള വായ്പാതുക 40,000/- രൂപയായി വർദ്ധിപ്പിക്കുക.

10. 'മൈത്രിഭവന' നിർമ്മാണ പദ്ധതി ആനിക്കാട്ടിൽ പ്രചാരത്തിലാക്കുക.

11. പ്രകൃതിക്ഷോഭ പുന:രധിവാസ പദ്ധതിയുടെ ധനസഹായം കാലോചിതമായി പരിഷ്കരിക്കണം.

12. പട്ടിക ജാതി- പട്ടിക വർഗ്ഗ വിഭാഗക്കാരുടെ പണി പൂർത്തിയാക്കാത്ത 120 വീടുകൾക്ക് - ഭിത്തി, മേൽക്കൂര, തറ, തേപ്പ്- അറ്റകുറ്റപണിക്ക് സാമ്പത്തിക സഹായം നൽകുക.

13. സ്വന്തമായി ഭൂമിയില്ലാത്ത 449 കുടുംബങ്ങൾക്ക് ഘട്ടംഘട്ടമായി 4 സെന്റ് സ്ഥലവും വീടുവെക്കുവാൻ ധനസഹായവും ലഭിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കണം.

14. തീർത്തും താമസയോഗ്യമല്ലാതിരുന്ന ലക്ഷംവീടു കോളനികളിലെ വീടുകൾ പുനരുദ്ധരിക്കുവാൻ വേണ്ടി പഞ്ചായത്ത് ഫണ്ടിൽ നിന്നും 150000 കചിലവഴിച്ചു. ലക്ഷം വീടു കോളനികളിലെ വീടുകൾ പൊതുവെ ബലവത്തല്ല. ഒരു കൂരയുടെ കീഴിൽ രണ്ടു ഭവനം എന്നത് മാറണം. 4 സെന്റ് വീതമുള്ള ഭൂമിയിൽ, രണ്ടു പുര തീർക്കണം. ഇപ്പോഴുള്ള പുരയുടെ സാമഗ്രികൾ കുറെ ഉപയോഗിക്കാൻ സാധിക്കും.

അടുത്ത 5 വർഷക്കാലം കൊണ്ട് പഞ്ചായത്തിലെ മുഴുവൻ ഭവനരഹിതർക്കും പാർപ്പിടങ്ങൾ നിർമ്മിക്കുവാൻ കർമ്മോൻമുഖരായി ഏകോപിച്ചു പ്രവർത്തിക്കാം.

7.2. സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കുവാൻ പ്രധാനമായും രണ്ടു രീതിയിൽ പ്രവർത്തിക്കുന്നു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടത്തുന്ന ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും വിവിധ ക്ഷേമനിധി ബോർഡുകൾ നടത്തുന്ന പദ്ധതികളുമാണ് ഈ രംഗത്തെ മുഖ്യ പ്രവർത്തനങ്ങൾ.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത ഒരു പ്രശ്നമാണ്. പദ്ധതികളെകുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവരെ തെരെഞ്ഞെടുക്കുന്നതിലുള്ള മാനദണ്ഡം ശരിയായി പാലിക്കാതിരിക്കുക, സാങ്കേതികമായ നൂലാമാലകൾ ഇവ പ്രശ്നങ്ങളാണ്.

തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ കാര്യക്ഷമമല്ല. തൊഴിലാളികളുടെ ഇടയിൽ ഇതിനെക്കുറിച്ച് അറിവില്ല. ഇതിനൊരപവാദം കർഷകത്തൊഴിലാളി പെൻഷൻ മാത്രമാണ്. കെട്ടിട നിർമ്മാണ ക്ഷേമ ബോർഡിന്റെ പ്രവർത്തനം ഈ പഞ്ചായത്തിലില്ല.

വനിതാ വികസന കോർപ്പറേഷൻ -ബോർഡ് ഇവകൾ വഴിയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അറിവില്ല. അതിന്റെ കീഴിലുള്ള ഒരു ആനുകൂല്യവും വനിതകൾക്കു ലഭിച്ചിട്ടില്ല.

ശിശു ക്ഷേമ ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ചും ഇവിടെ ധാരണയില്ല. വികലാംഗ കോർപ്പറേഷൻ വഴിയുള്ള പ്രവർത്തനം തൃപ്തികരമായി നടക്കുന്നുവെന്നു കാണുന്നില്ല. 34 - വികലാംഗർക്ക് പെൻഷൻ കിട്ടുന്നുണ്ട്. രജിസ്റ്റർ ചെയ്ത 75 വികലാംഗർ ഉൾപ്പെടെ 100 ലധികം വികലാംഗരുണ്ട്. വികലാംഗത്വം തെളിയിക്കുന്നതിനു ജില്ലാ ആശുപത്രി വരെ യാത്ര ചെയ്യേണ്ടത് ബുദ്ധിമുട്ടുണ്ടാക്കുന്നു.

വിധവ പെൻഷൻ - വാർദ്ധക്യ കാലപെൻഷൻ ഇവ എല്ലാ ഗുണഭോക്താക്കൾക്കും ലഭിക്കുന്നില്ല. 37 പേർക്കു മാത്രമേ വിധവ പെൻഷൻ ലഭിക്കുന്നുള്ളു. വാർദ്ധക്യ കാലപെൻഷൻ ലഭിക്കുന്ന 6 പേർ മാത്രമേ പഞ്ചായത്തിലുള്ളു.

കർഷകത്തൊഴിലാളി പെൻഷൻ 165 പേർക്കു ലഭിക്കുന്നുണ്ട്. എങ്കിലും അർഹരായ നിരവധി പേർക്കു ഇനി ലഭിക്കുവാനുണ്ട്. തൊഴിൽ ഇല്ലായ്മ വേതനം ലഭിക്കുന്ന 137 യുവജനങ്ങൾ ആണ് ഉള്ളത്. 1200 സ്ഥിരം തൊഴിലില്ലാത്ത യുവജനങ്ങളുള്ള പഞ്ചായത്താണ് ആനിക്കാട്.

ക്ഷയരോഗപെൻഷൻ 2 പേർക്കു മാത്രമേ ലഭിക്കുന്നുള്ളു.

രണ്ടു വി. ഇ. ഒ. സർക്കിൾ വഴി ബ്ലോക്കുതല ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഐ. ആർ. ഡി. പി സർവ്വേ പ്രകാരമുള്ള കുടുംബങ്ങൾ 1712 ആണ്. പട്ടിക ജാതി -പട്ടിക വർഗ്ഗ കുടുംബങ്ങൾ 124. സഹായങ്ങൾ ലഭിച്ച മറ്റു കുടുംബങ്ങൾ 17 ഉം പട്ടികജാതി കുടുംബങ്ങൾ 27 ഉം ആണ്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൊണ്ട് ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ 66 ആണ്.

8. 2 പട്ടിക 1
പദ്ധതിപ്രകാരം അനുവദിച്ച വായ്പയും സബ്സിഡിയും

വർഷം	വായ്പ തുക	സബ്സിഡി
91-92	1,98,184	1,35,340
92-93	1,40,189	93,590
93-94	2,84,254	1,89,350
94-95	4,17,034	2,14.451
95-96	6,09,385	2,02,024

അവലംബം : ബ്ലോക്ക്ഓഫീസ് രേഖകൾ

ദേശസാൽകൃത ബാങ്കുകൾ പദ്ധതി അനുസരിച്ച് വായ്പകൾ നൽകുന്നതിൽ വിമുഖത പ്രകടിപ്പിക്കുന്നുണ്ട്.

റൂറൽ ആർട്ട്സ്സാൻസ് പ്രോഗ്രാം വഴി(RAP) ഗ്രാമീണ കൈത്തൊഴിൽ മുഖേന വരുമാനം വർദ്ധിപ്പിക്കുവാൻ 92-93 മുതൽ ആണ് ആരംഭിച്ചത്. R.A.P യിൽ 85 പേർ ഉൾപ്പെട്ടിട്ടുണ്ട്. സഹായം ലഭിച്ചവർ മൂന്ന്. ഡെവലപ്പ് മെന്റ് ഓഫ് വിമൻ ആൻഡ് ചിൽഡ്രൻ ഇൻ റൂറൽ ഏരിയ(D. W. C. R.A)ഈ പദ്ധതി പ്രകാരം 2 യൂണിറ്റുകൾ ആണ് തെരെഞ്ഞെടുത്തിട്ടുള്ളത്. 17 പേർക്കു തൊഴിൽ ലഭിക്കുന്നു.

ട്രൈസം

ഈ പരിപാടി പ്രകാരം പരിശീലനം സിദ്ധിച്ചവർ 44 ആണ്. 2 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

മിൽ ആൻഡ് വെൽ പദ്ധതി പ്രകാരം 24 കിണറുകൾക്ക് സഹായം നൽയിട്ടുണ്ട്.

സെന്റർലി സ്പോൺസേർഡ് സ്കീം (C.S.S)

ഈ പദ്ധതി പ്രകാരം പദ്ധതി കാലയളവിൽ 25 പമ്പ് സെറ്റ് അനുവദിച്ചു.

കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരം പദ്ധതി പ്രകാരം പദ്ധതികാലയളവിൽ ഉയർന്ന ക്ലാസിൽ പഠിക്കുന്ന 4 വിദ്യാർത്ഥികൾക്ക് ഗ്രാന്റുകൾ

നൽകിയിട്ടുണ്ട്.

സി. ആർ. എസ്. പി (സെന്റർ റൂറൽ സാനിട്ടേഷൻ പ്രോഗ്രാം) പദ്ധതി പ്രകാരം 23 പേർക്ക് കക്കൂസിന് ധനസഹായം കൊടുത്തിട്ടുണ്ട്.

പഞ്ചായത്ത് അൺടൈഡ് ഫണ്ടിൽ നിന്നും 39 കക്കൂസുകൾക്കും J.K.Y പദ്ധതിപ്രകാരം 43 കക്കൂസുകൾക്കും ധനസഹായം നൽകിയിട്ടുണ്ട്.

മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും ശിശുക്കൾക്കുമായി ബാലവാടിയും കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സെന്ററും നടത്തുന്നുണ്ട്.

താഴെ പറയുന്ന കേന്ദ്രങ്ങൾ വഴിയാണ് പദ്ധതി നടത്തുന്നത്.

കാലാകാലങ്ങളിൽ തെരെഞ്ഞെടുപ്പ് നടത്തുകയും പഞ്ചായത്തു തലത്തിൽ പരിശോധന നടത്തുവാനും ഏർപ്പാടുണ്ടാക്കണം.

യൂണിറ്റിലെ ഫീഡിംഗിനുള്ള തുക വർദ്ധിപ്പിക്കണം.

ദുർബ്ബല വിഭാഗത്തിൽ പെട്ട ഗർഭിണിമാരുടെയും അമ്മമാരുടെയും ശിശുക്കളുടെയും ആരോഗ്യ നിലവാരം തികച്ചും മോശമായിരിക്കുകയാണ്.

പോഷകാഹാരക്കുറവാണ് ഇതിന് എടുത്തു പറയുവാനുള്ളത്.

സി. പി. ഡബ്ല്യു . പി. സെന്ററുകളിൽ ഡോക്ടർമാർ രണ്ടു മാസത്തി

8. 2 പട്ടിക 2

നമ്പർ	വാർഡ്	സ്ഥാപനം	പ്രവർത്തനം
1.	1	പുല്ലുകുത്തി ബാലവാടി	നേഴ്സറി & ഫീഡിംഗ്
2.	2	നവരശ്മി മഹിളാ സമാജം പാതിക്കാട്	''
3	3	അയ്യങ്കാളി മഹിളാസമാജം വെള്ളിയാംമാവ്	പ്രവർത്തനം ഇല്ല
4	5	ജ്യോതി മഹിളാസമാജം വാളുവേലിൽ	നേഴ്സറി & ഫീഡിംഗ്
5	5	ഉദയാ മഹിളാസമാജം മാരിക്കൽ	''
6	8	ബാലവാടി പുന്നവേലി	''

സാമൂഹ്യ വനവൽക്കരണ പരിപാടി മുഖേന കഴിഞ്ഞ 5 വർഷം കൊണ്ട് 58,708 തൈകൾ ഉല്പാദിപ്പിച്ചു വിതരണം ചെയ്തു എന്ന് കണക്കാക്കപ്പെടുന്നു.

പ്രശ്നങ്ങളും സാധ്യതകളും

1. ബ്ലോക്കു മുഖേന നടപ്പിൽ വരുത്തുന്ന സാമൂഹ്യ ക്ഷേമ പദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് വേണ്ടത്ര അറിവില്ല.

അതുകൊണ്ട് ബഹുഭൂരിപക്ഷം വരുന്ന അർഹരായ ഗുണഭോക്താക്കൾക്കു ലഭിക്കുന്നില്ല. പദ്ധതി നടത്തിപ്പിൽ ദു:രൂഹത ജനങ്ങൾക്ക് അനുഭവപ്പെടുന്നു.

സാമൂഹ്യക്ഷേമ പദ്ധതിയെക്കുറിച്ച് ജനങ്ങളെ അറിയിക്കുവാനും ബോധവൽക്കരിക്കുവാനും ഗ്രാമപഞ്ചായത്ത് സമിതിയെ ചുമതലപ്പെടുത്തണം.

സ്വന്തമായി കെട്ടിടങ്ങളില്ലാതെ ബുദ്ധിമുട്ടുന്ന ബാലവാടികൾക്ക് അടിയന്തിര സഹായം എത്തിക്കണം.

ബാലവാടികളുടെയും ഫീഡിംഗ് സെന്ററിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കണം.

ലൊരിക്കൽ സന്ദർശിച്ച് പരിശോധന നടത്തുകയും മാതൃശിശു സംരക്ഷണത്തിനു വേണ്ട ഉപദേശങ്ങൾ നൽകുകയും വേണം. മുലയൂട്ടിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തണം.

സാനിറ്റേഷൻ

70 ശതമാനം ഭവനങ്ങളും സാനിറ്റേഷൻ സൗകര്യങ്ങൾ ഇല്ലാത്ത വയാണ്. C.R.S.P പദ്ധതി പ്രകാരവും പഞ്ചായത്തു മുഖേനയും നൽകിയ കക്കൂസുകളുടെ എണ്ണം വളരെ കുറവാണ്.

വർദ്ധിച്ചു വരുന്ന ജനസംഖ്യയെ പരിഗണിച്ച് പരിസരശുചീകരണം പൂർണ്ണമാക്കുന്നതിന് എല്ലാ വീടുകൾക്കും കക്കൂസ് ഉണ്ടാകേണ്ടതുണ്ട്.

ഈ ആവശ്യം മുൻനിർത്തി 40 ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു പദ്ധതി നിർദ്ദേശം കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകൾക്ക് പഞ്ചായത്തുകമ്മിറ്റി സമർപ്പിച്ചിട്ടുണ്ട്. അത് അനുവദിച്ചു കിട്ടേണ്ടത് അടിയന്തിരാവശ്യമാണ്.

സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ബോധ്യപ്പെട്ടിട്ടില്ല. 80 ശതമാനം വീടുകളിൽ വിറക് ആണ് പാചക ഇന്ധനമായി ഉപയോഗിക്കുന്നത്. ശരാശരി 8 കി. ഗ്രാം വിറക് ഒരു വീട്ടിൽ ഒരു ദിവസം ഉപയോഗിക്കുന്നു.

7000 ടൺ വിറക് പഞ്ചായത്തിൽ ഈ ആവശ്യത്തിനായി ഒരു വർഷം വേണം.

സാമൂഹ്യ വനവൽക്കരണ വകുപ്പും പഞ്ചായത്തും സംയുക്തമായി പഞ്ചായത്തിൽ തന്നെ നേഴ്സറികളിൽ തൈകൾ ഉല്പാദിപ്പിക്കുകയാണ് ഉത്തമം.

വിറകിന്റെ ആവശ്യകതയെക്കുറിച്ചും വൃക്ഷങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ജനങ്ങൾക്കു മനസിലാക്കി കൊടുക്കണം.

പൊതുസ്ഥലങ്ങളിൽ നടുന്ന വൃക്ഷതൈകളുടെ സംരക്ഷണചുമതല പ്രാദേശിക സന്നദ്ധ സംഘടനകളെയോ ഓഫീസുകളെയോ ഏൽപ്പിക്കാവുന്നതാണ്.

പെൻഷൻ

പെൻഷൻ ക്ഷേമപദ്ധതികൾ പഞ്ചായത്തു തലത്തിൽ തന്നെ കൈകാര്യം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാവണം. വിവിധ ക്ഷേമബോർഡ് പ്രവർത്തനങ്ങളെപ്പറ്റി ജനങ്ങളെ അറിയിക്കുവാനും ക്രമീകരണം ഉണ്ടാവണം.

വികലാംഗരെ പുനരധിവസിപ്പിക്കുവാൻ സ്വയം തൊഴിൽ പദ്ധതികൾക്ക് രൂപം കൊടുക്കണം.

7. 3. വിതരണം

ഈ പഞ്ചായത്തിൽ ആകെ 11 റേഷൻ കടകളാണ് പ്രവർത്തിച്ചു വരുന്നു. 2432 റേഷൻകാർഡ് ഉടമകളാണ് ഉള്ളത്. പൊതുവിതരണ രംഗത്തു പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളില്ല. സഹകരണ ബാങ്ക് ഓണച്ചന്ത നടത്താറുണ്ട്. ഉപഭോക്തൃ സംഘങ്ങൾ ഇല്ലാത്തതു കൊണ്ട് ഉപഭോക്താക്കൾ കൂടുതൽ ചൂഷണ വിധേയരാവുന്നു.

റേഷൻ ഷോപ്പുകൾ സാധാരണക്കാർക്ക് പരാതി ഉള്ള മേഖലയായിരിക്കുകയാണ്.

റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തിൽ തന്നെ സ്വീകരിച്ച് പരിഹാരം കാണുവാനുള്ള ഏർപ്പാട് ഉണ്ടാവണം.

കടകൾക്കനുവദിക്കുന്ന സാധനങ്ങളുടെ സ്റ്റോക്ക് , വില ഇവ എല്ലാ ആഴ്ചകളിലും ജനങ്ങളെ അറിയിക്കുവാൻ പഞ്ചായത്തിനു കഴിയണം.

റേഷൻ കടകൾ പരിശോധിക്കുവാൻ പഞ്ചായത്തധികാരികൾക്ക് അധികാരമുണ്ടാവണം.

200 കാർഡിന് ഒരു റേഷൻ കട എന്ന തോതിൽ കടകളെ നിയന്ത്രിക്കണം.

പൊതുവിതരണ രംഗത്ത് ഏക ആശ്രയം റേഷൻ കടകൾ മാത്രമാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഒരു മാവേലി സ്റ്റോർ പഞ്ചായത്തിൽ പ്രവർത്തിക്കാവുന്നതാണ്.

വെള്ളിയാമ്മാവ് കേന്ദ്രമായി ഒരു റേഷൻ കട അനുവദിച്ചാൽ ആ ഭാഗത്തുള്ള ജനങ്ങൾക്കു കൂടുതൽ പ്രയോജനമുണ്ടാവും.

ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിച്ചു ഉപഭോക്താക്കളെ ബോധവൽക്കരിക്കണം.

ഗുണനിലവാരമുള്ള അരിയും മറ്റു സാധനങ്ങളും റേഷൻ ഷോപ്പു വഴി വിതരണം ചെയ്യണം. ഇപ്പോൾ ലഭിക്കുന്ന പച്ചരി നിലവാരം കുറഞ്ഞതാണ്.

റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ചാക്കരി ചോറു വെയ്ക്കുവാൻ കൊള്ളുന്നവയല്ല. സർക്കാർ വിതരണം ചെയ്യുന്ന സൂപ്പർ ഫൈൻ അരി എല്ലാ ആഴ്ചയിലും വിതരണം ചെയ്യുന്നു എന്ന് ഉറപ്പു വരുത്തണം.

വൈദ്യുതി കണക്ഷൻ ഇല്ലാത്ത വീടുകളാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും.വെളിച്ചത്തിനായി മണ്ണെണ്ണ വിളക്കുകളാണ് ഇവർക്ക് ആശ്രയം. റേഷൻ കടകളിൽ നിന്നും ആവശ്യത്തിനുള്ള മണ്ണെണ്ണ ലഭിക്കുന്നില്ല. മണ്ണെണ്ണ അനുവദിച്ചിരിക്കുന്ന അളവിൽ തന്നെ ലഭ്യമാക്കുവാൻ കഴിയണം.

പട്ടിക 8. 2

1995 - 96 ൽ റേഷൻ കടകൾ വഴി വിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കൾ (ക്വിന്റലിൽ)

കടനമ്പർ	അരി	ഗോതമ്പ്	പഞ്ചസാര	പാംഓയിൽ	റവ	മൈദ
ARD. 1	300	180	65	.....	2.7	11.7
ARD. 2	510	210	85	.....	5	10
ARD. 3	330	144	60	.....	7.2	21.6
ARD 4	240	130	63	.....	6	6
ARD 5	600	120	125	.....	50	125
ARD 6	210	101	23	.....	.....	.....
ARD 7	315	115	60	.....	6	20
ARD 8	107	52	15	.....	18	81
ARD 9	400	134	70	.....	6	20
ARD 10	140	307	41	.....	27	9.9
ARD 11	225	407	74	.....	36	14.40

അവലംബം : സെക്കൻഡറി ഡേറ്റാ, റേഷൻകട

8. വനിത

വനിതകളുടെ അവകാശങ്ങളെപ്പറ്റി ലോകമെങ്ങും പുതിയ അവബോധം ഉണ്ടായികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇവിടുത്തെ വനിതകളിൽ ഭൂരിപക്ഷവും കുടുംബിനികളായി ഒതുങ്ങിക്കൂടുന്നു.

സാമൂഹ്യരംഗത്ത് സ്ത്രീജനങ്ങളുടെ പങ്കാളിത്തം ഉണ്ടായിട്ടില്ല. രാഷ്ട്രീയ- സാംസ്കാരിക രംഗങ്ങളിലും സ്ഥിതി മറിച്ചല്ല.

ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാലം വരെ ശൈശവ വിവാഹം എല്ലാ സമുദായങ്ങളിലും നിലനിന്നിരുന്നു.

ഈ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം 7201 ആണ്. പുരുഷന്മാരേക്കാം 262 കൂടുതൽ. 25:26 എന്നതാണ് സ്ത്രീപുരുഷ അനുപാതം.

95 ശതമാനം സ്ത്രീകളും സാക്ഷരരാണ്.

പ്രാഥമിക വിദ്യാഭ്യാസം പൊതുവേ സ്ത്രീകൾക്ക് ലഭിച്ചിട്ടുണ്ട്. 50 വർഷങ്ങൾക്കു മുമ്പ് സ്ത്രീകൾ വിദ്യാഭ്യാസ രംഗത്ത് പിൻപന്തിയിലായിരുന്നു.

ഉന്നത വിദ്യാഭ്യാസ രംഗത്തും ഉയർന്ന ഉദ്യോഗങ്ങളിലും സ്ത്രീകൾ കുറവാണ്.

എന്നാൽ ഇന്ന് അദ്ധ്യാപന രംഗത്ത് വനിതകളാണ് കൂടുതൽ. ക്രിസ്തീയ വിഭാഗങ്ങളിലെ സ്ത്രീകൾ മറ്റു മത വിഭാഗങ്ങളിലെ വനിതകളെ അപേക്ഷിച്ച് മുൻപന്തിയിലാണ്.

തൊഴിൽ മേഖലകളിൽ സ്ത്രീകൾ ഇവിടെ പൊതുവേ കുറവാണ്. ഭൂരിപക്ഷം സ്ത്രീകളും കുടുംബജോലിയിൽ മുഴുകുന്നവരാണ്.

രണ്ട് ദശാബ്ദമായി പെൺകുട്ടികളിൽ ഭൂരിപക്ഷവും എസ്. എസ്. എൽ. സി, പ്രീ ഡിഗ്രി ഇവയ്ക്കു ശേഷം നേഴ്സിംഗ് പഠനത്തിനു പോകുന്നു എന്നത് പ്രസ്താവ്യമാണ്.

ചെറുകിട വ്യവസായരംഗത്തൊഴികെ മറ്റു രംഗങ്ങളിലൊന്നും വൈദഗ്ധ്യം പുലർത്തുന്ന ജോലികളിൽ സ്ത്രീകളില്ല.

അവിദഗ്ധ തൊഴിലിൽ പുരുഷന്മാരെക്കാൾ 35 ശതമാനം കുറവാണ് സ്ത്രീകളുടെ കൂലി.

സ്ത്രീ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു.

പരമ്പരാഗത വിദ്യാഭ്യാസം പഞ്ചായത്തിൽ വനിതകൾക്ക് ലഭിച്ചിട്ടുള്ളതിനാൽ സാംസ്കാരിക വളർച്ചയ്ക്കും കാരണമായിട്ടുണ്ട്.

ജനാധിപത്യ മഹിളാ അസോസിയേഷന്റെ ഒരു കമ്മിറ്റി പഞ്ചായത്തിൽ നിലവിലുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിനും അവകാശങ്ങൾക്കുമായി പ്രവർത്തിക്കുന്നു.

5 മഹിളാസമാജങ്ങൾ പഞ്ചായത്തിലുണ്ട്. 4 വനിതാ തൊഴിൽ സംരംഭങ്ങളിൽ 2 യൂണിറ്റുകൾ ഡി. ഡബ്ല്യു. സി. ആർ. എ (ഡവലപ്പ്മെന്റ് ഫോർ വിമൻ ആൻഡ് ചിൽഡ്രൺ ഇൻ റൂറൽ ഏരിയ) യൂണിറ്റുകളാണ്.

37 പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നുണ്ട്.

തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവരിൽ ഭൂരിഭാഗവും വനിതകളാണ്.

42 വനിതകൾക്ക് കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്നു.

സ്ത്രീകളും പുരുഷന്മാരും ആരോഗ്യ സംരക്ഷണത്തിൽ പൊതുവേ തുല്യരാണ്.

സ്ത്രീധന പീഡനം പഞ്ചായത്തിൽ അലട്ടുന്നില്ല. എങ്കിലും വിവാഹത്തോടനുബന്ധിച്ചുള്ള സാമ്പത്തിക പരാധീനത യുവതികളുടെ വിവാഹത്തിന് ഒരു പ്രശ്നമാണ്.

പ്രശ്നങ്ങൾ

സ്ത്രീകളിൽ കൂടുതലും പരിമിത തൊഴിലാളികളും തൊഴിൽ രഹിതരുമാണ്.

തൊഴിൽ കണ്ടെത്തുക എന്നത് സ്ത്രീകൾക്ക് ഒരു പ്രശ്നമായി നിലനില്ക്കുന്നു.

സാമൂഹ്യ പ്രവർത്തനരംഗത്ത് സ്ത്രീകൾ മുമ്പിൽ വരുന്നില്ല. അതുകൊണ്ട് കഴിവുകൾ സമൂഹത്തിന് പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

ഭൂരിപക്ഷം കുടുംബിനികൾക്കും സാമ്പത്തിക ശേഷി കുറവായതുകൊണ്ട് സ്വന്തം കാലിൽ നില്ക്കാൻ കഴിയുന്നില്ല. അതുകൊണ്ട് മൂലധനമുടക്കുള്ള സംരംഭങ്ങൾക്ക് മുൻകൈ എടുക്കുവാൻ സാധിക്കുന്നില്ല.

പട്ടിക 1

സ്ത്രീകളുടെ തൊഴിൽ മേഖല

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കൃഷി കർഷക തൊഴിലാളി	41	981
മൃഗസംരക്ഷണം	144	951
ചെറുകിട വ്യവസായം	40	
കെട്ടിട നിർമ്മാണം	70	30
പാരമ്പര്യകുടിൽ വ്യവസായം	32	210
	30	

അവലംബം സെക്കൻഡറി ഡേറ്റാ
സാമൂഹ്യ സർവ്വേ

മഹിളാസംഘങ്ങൾക്കും വനിതാ വ്യവസായ യൂണിറ്റുകൾക്കും പ്രവർത്തന ഫണ്ടില്ലാത്തതും ഭരണനിർവ്വഹണ രംഗത്ത് പരിശീലന കുറവും ഒരു പ്രശ്നമാണ്.

പരമ്പരാഗത കുടിൽ വ്യവസായത്തിന്റെ അധ:പതനം ദരിദ്ര സ്ത്രീകൾക്കാണ് ദോഷമായി ഭവിച്ചിട്ടുള്ളത്.

ദുർബ്ബല വിഭാഗത്തിൽ പെട്ട സ്ത്രീകൾക്ക് പോഷക ആഹാരക്കുറവ് പ്രകടമാണ്.

പ്രത്യേകിച്ച് ഗർഭിണികൾക്കും ശിശുക്കൾക്കും ഇതുമൂലം രോഗങ്ങൾ ഉണ്ടാവുന്നു.

പരിഹാരങ്ങൾ

വനിതാ സഹകരണ സംഘങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുക്കണം.

തയ്യൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വനിതകളെ സംയോജിപ്പിച്ച് ഒരു 'മതർ' യൂണിറ്റ് രൂപീകരിക്കുക.

നിലവിലുള്ള രണ്ടു വനിത ഡയറി യൂണിറ്റുകൾ ഏകോപിപ്പിച്ചാൽ വിപണനത്തിനും മറ്റും സാധ്യത വർദ്ധിക്കും.

പരമ്പരാഗത കൈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഈറ്റ, തഴ ഇവ നെയ്യുന്നവരെ സംഘടിപ്പിച്ച് സഹകരണ അടിസ്ഥാനത്തിൽ ഒരു സംഘം രൂപീകരിക്കാവുന്നതാണ്.

സമഗ്രമായ ഒരു കോഴി വളർത്തൽ പദ്ധതി പഞ്ചായത്തിലുണ്ടായാൽ ദരിദ്ര കുടുംബിനികൾക്ക് സാമ്പത്തികമായ നേട്ടം ഉണ്ടാവും . കേന്ദ്രീകൃത യൂണിറ്റിൽ വിപണനവും വീടുകളിൽ ഉല്പാദനവും നടക്കുന്ന രീതിയിലായിരിക്കണം ആസൂത്രണം ചെയ്യേണ്ടത്.

ദുർബ്ബല വിഭാഗ വനിതകളുടെ ആരോഗ്യം നിലനിർത്തുവാൻ ഒരു വാർഡിൽ ഒന്ന് എന്ന ക്രമത്തിൽ ഫീഡിംഗ് സെന്ററുകൾ സ്ഥാപിക്കണം.മഹിളാസമാജങ്ങൾ മുൻകൈ എടുക്കണം. ഡോക്ടറുടെ സേവനവും മാസത്തിലൊരിക്കൽ അവിടെ ലഭ്യമാക്കണം. അർഹരായ മുഴുവൻ വിധവകൾക്കും വിധവാ പെൻഷൻ അനുവദിക്കണം.പെൺകുട്ടികളായ മക്കളുടെ വിവാഹത്തിന് വിധവകൾക്ക് കൊടുക്കുന്ന ധനസഹായം അയ്യായിരം രൂപയായി ഉയർത്തണം. വിധവപെൻഷൻ 150 രൂപയായി വർദ്ധിപ്പിക്കണം.

അടുക്കള 'പച്ചക്കറി തോട്ട വ്യാപനം' വനിതകൾക്ക് വളരെ പ്രയോജനപ്രദമാണ്.

തുല്യജോലിക്കു തുല്യ വേതനം എന്ന നയം പ്രാബല്യത്തിൽ വരുത്തണം.

കുടുംബ കോടതിയുടെ സിറ്റിംഗ് വർഷത്തിലൊരിക്കൽ പഞ്ചായത്തിൽ നടത്തേണ്ടതാണ്.

സാംസ്കാരിക നിലവാരം ഉയർത്തുവാൻ പാഠ്യേതര വിഷയങ്ങളിലും കലാ കായിക വിഷയങ്ങളിലും വനിതകൾക്ക് പഞ്ചായത്ത് സഹായവും പ്രോത്സാഹനവും കൊടുക്കണം.

ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകൾക്കുള്ള പങ്കാളിത്തം ഉറപ്പാക്കണം.

നിയമം മൂലമുള്ള സംവരണം മാത്രമേ ലഭിക്കുന്നുള്ളു. ബോധപൂർവ്വമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ പങ്കാളിത്തം ഉറപ്പാക്കാൻ സാധിക്കു.

സമ്പന്നമായ ഒരു പാരമ്പര്യത്തിന്റെ പ്രാമാണീകത അവകാശപ്പെടാവുന്ന ഭൂമിയാണ് ഈ 'അയിനി' മരങ്ങളുടെ ഗ്രാമത്തിന്. പഴയ തിരുവിതാംകൂർ നാട്ടുരാജ്യത്തിലുൾപ്പെട്ടിരുന്ന ഈ പ്രദേശം ഇടപ്പള്ളി രാജാവിന്റെ അധീശത്വത്തിലായിരുന്നു.

ഫ്യൂഡൽ പ്രഭുവർഗ്ഗ സർവ്വാധിപത്യത്തിന്റെ ഫലങ്ങൾ അനുഭവിച്ചവരാണ് ഈ നാട്ടിലെ ഭൂരിപക്ഷം വരുന്ന കർഷക ജനത. ഫ്യൂഡൽ ജന്മിത്ത വാഴ്ചയുടെ തീഷ്ണമായ അനുഭവം ഉള്ളവരാണ് ഇവിടുത്തെ അടിസ്ഥാന വർഗ്ഗം. ഈ ചരിത്ര അവബോധം ഉൾക്കൊണ്ട ഒരു സംസ്ക്കാരിക വീക്ഷണം ഈ ഗ്രാമത്തെ സമ്പന്നമാക്കിയിട്ടുണ്ട്.

സവർണ്ണ - സമ്പന്ന - നാടുവാഴി പ്രഭുക്കളുടെ അധികാര അവകാശത്തെ ചെറുത്തു നിന്ന് വൻ പോരാട്ടം നടത്തിയ ചരിത്രം ആനിക്കാട്ടിലില്ലെങ്കിലും ജനതയുടെ ഒറ്റപ്പെട്ട ചെറുത്തു നില്പിന്റെ കഥകൾ ധാരാളമുണ്ട്.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ഭാരതമൊട്ടാകെ ആഞ്ഞടിച്ച പ്രതിഷേധത്തിന്റെ അലയടികൾ ആനിക്കാട്ടിലും ഓളങ്ങൾ സൃഷ്ടിച്ചു.

വിദേശ ക്രൈസ്തവ മിഷനറിമാരുടെ ആഗമനത്തോടെ മദ്ധ്യ തിരുവിതാംകൂറിലെ വിദ്യാഭ്യാസരംഗത്ത് ഉണ്ടായ പുരോഗതിയുടെ ഫലം ഇവിടെയും ഉണ്ടായി. ഈ വിദ്യാഭ്യാസ പുരോഗതികൊണ്ട് അന്ധ വിശ്വാസങ്ങളും ഉച്ചനീചത്വവും ഒരുപരിധി വരെ ഇല്ലാതാക്കുവാൻ സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ജനങ്ങൾ മൂന്ന് മതവിഭാഗങ്ങളിൽപ്പെടുന്നവരാണ്. ഭൂരിപക്ഷം വരുന്നത് ക്രിസ്ത്യാനികളും രണ്ടാമത് ഹിന്ദുക്കളും മൂന്നാമത് ഇസ്ലാം മതസ്ഥരുമാണ്.

അയിത്തം മുൻകാലങ്ങളിൽ സമൂർത്ത ഭാവത്തിൽ നിലനിന്നിരുന്നു. ഇതിന്റെ പ്രതീകമായി ഗ്രാമത്തിലെ ചില സ്ഥലനാമങ്ങൾ നിലനില്ക്കുന്നു. അടിയാള വർഗ്ഗങ്ങൾക്കും ചുറ്റും അയിത്തത്തിന്റെയും അടിമത്തത്തിന്റെയും വേലികെട്ടുകൾ ഉയർത്തിയിരുന്നു. സവർണ്ണരുടെ ആവാസകേന്ദ്രങ്ങളിലേക്കു പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന അധ:സ്ഥിത ജനത, സവർണ്ണരുടെ ആവശ്യത്തിനുള്ള പുല്ല് അവരുടെ വാസസ്ഥലങ്ങളിൽ നിന്നും ദൂരെയായി കുത്തിവെയ്ക്കുന്ന സ്ഥലമാണ് പിന്നീട് പുല്ലുകുത്തിയായി തീർന്നത് എന്നാണ് ഐതീഹ്യം.

ഉച്ചനീചത്വത്തിനും അയിത്തത്തിനും ഇപ്പോൾ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ജാതീയത നിലനില്ക്കുന്നു.

വർഗ്ഗീയ സംഘട്ടനങ്ങൾ ഇവിടെ ഉണ്ടാകാറില്ല. പ്രസിദ്ധമായ വായ്പൂർ മഹാദേവർ ക്ഷേത്രം, ആനിക്കാട് ദേവി ക്ഷേത്രം ഇവ ഹിന്ദുക്കളുടെ പ്രധാന ആരാധനാകേന്ദ്രങ്ങളാണ്. പാതിക്കാട് ഓർത്തഡോക്സ് പള്ളി, കുന്നിരിക്കൽ മലങ്കര കത്തോലിക്കാ പള്ളി, ആനിക്കാട് ആരോഹണ മർത്തോമാ പള്ളി, പുന്നവേലി സി. എസ്. ഐ. പള്ളി, ചക്കാലക്കുന്ന് പള്ളി എന്നിവ ക്രൈസ്തവരുടെ പ്രധാന ദേവാലയങ്ങളാണ്. ഇവ കൂടാതെ നിരവധി ആരാധനാലയങ്ങൾ ക്രൈസ്തവർക്കുണ്ട്.

പുന്നവേലിയിലും വായ്പൂരിലും ഓരോ മുസ്ലീം ദേവാലയങ്ങൾ ഉണ്ട്.

ഈ ആരാധനാലയങ്ങളിലെ ഉൽസവ - പെരുനാൾ - ആഘോഷങ്ങൾക്ക് ജാതി-മത ഭേദമന്യേ ജനങ്ങൾ സഹകരിക്കുന്നു.

ഈ ഗ്രാമത്തിലുണ്ടായ സാംസ്കാരിക വളർച്ചയുടെ മുഖ്യ ഉറവിടം വിദ്യാവിതരണമാണ്. ഔപചാരിക അനൗപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇതിന് സഹായകമായിരുന്നു. പഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങളിൽ ഭൂരിപക്ഷത്തിനും ഒരു നൂറ്റാണ്ടത്തെ പഴക്കമുള്ളവയാണ്. അരനൂറ്റാണ്ടിനു മുമ്പ് ഹൈസ്കൂൾ വിദ്യാഭ്യാസവും ആരംഭിച്ചു.

1950 - കളിൽ സാംസ്കാരിക രംഗത്ത് ചില സംരംഭങ്ങൾ ഉണ്ടായത് പ്രസ്താവ്യമാണ്.

ആനിക്കാട് വിജയ റീഡിംഗ് റൂം ആൻഡ് ലൈബ്രറി, പീപ്പിൾസ് റീഡിംഗ് റൂം ആൻഡ് ലൈബ്രറി പെരുമ്പട്ടി മണ്ണ്, വൈ. എം. എ. ക്ലബ് ആൻഡ് ലൈബ്രറി കരിനോലി, നേതാജി റീഡിംഗ് ആൻഡ് ലൈബ്രറി വായ്പൂർ, യൂണിയൻ ക്ലബ് ആൻഡ് റീഡിംഗ് റൂം പുന്നവേലി, ജനത ലൈബ്രറി ആൻഡ് റീഡിംഗ് റൂം കുളത്തുങ്കൽ കവല എന്നീ സാംസ്കാരിക സ്ഥാപനങ്ങൾ 1950 കളിൽ പ്രവർത്തിച്ചിരുന്നു.

ജനങ്ങളിൽ വായനാശീലം വളർത്തുന്നതിനും കായിക-കലാരംഗത്ത് പുരോഗതി കൈവരിക്കുന്നതിനും ഈ സംരംഭങ്ങൾക്ക് കുറെയൊക്കെ കഴിഞ്ഞിട്ടുണ്ട്.

മലയാള മനോരമ, ദേശബന്ധു എന്നീ ദിനപത്രങ്ങൾ ആയിരുന്നു. ഈ പ്രദേശത്ത് കൂടുതൽ പ്രചാരം. സരസൻ എന്ന കാർട്ടൂൺ ഹാസ്യമാസികയും പ്രചാരത്തിലുണ്ടായിരുന്നു.

ഇപ്പോൾ പത്രമാസികകം ഈ പഞ്ചായത്തിൽ വലിയ തോതിൽ പ്രചാരത്തിലുണ്ട്. മനോരമ, മാതൃഭൂമി കേരള കൗമുദി, ദേശാഭിമാനി തുടങ്ങിയ പത്രങ്ങളാണ് പ്രചാരത്തിൽ.

1470 പത്രവരിക്കാർ പഞ്ചായത്തിലുണ്ടെന്നും കണക്കാക്കുന്നു. 7500 പേർ പത്രപാരായണം നടത്തുന്നുണ്ട്.

ഇപ്പോൾ ഏതാനും ലൈബ്രറികളും ആർട്ട്സ് ക്ലബുകളും പ്രവർത്തിക്കുന്നുണ്ട്.

നെഹ്രു യുവകേന്ദ്രത്തിൽ

പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതി പിന്നോക്ക ജാതിയിൽ പെട്ടവരാണ്. ഭൂസ്വത്തിന്റെ 80 ശതമാനവും അൻപതു ശതമാനമുള്ള സവർണ്ണജാതിക്കാരുടെ കൈവശമാണ്. സാമ്പത്തികവും ജാതിയവുമായ പിന്നോക്ക അവസ്ഥ അനുവേക്കുന്ന ജനതയ്ക്ക് സാംസ്കാരിക മുന്നേറ്റത്തിന് അവസരം ലഭിക്കുന്നില്ല.

പ്രശ്നങ്ങൾ

1. **സാംസ്കാരിക കേന്ദ്രങ്ങളുടെ അഭാവം** II, III, V, VI, VII, VIII വാർഡുക

ക്രമ നമ്പർ	പേര്	രജിസ്ട്രേഷൻ നമ്പർ	അംഗത്വം	പുസ്തകം
1.	വിജയാ ഗ്രന്ഥശാല ആനിക്കാട്	1704/55	175	2969
2.	പീപ്പിൾസ് ലൈബ്രറി ആന്റ് റീഡിംഗ് റൂം	1794/54	462	.....
3.	സ്നേഹ സാംസ്കാരിക കലാസമിതി വേദി	354/96	40	.....
4.	യുവശക്തി സ്പോർട്സ് ക്ലബ് - പാമ്പാടിമൺ	.....	.....	.....
5.	വിവേകാനന്ദ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് പുല്ലുകുത്തി	.....	.....	.....
6.	വികൂറി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് തൊട്ടിപ്പടി	.....	.....	.....
7.	ഗോൾഡൻ ആർട്സ് ആൻറ് സപോർട്സ് ക്ലബ് ചക്കാലക്കുന്ന്	P/347/93	.....	.....
8.	സൗപർണിക ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് ചക്കാലക്കുന്ന്	P 95/95	.....	.....
9.	മംഗളം കലാ സാഹിത്യ വേദി, വെള്ളിയാംമാവ്	.....	.....	....

ഫിലിയേഷനുള്ള പഞ്ചായത്തിലെ ഏക സ്ഥാപനം വായ്പൂരുള്ള ഗോൾഡൻ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബാണ്.

സാക്ഷരതാപ്രവർത്തനങ്ങളുടെ ആദ്യഘട്ടം പഞ്ചായത്തിൽ തൃപ്തികരമായി നടന്നു. നവസാക്ഷരർക്കുള്ള തുടർ വിദ്യാഭ്യാസം ഇപ്പോൾ നടക്കുന്നില്ല.

ആധുനിക ഇലക്ട്രോണിക് മാധ്യമമായ ടെലിവിഷൻ 640 ഭവനങ്ങളിലുള്ളതായി കണക്കാക്കപ്പെടുന്നു. റേഡിയോ സെറ്റുകൾ 75 ശതമാനം ഭവനങ്ങളിലും ഉണ്ട്. കേബിൾ ടെലിവിഷൻ പ്രവർത്തനം പഞ്ചായത്തിൽ ഇല്ല.

അമച്ച്വർ കലാവേദികളോ സിനിമാ ശാലകളോ പഞ്ചായത്തിൽ ഇല്ല.

ളിൽ ഗ്രന്ഥശാലയോ വായന ശാലകളോ ഇല്ല. I,IV വാർഡുകളിലുള്ള ഗ്രന്ഥശാലകൾക്ക് സ്വന്തം കെട്ടിടവും ആവശ്യത്തിനുള്ള ഗ്രന്ഥങ്ങളും ഇല്ല.

2. രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനം നിർജ്ജീവമായിരിക്കുന്നു.

3. കായികരംഗത്ത് പ്രാചീനങ്ങളായ കളികൾ അന്യം നിന്നു പോയിരിക്കുന്നു.

4. കാർഷിക- സംസ്കാരത്തിന്റെ ഭാഗമായ കായിക- കലകൾക്ക് പ്രോൽസാഹനം ലഭിക്കുന്നില്ല.

5. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളുടെ കലാ കായിക പ്രതിഭ പരിരക്ഷിക്കുവാൻ മാർഗ്ഗങ്ങളില്ല.

6. സ്കൂളുകളിൽ പാഠ്യേതര വിഷയങ്ങൾക്ക് പരിഗണന കിട്ടുന്നില്ല. സ്കൂൾ ലൈബ്രറികളുടെ സൗകര്യങ്ങൾ പരിമിതമാണ്.

7. VII-ാം വാർഡിലുള്ള പഞ്ചായത്തു വക ലൈബ്രറി കെട്ടിടം ഉപയോഗം ഇല്ലാതെ കിടക്കുന്നു.

8. പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ ഇല്ല എന്നത് ഒരു അസൗകര്യമാണ്.

9. പ്രാചീന കലകൾ നിലനിർത്തുവാൻ വേദികളോ സഹായങ്ങളോ ഇല്ല.

നിർദ്ദേശങ്ങൾ

പഞ്ചായത്ത് ആസ്ഥാനത്ത് ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഇൻഫർമേഷൻ സെന്ററും ലൈബ്രറിയും ആരംഭിക്കണം.

ലൈബ്രറികൾ ഇല്ലാത്ത വാർഡുകളിൽ അവിടുത്തെ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ വായനാശാലകൾ തുടങ്ങണം.

എല്ലാ വായനശാലകളിലും ദിനപത്രങ്ങൾ അനുവദിക്കണം.

നിലവിലുള്ള ലൈബ്രറികളുടെ പ്രവർത്തനം സജീവമാക്കണം.

സാക്ഷരതാ പ്രവർത്തനങ്ങൾ പുന:രുജ്ജീവിപ്പിക്കുകയും വിദ്യാകേന്ദ്രങ്ങൾ സജീവമാക്കുകയും വേണം.

പഞ്ചായത്തു തലത്തിൽ പ്രാചീന- കായിക- കലകൾ നിലനിർത്തുവാനും വളർത്തുവാനും ഉള്ള സംരംഭങ്ങൾ ഉണ്ടാവണം.

എല്ലാ സ്കൂൾ ലൈബ്രറികളും പി.റ്റി.എ യും പഞ്ചായത്തും സഹകരിച്ച് നവീകരിക്കണം.

സ്കൂൾ കുട്ടികളുടെ കലാ കായിക പ്രതിഭ വളർത്തുവാൻ പരിശീലന പരിപാടി അവധിക്കാലത്ത് പഞ്ചായത്തിൽ നടപ്പാക്കണം.

ഏഴാം വാർഡിലുള്ള പഞ്ചായത്ത് വക ലൈബ്രറി പ്രവർത്തനക്ഷമമാക്കണം. സന്നദ്ധ സംഘടനകളുടെ സഹകരണം തേടി വേണം ലൈബ്രറി പ്രവർത്തിക്കുവാൻ.

കോളനികളിൽ കമ്മ്യൂണിറ്റി സെന്ററുകൾ സ്ഥാപിക്കണം.

ഈ സെന്ററുകളിൽ ദിനപത്രം, ടെലിവിഷൻ, കലാ-കായിക വിനോദങ്ങൾ ഇവയ്ക്ക് സൗകര്യം ഉണ്ടായിരിക്കണം.

'വില്ലേജ് ഇൻഡസ്ട്രീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റീസ്' എന്ന പേരിൽ അൻപതു വർഷങ്ങൾക്ക് മുമ്പു ആരംഭിച്ച ചെറുകിട വ്യവസായ സംഘം ആയിരുന്നു ആനിക്കാട്ടിലെ സഹകരണ മേഖലയിലെ പ്രഥമ സംരംഭം. ഈ സംഘം ഏകദേശം 8 വർഷം പ്രവർത്തിച്ചു. ഭരണപരമായ പ്രശ്നവും സാങ്കേതിക വൈദഗ്ധ്യകുറവും കാരണം ഈ സംഘത്തിന്റെ പ്രവർത്തനം നിന്നു പോയി.

ഈ സംഘത്തിന്റെ പ്രവർത്തനം നിലച്ചതോടുകൂടി ഗ്രാമത്തിൽ സഹകരണ രംഗത്ത് കുറെനാളുകൾ പ്രവർത്തനം ഇല്ലായിരുന്നു.

1960-ൽ സ്ഥാപിച്ച ആനിക്കാട് സർവ്വീസ് സഹകരണബാങ്കാണ് പിന്നീടുണ്ടായ ആദ്യത്തെ സഹകരണ സംരംഭം.

തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പുന്നവേലി പ്രവർത്തിക്കുന്ന ശാഖയാണ് പഞ്ചായത്തിലെ മറ്റൊരു സഹകരണ സ്ഥാപനം.

പുന്നവേലി സി. എം. എസ്. ഹൈസ്കൂളിലും ആനിക്കാട് സെന്റ് മേരീസ് ഹൈസ്കൂളിലും സ്കൂൾ കുട്ടികളുടെ ആവശ്യത്തിനായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഉണ്ട്.

നിലവിൽ പ്രവർത്തനം ഉള്ള ഏക വായ്പാ സഹകരണ സംഘം ആനിക്കാട് സർവ്വീസ് സഹകരണ ബാങ്കാണ്. ഈ സംഘത്തിന് 16,83,720 ക. പിരിഞ്ഞുകിട്ടിയ മൂലധനവും 2,83,71,850 ക സ്ഥിരം നിക്ഷേപവും 56, 01330 ക. ഹ്രസ്വകാല നിക്ഷേപവും ഉണ്ട്.

ഒരു വർഷത്തെ (95- 96) ബാങ്കിന്റെ സ്ഥാപനചെലവ് (എസ്റ്റാബ്ലീഷ് മെന്റ് ചാർജ്ജസ്) കണ്ടിജൻസി ചെലവുകൾ ഉൾപ്പെടെ 14,31,683/- രൂപയാണ്.

8. 4. പട്ടിക 1

രജിസ്റ്റർചെയ്ത സഹകരണ സ്ഥാപനങ്ങൾ

സംഘത്തിന്റെ പേര്	ആരംഭിച്ച വർഷം	അംഗങ്ങൾ	ഇപ്പോഴത്തെ സ്ഥിതി
ആനിക്കാട് സർവ്വീസ് സഹകരണ ബാങ്ക് A. 113	1960	673	HO ഉൾപ്പെടെ 3 ശാഖകളോടു കൂടി പ്രവർത്തിക്കുന്നു
പുല്ലുകുത്തി ക്ഷീരോല്പാദക സഹകരണ സംഘം P.T. 68D. APCOS	1988	248	പാൽ സംഭരണം തുടരുന്നു
നൂറോമ്മാവ് ക്ഷീരോല്പാദക സഹകരണ സംഘം P.T. 34D. APCOS	1988	196	പാൽ സംഭരണം തുടരുന്നു
മാരിക്കൽ ക്ഷീരോല്പാദക സഹകരണ സംഘം P.T. 28D. APCOS	1987	112	പാൽ സംഭരണം തുടരുന്നു
കുരുന്നംവേലി ക്ഷീരോല്പാദക സഹകരണ സംഘം P.T. 30D. APCOS	.....	.....	.....
കൺസ്യൂമർ സഹകരണ സംഘം പൂവൻപാറ	.....	.....	ന്യായവില റേഷൻ വിതരണം
ഹരിജൻ സർവ്വീസ് സഹകരണ സംഘം A. 714	.....	.....	പ്രവർത്തന രഹിതം 5 സെന്റ് ഭൂമി ഉണ്ട്
നൂറോമ്മാവ് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി	.....	.....	പ്രവർത്തന രഹിതം
അയ്യങ്കുളി സ്മാരക ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘം	.....	.....	,,

ആനിക്കാട് പഞ്ചായത്തിലെ 5 വാർഡുകളുടെI.R.D.P സർവ്വീസ് ബാങ്കാണ് ആനിക്കാട് സഹകരണ ബാങ്ക്. ഈ സഹകരണ സ്ഥാപനം ചിട്ടി, കൺസ്യൂമർ സ്റ്റോർ, വളം ഡിപ്പോ, ഓണക്കാല ചന്തകൾ ഇവ നടത്തുന്നുണ്ട്.

കാർഷിക വികസന ബാങ്കുകൾ ഈ പഞ്ചായത്തിൽ ഇല്ല. ഭവന നിർമ്മാണ സഹകരണ ബാങ്കുകൾ ഇവിടെ ഇല്ല. മല്ലപ്പള്ളി ഹൗസിംഗ് സഹകരണ സംഘത്തിന്റെ പരിധിക്കുള്ളിലാണ് ആനിക്കാട്.

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പാൽസംഭരണവും സംഘാംഗങ്ങൾക്ക് സബ്സിഡിയോടുകൂടി കാലിത്തീറ്റയും കൊടുക്കുന്നുണ്ട്.

പ്രശ്നങ്ങളും നിർദ്ദേശങ്ങളും

കാർഷിക മേഖലയെ സഹായിക്കുവാനുതകുന്ന കാർഷിക സഹകരണ ബാങ്ക് പഞ്ചായത്തിലില്ല.

ഒരു സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് സ്ഥാപിച്ച് കൃഷിമേഖലയെ പുഷ്ടിപ്പെടുത്തേണ്ടതാണ്.

ആനിക്കാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് വൈവിദ്ധ്യമാർന്ന വായ്പാ പദ്ധതികൾ നടപ്പാക്കുന്നതിൽ താല്പര്യം കാണിക്കുന്നില്ല.

പരിധിയും നിയമവും കുറെ കൂടി ഉദാരവൽക്കരിച്ച് ജനങ്ങളെ സഹായിക്കാവുന്നതാണ്. ഈ സംഘത്തിന്റെ സ്ഥാപന ചെലവ് നിയന്ത്രിക്കേണ്ടതാണ്.

വായ്പാ വിഭാഗത്തിൽ ആനിക്കാട്ടിൽ ഉണ്ടായിരുന്ന ' A. 714' ഹരിജൻ സഹകരണ സംഘം പ്രവർത്തന രഹിതമായിരിക്കുന്നു.

5 സെന്റ് സ്ഥലം സ്വന്തമായിട്ടുള്ള പ്രസ്തുത സ്ഥലം പ്രവർത്തനക്ഷമമാക്കണം.

വനിതകൾക്ക് സഹകരണമേഖലയിൽ പ്രാധിനിത്യം വളരെ കുറവാണ്. നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനം ഇവർക്ക് പൂർണ്ണമായും പ്രയോജനം ചെയ്യുന്നവയല്ല.

വനിതകൾക്ക് തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനായി വനിതാ സഹകരണ സംഘം രൂപീകരിച്ച് ചെറുകിട സംരംഭങ്ങൾ ആരംഭിക്കണം.

വനിതകൾക്ക് സ്വയം തൊഴിലിന് വായ്പ വനിതാ നിക്ഷേപകർക്ക് ആകർഷക പദ്ധതികൾ ഇവ നിലവിലുള്ള സഹകരണ ബാങ്ക് നടപ്പിലാക്കണം.

നിശ്ചലാവസ്ഥയിലുള്ള ഖാദി-ഗ്രാമ വ്യവസായ സഹകരണസംഘം പുന:രാരംഭിക്കുകയോ പുതുതായി ഒന്ന് ആരംഭിക്കുകയോ ചെയ്താൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാൻ സാധിക്കും. കുട്ട നിർമ്മാണം, പായ് നെയ്ത്ത്, തടി ഉല്പന്ന നിർമ്മാണം, പാക്കിംഗ് കേയ്സ് നിർമ്മാണം തുടങ്ങിയ മേഖലകളിൽ സാദ്ധ്യത ഉണ്ട്.

റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന് സാധ്യത ഉണ്ട്.

സംരേണവും, റബ്ബർ അധിഷ്ഠിത വ്യവസായവും നടത്തുവാൻ സാധിക്കും. തൊഴിൽ, കർഷകർക്ക് മെച്ചപ്പെട്ട സേവനം ഇവയ്ക്കു സാധ്യത ഉണ്ടാവും.

പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സഹകരണ മേഖലയിൽ ഒരു സ്ഥാപനത്തിന് സാധ്യത ഉണ്ട്.

ഒരു സഹകരണ പാരലൽ കോളജിന് ആനിക്കാട്ടിൽ സാധ്യത ഉണ്ട്.

ഇതിന്റെ പരിധിയിൽ നേഴ്സറി സ്കൂൾ ആരംഭിക്കാവുന്നതാണ്. അഭ്യസ്തവിദ്യരായവർക്കു തൊഴിൽ നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താൻ സാധിക്കും.

വിദേശത്ത് ജോലിയുള്ളവരുടെ നിക്ഷേപം മുഴുവൻ ഇപ്പോൾ ഷെഡ്യൂൾസ് ബാങ്കുകളിലും പഞ്ചായത്തിനു പുറത്തുള്ള ദേശസാൽകൃത ബാങ്കുകളിലും സ്വകാര്യ ബാങ്കിംഗ് സ്ഥാപനങ്ങളിലുമാണ്.

സഹകരണരംഗത്ത് അത് പ്രയോജനപ്പെടുത്തുവാൻ സാധിക്കണം. വിദേശജോലിക്കാരുടെ ആശ്രിതർക്ക് വൈവിദ്ധ്യമാർന്ന സേവനം കൊടുക്കുവാൻ പദ്ധതികൾ സഹകരണ സംഘങ്ങൾ ആസൂത്രണം ചെയ്യണം.

സംഘടിത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾ പഞ്ചായത്തിൽ ധാരാളമുണ്ട്. ഇവർക്ക് സ്ഥിരം പണി ലഭ്യമാക്കുവാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു 'ലേബർ കോൺട്രാക്ട് സഹകരണ സംഘം' രൂപീകരിക്കേണ്ടതുണ്ട്.

പഞ്ചായത്ത് പൊതുമരാമത്തു ജോലികൾ സ്വകാര്യ കെട്ടിട നിർമ്മാണം ഇവ ഈ സംഘത്തിന് ചെയ്യാവുന്നതാണ്.

ഒരു ഉപഭോക്തൃ സഹകരണ സംഘം സ്ഥാപിച്ച് പ്രസ്തുത സംഘം വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുവാനുള്ള കൺസ്യൂമർ സ്റ്റോർ ആരംഭിക്കാം.

ഉപഭോക്തൃ സഹകരണ സംഘത്തിന്റെ മേൽനോട്ടത്തിൽ ക്രെഡിറ്റ് അക്കൗണ്ട് ആരംഭിച്ച് നിത്യോപയോഗ സാധനങ്ങളും ഇതരവീട്ടു സാധനങ്ങളും ഭവനങ്ങളിൽ എത്തിച്ചു കൊടുക്കുവാൻ 'ഡോർ സപ്ലൈ' ആരംഭിക്കാവുന്നതാണ്.

കോഴിവളർത്തലിന് ഒരു സഹകരണ സംഘം രൂപീകരിച്ചു പ്രവർത്തിക്കണം. നല്ലയിനം മുട്ട കോഴികളെ വളർത്തുവാൻ സംഘങ്ങൾ വഴി സഹായവും കൊടുക്കുവാൻ സാധിക്കും.

സ്കൂൾ സഹകരണ സംഘങ്ങൾ വിദ്യാർത്ഥികൾക്ക് നോട്ടു സംഘങ്ങൾ വിദ്യാർത്ഥികൾക്ക് നോട്ടുബുക്കുകൾ, പാഠ പുസ്തകം, ഇവയാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോമുകൾ സംഘം വഴി ലഭ്യമാക്കണം.

എല്ലാ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംഘത്തിൽ അംഗങ്ങളാക്കണം. സെക്രട്ടറി ആയി ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് അലവൻസ് അനുവദിക്കേണ്ടതാണ്.

11. പട്ടിക ജാതി - പട്ടികവർഗ്ഗ വികസനം

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 12.37 ശതമാനം പട്ടിക ജാതി വിഭാഗമാണ്. 1749 പട്ടികജാതിക്കാരും 11 പട്ടിക വർഗ്ഗക്കാരും ആണ്. 321 പട്ടിക ജാതി കുടുംബങ്ങളും ഉണ്ട്.

മുക്കാൽ നൂറ്റാണ്ടു മുമ്പ് ആകെ ജനസംഖ്യയുടെ 20 ശതമാനം പട്ടിക ജാതി വിഭാഗക്കാരായിരുന്നു. മദ്ധ്യതിരുവിതാംകൂറിൽ വ്യാപകമായിട്ടുണ്ടായ മതപരിവർത്തനത്തിന്റെ ഭാഗമായി 10 ശതമാനത്തോളം പട്ടിക ജാതിക്കാർ ക്രിസ്തുമത വിശ്വാസികളായി എന്നു കണക്കാക്കുന്നു.

പട്ടിക ജാതിക്കാരിൽ 943 പേർ 172 കുടുംബങ്ങളിലായി 9 കോളനികളിലായി കഴിയുന്നുണ്ട്. 149 പട്ടികജാതി കുടുംബങ്ങളും ഇതരപ്രദേശങ്ങളിൽ മറ്റു മതസ്ഥരുമായി ഇടകലർന്നു ജീവിക്കുന്നു.

വിദ്യാഭ്യാസം

പട്ടികജാതി വിഭാഗത്തിൽ 95 ശതമാനം സാക്ഷരരാണ്. വിദ്യാഭ്യാസ സാമൂഹ്യമേഖലകളിൽ കുറെയൊക്കെ നേട്ടങ്ങളും കൈവരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക പുരോഗതി പൊതുവേ ഉണ്ടായിട്ടില്ല.

പ്രാഥമിക വിദ്യാഭ്യാസത്തിനും ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും വേണ്ട സൗകര്യങ്ങളും ലഭിക്കുന്നുണ്ട്. എന്നാൽ കോളജ് വിദ്യാഭ്യാസത്തിലും മറ്റ് സാങ്കേതിക വിദ്യാഭ്യാസത്തിലും ഇതര ജനവിഭാഗത്തിനു തുല്യമായ നേട്ടങ്ങളും ഉണ്ടായിട്ടില്ല.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലും പിന്നോക്ക അവസ്ഥയാണ്. പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന ആകെ പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളും 291 ആണ്. ഇതിൽ 80 പേർ പ്രൈമറി ക്ലാസുകളിലും 81 പേർ അപ്പർ പ്രൈമറി ക്ലാസുകളിലും 130 പേർ ഹൈസ്കൂളിലുമാണ്. ആകെ കുട്ടികളുടെ 12.31 ശതമാനമാണ് പട്ടിക ജാതി വിദ്യാർത്ഥികളും.

ലംപ്സംഗ്രാന്റ് ലഭിക്കുന്ന 455 വിദ്യാർത്ഥികളിൽ 291 കുട്ടികളും പട്ടിക ജാതി വിദ്യാർത്ഥികളാണ്. കഴിഞ്ഞ വർഷം പഠിത്തം നിർത്തിയ 10 വിദ്യാർത്ഥികളിൽ 2 പേർ പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണ്. തോറ്റു പഠിക്കുന്ന 82 വിദ്യാർത്ഥികളിൽ 17 പേരും.

സാമൂഹ്യപദവി

മുൻകാലങ്ങളിൽ ഉച്ചനീചത്വം വ്യാപകമായി നിലനിന്നിരുന്നു. പഞ്ചായത്തിലെ ചില സ്ഥലനാമങ്ങളും അയിത്തത്തിന്റെയും ഉച്ചനീചത്വത്തിന്റെയും തീവ്രതയുടെ സ്മരണയായി ഇന്നും നിലനിൽക്കുന്നു. ഉച്ചനീചത്വത്തിൽ നിന്നും പൂർണ്ണമോചനം നേടിയിട്ടില്ലെങ്കിലും എല്ലാ മതസ്ഥരുടെയും സ്വകാര്യ ചടങ്ങുകളിൽ പങ്കെടുക്കുന്നുണ്ട്. ഇതര സമുദായത്തിൽ പെട്ടവർ പട്ടികജാതിക്കാരുമൊത്ത് ഭക്ഷണം കഴിക്കുന്നത് സാധാരണമല്ല.

രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതൃത്വ സ്ഥാനങ്ങളിൽ പട്ടിക ജാതിക്കാർ വളരെ കുറവാണ്. ജാതി പറഞ്ഞ് പേര് വിളിക്കുന്ന സമ്പ്രദായം ചുരുക്കമായി മാത്രം നിലനില്ക്കുന്നു.

തൊഴിൽ

പട്ടിക ജാതി കുടുംബങ്ങളിലെ ഭൂരിപക്ഷം പേരും കാർഷികമേഖലയിൽ തൊഴിലെടുക്കുന്നവരായിരുന്നു. ഇപ്പോഴും കർഷക തൊഴിലാളികളിൽ ഭൂരിപക്ഷവും പട്ടിക ജാതിക്കാരാണെങ്കിലും കാർഷികമേഖലയിൽ അടുത്ത കാലത്ത് ഉണ്ടായ തകർച്ച മറ്റു തൊഴിൽ മേഖലകളിലേക്കു ഇവരെ തിരിച്ചു വിട്ടിട്ടുണ്ട്.

കാർഷിക മേഖലയിൽ സീസണുകളിലാണ് തൊഴിൽ. മിക്ക സ്ത്രീ തൊഴിലാളികളും കൈത്തൊഴിലായി ചെയ്തിരുന്ന പാ നെയ്ത്ത്, കുട്ട നെയ്ത്ത് ഇവയും നടത്തുവാൻ സാധിക്കാതെ വരുന്നു. കൂലിവേല ചെയ്തു മാത്രം ഉപജീവനം കഴിഞ്ഞു വരുന്ന ഈ കൂട്ടർക്ക് പുതിയ തൊഴിൽ സംരംഭം ആരംഭിക്കേണ്ടതുണ്ട്.

കാർഷിക മേഖലയിലെ ജോലികളും ഏതാണ്ട് പൂർണ്ണമായും പട്ടികജാതിക്കാരുടെ കുത്തകയായിരുന്നു. പ്രത്യേകിച്ച് നടീൽ, കൊയ്ത്ത് എന്നിവയിൽ. ഭക്ഷ്യ - ധാന്യ ഉല്പാദന രംഗത്തു നിന്നും ഇതര തൊഴിൽ മേഖലയിലേക്കു ആളുകളും മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. കെട്ടിട നിർമ്മാണം, ഫർണിച്ചർ നിർമ്മാണം, തടി മുറിച്ച് ലോഡ് ചെയ്യുക എന്നീ തൊഴിലുകളിലേക്കാണ് മാറിയിട്ടുള്ളത്.

കാർഷിക മേഖലയിൽ മറ്റ് മേഖലയെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ കൂലിയാണ്. അതുകൊണ്ട് തൊഴിലാളികളിൽ ഏറ്റവും കുറവു വരുമാനം ലഭിക്കുന്നതും പട്ടികജാതി വിഭാഗത്തിനാണ്.

കൃഷിപണി ഇന്നും അവിദഗ്ധ തൊഴിൽ മേഖലയായി തുടരുന്നു. അനാകൃഷകമായികൊണ്ടിരിക്കുന്ന കാർഷിക മേഖലയിൽ ഇന്ന് തൊഴിൽ കാർക്ക് താല്പര്യം കുറഞ്ഞു വരുന്നു.

ദാരിദ്ര്യം

പഞ്ചായത്തിലെ ജനങ്ങളുടെ 60 ശതമാനം ദാരിദ്ര്യ രേഖയ്ക്കു താഴെ കഴിയുന്നവരാണ്. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരിൽ 20 ശതമാനം പട്ടിക ജാതിക്കാരാണ്. പട്ടികജാതിയിൽ പെട്ടവരുടെ 90 ശതമാനം ദാരിദ്ര്യ രേഖയ്ക്കു താഴെയെന്ന് കണക്കാക്കപ്പെടുന്നു.

8.5 പട്ടിക 1

ക്രമ നമ്പർ	വാർഡ്	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1.	1	പുളിക്കാമല	14	70
2.	1	പാട്ടപ്പുരയിടം	15	77
3.	2	ചേറ്റാടി (SC/ST)	11	64
4.	3	വെങ്ങളത്തുകുന്ന്(I.H.D.P)	62	354
5.	3	കാരിക്കാമല	22	110
6.	4	മൂലേ കോളനി (I.H.D.P)	13	72
7.	4	വള്ളിയാംകുളം	11	40
8.	5	ഏഴൊലി (I.H.D.P)	14	82
9.	5	നല്ലൂർപ്പടപ്പ്	10	68

അവലംബം : സെക്കൻഡറി ഡേറ്റാ 1991 സെൻസസ്

8.5 പട്ടിക 2

ക്രമനമ്പർ	വാർഡ്	കോളനിയുടെ പേര്	വീടിന്റെ സ്വഭാവം: കോൺക്രീറ്റ്	ഓട്	ഒല	കക്കൂസ് ആവശ്യമുള്ള വീടുകളുടെ എണ്ണം	കക്കൂസ് ആവശ്യമുള്ളവർ	കക്കൂസ് സ്വന്തമായിട്ടുള്ളവർ	സ്വന്തമായി 5 സെന്റിൽ കൂടുതൽ ഭൂമിയുള്ളവർ	അടുക്കള പണിയേണ്ട വീടുകളുടെ എണ്ണം
1.	1	പുളിക്കാമല		10	4	4	9	5	6	8
2.	1	പാട്ടപ്പുരയിടം		11	4	5	12	3	6	10
3.	2	ചേറ്റാടി		8	3	4	7	4	5	6
4.	3	വെങ്ങളത്തുകുന്ന്		44	18	22	48	14	25	39
5.	3	കാരിക്കാമല		16	6	8	18	4	9	10
6.	4	മൂലേ കോളനി		9	4	5	10	3	5	6
7.	4	വള്ളിയാംകുളം		7	4	5	8	3	6	5
8.	5	ഏഴൊലി		10	4	4	8	6	4	6
9.	5	നല്ലൂർപ്പടപ്പ്		7	3	4	6	4	5	5

അവലംബം : സെക്കൻഡറി ഡേറ്റാ ഗ്രാമസഭ റിപ്പോർട്ട്

പട്ടിക 3

ക്രമനമ്പർ	കോളനിയുടെ പേര്	റോഡുകൾ: ടാർ ചെയ്തവ	മെറ്റൽ വിരിച്ചവ	മെറ്റൽ വിരിക്കാത്തവ	വൈദ്യുതികരിച്ചവ	വൈദ്യുതികരിക്കാത്തവ	കുടിവെള്ളം	ടാപ്പുകൾ	പൊതുകിണറുകൾ
1.	പുളിക്കാമല		X			X	ഇല്ല	ഇല്ല	ഇല്ല
2.	പാട്ടപ്പുരയിടം		X		X		"		
3.	ചേറ്റാടി		X		X		"		ഉണ്ട്
4.	വെങ്ങളത്തുകുന്ന്		X		X		"		
5.	കാരിക്കാമല		X			X	"		"
6.	മൂലേ കോളനി		X			X	"		ഉണ്ട്
7.	വള്ളിയാംകുളം		X			X	"	X	
8.	ഏഴൊലി	X			X			X	
9.	നല്ലൂർപ്പടപ്പ്		X			X		X	

അവലംബം : സെക്കൻഡറി ഡേറ്റാ, ഗ്രാമ സഭ റിപ്പോർട്ടുകൾ

പാർപ്പിടം

പാർപ്പിട പ്രശ്നം പരിപൂർണ്ണമായി പരിഹരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരം ഒരു പരിധി വരെ സഹായിക്കുവാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിലുള്ള 9 പട്ടികജാതി കോളനികളിൽ ചെറ്റകുടിലുകൾ കുറവാണെങ്കിലും ബലവത്തായ ഭവനങ്ങൾ തന്നെ കുറവാണ്. വിവിധ ഏജൻസികൾ നൽകുന്ന വായ്പകൾ എടുത്ത് പണം തിരിച്ചടയ്ക്കാൻ വയ്യാതെ കടകെണിയിൽ പെട്ട പട്ടികജാതിക്കാർ നിരവധിയാണ്. വീട് വെയ്ക്കാന നുവദിക്കുന്ന ധനസഹായം കുറവായതിനാൽ പൂർത്തിയാക്കാൻ സാധിക്കാതെ വരുന്നു. പഞ്ചായത്തിലുള്ള ലക്ഷം വീട് കോളനികളിലും പാർപ്പിട പ്രശ്നം ഗുരുതരമാണ്.

പല കോളനികളിലും കക്കൂസ് എല്ലാവർക്കും ഇല്ല. ഒരു വീടിന് ഒരു കക്കൂസ് അനുവദിച്ചു കൊടുക്കേണ്ടതാണ്. ലക്ഷം വീട് കോളനികൾക്കും കക്കൂസിന്റെ അപര്യാപ്തത പ്രശ്നമാണ്. പട്ടിക ജാതി കോളനികൾക്ക് എല്ലായിടത്തും കൂടി 126 കക്കൂസുകളുണ്ട്.

61 വീടുകൾ പുതുതായി നിർമ്മിച്ചാലെ കോളനികളിലെ പാർപ്പിടപ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളു. കോളനികളില്ലാതെ താമസിക്കുന്ന പട്ടികജാതിക്കാർക്ക് കൂടുതൽ ആവശ്യക്കാർ അറ്റകുറ്റപണി നടത്തുവാനുള്ള സഹായമാണ്.

കോളനികളിൽ ഉൾപ്പെടാത്ത ഒറ്റപെട്ട കുടുംബങ്ങളുടെ കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ പട്ടികകളിൽ ചേർക്കുവാൻ സാധിച്ചിട്ടില്ല. ഗ്രാമ സഭാ റിപ്പോർട്ടുകൾ പ്രകാരം 60 വീടുകളും 90 കക്കൂസുകളും കോളനികളിലുൾപ്പെടാത്തവർക്ക് അനുവദിക്കേണ്ടതുണ്ട്.

ഐ. ആർ. ഡി.പി

ഐ. ആർ. ഡി.പി സ്കീമിൽ ഉൾപ്പെടുത്തിയ പട്ടിക ജാതി കുടുംബങ്ങൾ 138 ഉം പദ്ധതി കാലയളവിൽ സഹായം ലഭിച്ചവർ 77 ഉം ആണ്.

ഐ. ആർ. ഡി.പി സർവ്വേയിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട പട്ടിക ജാതി വിഭാഗത്തിലെ നാമമാത്ര കൃഷിക്കാർക്ക് അനുവദിക്കുന്ന മിൽ ആൻഡ് വെൽ പദ്ധതി പ്രകാരമുള്ള 24 കിണറുകൾ പദ്ധതി കാലയളവിൽ അനുവദിക്കുകയുണ്ടായി.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. പൊതുവെ പട്ടിക ജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾ എസ്.എസ്. എൽ. സി ക്കു ശേഷം പഠനം തുടരുന്നില്ല.

2. ഉന്നത വിദ്യാഭ്യാസത്തിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും പോകുന്നവർ ചുരുക്കമാണ്.

3. കർഷകത്തൊഴിലാളി പെൻഷൻ സമയത്തിനു ലഭിക്കുന്നില്ല.

4. കർഷകത്തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ചേരുവാൻ സാധിക്കാത്ത പ്രായമുള്ള തൊഴിലാളികൾക്ക് വാർദ്ധക്യ കാല പെൻഷൻ ലഭിക്കുന്നില്ല .

5. പട്ടികജാതി കോളനികളിൽ വൈദ്യുതി, കുടിവെള്ളം ഇവയെത്തിയിട്ടില്ല.

6. ആരോഗ്യ സംരക്ഷണ സംവിധാനം ഇല്ല.

7. പൊതു ശ്മശാനം ഇല്ല.

8. I.R.D.Pപദ്ധതിയുടെയും മറ്റ് പട്ടിക ജാതി ക്ഷേമപദ്ധതികളും ഫലപ്രദമാകുന്നില്ല.

9. പട്ടികജാതി വികസന കോർപ്പറേഷന്റെയും ക്ഷേമവകുപ്പിന്റെയും സഹായം ഭൂരിപക്ഷത്തിനും ലഭിക്കുന്നില്ല.

10. പട്ടികജാതിക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ല.

11. കോ - ഓപ്പറേറ്റീവ് ബാങ്ക് ലോൺ, I.R.D.P ലോൺ, റവന്യൂ വകുപ്പിൽ നിന്നുള്ള വായ്പകൾ ഇവകളുടെ പലിശയും കൂട്ടി തിരിച്ചടക്കാൻ കഴിയാത്ത അവസ്ഥയാണ്.

12. മിച്ചം വെയ്ക്കുവാൻ പണമില്ലാത്തതിനാൽ വ്യവസായ തൊഴിൽ സംരഭങ്ങൾക്ക് മൂലധനം കണ്ടെത്തുവാൻ സാധിക്കുന്നില്ല.

13. പട്ടികജാതി കുടുംബങ്ങൾ എല്ലാം സ്വന്തമായി കൃഷിഭൂമിയില്ലാത്തവരാണ്.

14. പട്ടിക വർഗ്ഗക്കാരായ 11 പേരും ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നു. പട്ടികവർഗ്ഗത്തിന്റെ പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

സാധ്യതകൾ

1. പ്രീ - എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിച്ച എസ്. എസ്. എൽ. സി, പ്രീ ഡിഗ്രി, ഡിഗ്രി എന്നിവയ്ക്കായി പരിശീലനം നൽകണം.

2. ഉന്നത വിദ്യാഭ്യാസത്തിന് പരിശീലനം കൊടുക്കുവാൻ ബ്ലോക്കു തലത്തിൽ ഒരു സെന്റർ ആരംഭിക്കണം.

3. തൊഴിൽ സാധ്യത വർദ്ധിപ്പിക്കണം. സംസ്ഥാനത്ത് പട്ടികജാതി സംവരണം കർശനമായി പാലിക്കണം.

4. കാർഷിക മേഖലയെ നവീകരിച്ച് തൊഴിൽ വർദ്ധിപ്പിക്കണം. ചെറുകിട വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ പട്ടികജാതിക്കാർക്കായി സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കണം.

5. ഹൈ സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ച പെൺകുട്ടികൾക്കായി വിവിധ ട്രേഡികളിൽ സാങ്കേതിക പരിശീലനം കൊടുക്കണം. തയ്യൽ, എംബ്രായിഡറി, ടൈപ്പിംഗ്, നെയ്ത്തുവേലകൾ, ഇലക്ട്രോണിക്സ് കുടിൽ വ്യവസായം, പൗൾട്രി ഫാമിംഗ്, പുഷ്പ കൃഷി ഇവയിൽ പരിശീലനം കൊടുക്കുവാൻ സാധിക്കണം.

സംസ്ഥാന ട്രെയിനിംഗ് സെന്ററുകളിൽ ഇവരെ തെരഞ്ഞെടുത്ത് വിട്ട് പരിശീലിപ്പിക്കണം. ഇവരുടെ പുന:രധിവാസത്തിനും പദ്ധതിയുണ്ടാവണം.

6. ട്രൈസം സ്കീമിൽ കൂടുതൽ അവസരം ലഭ്യമാക്കണം.

7. പട്ടിക ജാതിക്കാരായ വയോധികർക്ക് പ്രത്യേക പെൻഷൻ അനുവദിക്കണം.

8. സമ്പാദ്യശീലം വളർത്തുവാൻ കുടുംബസഹായ നിധി എന്ന സ്കീം നടപ്പിലാക്കണം.

പോസ്റ്റ് ഓഫീസ്, സഹകരണ ബാങ്കുകൾ ഇവയ്ക്ക് ഇതു നടപ്പിലാക്കാം.

9. വയറിംഗ് പൂർത്തീകരിച്ചിട്ടുള്ള 90 പട്ടികജാതി വീടുകൾക്ക് വൈദ്യുതി കണക്ഷൻ അടിയന്തിരമായി എത്തിക്കണം.

10. കർഷകത്തൊഴിലാളികളായ 10 പട്ടികജാതി കുടുംബങ്ങളെ തെരഞ്ഞെടുത്ത് ഒരു കുടുംബത്തിന് ഒരു ഏക്കർ ഭൂമി വീതം നൽകുന്ന 'സ്പെഷ്യൽ സെറ്റിൽമെന്റ് അഗ്രികൾച്ചറൽ പ്രോഗ്രാം ' നടപ്പിലാക്കാവുന്നതാണ്. ഇതിനായി പഞ്ചായത്ത് അതിർത്തിക്ക് പുറമേയും ഭൂമി വാങ്ങി ഉപയോഗിക്കാം.

11. സ്വന്തമായി ഭവനം ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾ 170 ആണ്. ഇത് മൊത്തം ഭവനം ഇല്ലാത്ത കുടുംബങ്ങളുടെ 37.86 ശതമാനമാണ്. ഇവർക്ക് വീടും വീടുവെക്കുവാൻ സ്ഥലവും ഉണ്ടാകേണ്ടതുണ്ട്. അതിനായി ഒരു പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

12. പട്ടികജാതി കോളനികളിൽ ഡോക്ടർമാരുടെ സന്ദർശനം രണ്ടു മാസത്തിലൊരിക്കൽ ഉണ്ടാവണം. പോഷകാഹാര വിതരണവും ആരോഗ്യബോധവത്ക്കരണവും പട്ടികജാതി - മഹിളാ സംഘടനകളുടെ നേതൃത്വത്തിൽ എല്ലാ കോളനികളിലും നടത്തണം.

13. എല്ലാ പട്ടികജാതി കോളനികളിലും കമ്മ്യൂണിറ്റി സെന്ററുകൾ സ്ഥാപിക്കണം. ടി. വി, ലൈബ്രറി ഇവയുണ്ടാവണം. പട്ടികജാതി വിഭാഗത്തിന്റെ കലകളും സംസ്കാരവും പ്രോത്സാഹിപ്പിക്കുവാനും തനിമ നിലനിർത്തുവാനും കമ്മ്യൂണിറ്റി സെന്ററുകൾ മുഖാന്തിരമാകണം.

14. കോളനികളിലേക്കുള്ള എല്ലാ റോഡുകളും വിവിധ ക്ഷേമ വകുപ്പുകളിലുൾപ്പെടുത്തി ടാർ ചെയ്യുകയും വഴിവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യണം.

15. ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന വളർത്തുമൃഗങ്ങളുടെ വിതരണ പരിപാടിയിൽ പട്ടികജാതി വിഭാഗക്കാർക്ക് പ്രത്യേക പരിഗണന നൽകണം.

ഗ്രാമപഞ്ചായത്തു വഴി നല്ലയിനം ആടുകളെയും മാടുകളെയും ലഭ്യമാക്കണം. കോഴിവളർത്തലിനു സഹായം കൊടുക്കണം.

16. പഞ്ചായത്തിൽ അടിയന്തിരമായി പൊതു സ്മശാനം സ്ഥാപിക്കണം.

17. പട്ടിക ജാതി ക്ഷേമത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളെപ്പറ്റി ഗ്രാമത്തിലെ പട്ടിക ജാതിക്കാരെ യഥാസമയം അറിയിക്കുകയും ബോധവത്കരിക്കുകയും ചെയ്യുന്ന ചുമതല ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കണം.

VII. വിഭവ സമാഹരണം

പട്ടിക 1

പഞ്ചായത്ത് വരുമാന വ്യതിയാനം

ഇനം	1991-92	95-96	വ്യത്യാസം
1. തനത് വരുമാനം	258787	277725	18942
() കെട്ടിട നികുതി	118153	167222	49089
() തൊഴിൽ നികുതി	32910	50000	17090
() മണൽ ലേലം	4925	70550	65625
2. ഉപാധി രഹിത ഫണ്ട്	84010	175000	90990
S.C.P	24390	100000	75610
3. ജെ. ആർ. വൈ	337533	230804	106729
4 ഗ്രാൻറുകൾ	57016	219269	162253
5. ആകെ വരവ്	917720	1290570	372850
ചെലവ്-എസ്റ്റാബ്ലിഷ്മെന്റ്	140665	185116	44451

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് കാർഷിക രംഗത്തെ മുരടിപ്പാണ്. റബർ ഒഴികെയുള്ള എല്ലാ കാർഷിക വിളകളുടെയും ഉല്പാദനക്ഷമത സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും രാസവളപ്രയോഗം കുറച്ച് ജൈവവളപ്രയോഗത്തിന് പ്രാധാന്യം നൽകണം. ജൈവവളപ്രയോഗത്തിന് അനുകൂലമായ മനോഭാവം കർഷകരിൽ വളർത്തിയെടുക്കണം.

വ്യവസായ മേഖലയിൽ ഒരു സംരംഭവും ഇവിടെയില്ല എന്നത് പ്രതിസന്ധിയാണ്. പേരിന് ചില ചെറുകിട വ്യവസായ യൂണിറ്റുകൾ ഇവിടെയുണ്ടെങ്കിലും ഇവയൊന്നും വ്യവസായ സംരംഭമായി കണക്കാക്കുവാൻ സാധിക്കില്ല. പഞ്ചായത്തിലെ 354 പേർക്ക് വിദേശത്ത് ജോലിയുണ്ട്. ഇതിൽ 302 ആളുകളും ഗൾഫിൽ ജോലിയുള്ളവരാണ്. ഇവരിൽ മിക്കവർക്കും ഉയർന്ന സാമ്പത്തിക നിലയുള്ളവരുമാണ്. ഗൾഫ് ജോലിക്കാരുടെ സമ്പാദ്യം ഉൽപാദന മേഖലയിൽ മുതൽ ഇറക്കുന്നില്ല. പ്രത്യുല്പാദനപരമായി കൃഷി, ജലസേചനം, വ്യവസായ സംരംഭങ്ങൾ ഇവയ്ക്കായി ഈ പണം ചിലവഴിക്കപ്പെട്ടാൽ വലിയ നേട്ടം കൈവരിക്കുവാൻ സാധിക്കും. കൃഷി, ചെറുകിട വ്യവസായം എന്നീ മണ്ഡലങ്ങളിൽ ഫലപ്രദമായി ഇടപെടുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയണം. അതിനുള്ള അധികാരം അവർക്കു ലഭിച്ചാൽ ഗുണഫലങ്ങൾ ഉണ്ടാവും.

ഗവൺമെന്റ് ഗ്രാന്റുകൾ ഇന്നും ഭരണാധികാരികളുടെ ഇഷ്ടാനിഷ്ടം അനുസരിച്ചാണ് ലഭിക്കുന്നത്. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റുകൾ, വെഹിക്കിൾ ടാക്സ് വിഹിതം ഇവയുടെ വിതരണം ഉദാഹരണങ്ങളാണ്. ദാരിദ്ര്യരേഖയുടെ അടിയിലെ ജനസംഖ്യ, പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ, സ്ത്രീകളുടെ എണ്ണം ഇവ പരിഗണിച്ചുവേണം ഗ്രാന്റുകൾ അനുവദിക്കുവാൻ. ഇടത്തരം കർഷകരാണ് ജനങ്ങളിൽ കൂടുതൽ. പഞ്ചായത്തു കാർഷിക രംഗത്ത് നികുതി പിരിക്കുന്ന സമ്പ്രദായം നിലവിലില്ല. കൃഷിപ്പണിയും പ്പെടെയുള്ള കൂലിപ്പണികളിൽ ഏർപ്പെടുന്നവരാണ് ജനസംഖ്യയിൽ രണ്ടാമത്. നികുതി പിരിവും വികസന പ്രവർത്തനത്തിന്റെ ഭാഗമായി കണ്ടുകൊണ്ട് വാർഡ് മെമ്പറും വാർഡു വികസന സമിതിയും നികുതി പിരിവിന് നേതൃത്വം കൊടുക്കണം. നികുതി കൊടുക്കുന്നവർക്ക് ചിലവിനെപ്പറ്റിയും അറിയുവാൻ അധികാരമുണ്ട്. ചിലവിന്റെ കണക്കിലും സുതാര്യത ഉണ്ടായിരിക്കണം. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി പിരിക്കുമ്പോഴാണ് അത് ജനങ്ങൾക്ക് വർദ്ധിച്ച ഭാരമാകാതെ ശ്രദ്ധിക്കുകയും വേണം. നിലവിലുള്ള നികുതി യുക്തിസഹമാക്കണം. നാടിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കു നിർവഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങൾക്ക് ബോധ്യപ്പെട്ടു കഴിഞ്ഞാൽ പിന്നെ പുതിയ നികുതികളെപ്പറ്റിയും ആലോചിക്കാം. നികുതി കൊടുക്കുന്നവർ സമയത്തു തന്നെ അടയ്ക്കുവാനും ശ്രമിക്കണം. നികുതി പിരിക്കുവാൻ പഞ്ചായത്തിൽ ഇപ്പോൾ ആവശ്യത്തിന് ജോലിക്കാരില്ല. ഒരു ലോവർ ഡിവിഷൻ ക്ലർക്കിന്റെ ഒഴിവ് നികത്തിയിട്ടില്ല.

കെട്ടിട നികുതി

കെട്ടിട നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം മാത്രമല്ല, ആഡംബരത്തവും വിലകൂടിയ സാധനങ്ങളുടെ ഉപയോഗവും മാനദണ്ഡമാക്കണം. കഴിഞ്ഞ 5 വർഷം പഞ്ചായത്തിലെ ജനങ്ങൾ കൂടുതൽ പണം ചിലവഴിച്ചത് ഭവനനിർമ്മാണ മേഖലയിലാണ്. ഈ കാലത്ത് പണിത വീടുകളിൽ 25% ആർഭാടകരമായ വലിയ കെട്ടിടങ്ങളാണ്. ഭവനനിർമ്മാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കുവാൻ സ്റ്റാബു സമ്പ്രദായം ആവിഷ്കരിച്ച് നികുതി ഏർപ്പെടുത്താവുന്നതാണ്.

നികുതി അസസ്സ് ചെയ്തത് എങ്ങനെയാണെന്ന് ഓരോ ഉടമസ്ഥരെയും ബോധ്യപ്പെടുത്തുവാൻ ഉദ്യോഗസ്ഥനു കഴിയണം. ഇപ്പോഴം നിലവിലുള്ള സ്റ്റാൻഡിംഗ് കമ്മറ്റി കൂടാതെ ഒരു അസസ്സ്മെന്റ് കമ്മറ്റി ഉണ്ടാകുന്നത് ഉചിതമായിരിക്കും. പഞ്ചായത്തിന്റെ തനതുവരുമാനത്തിന്റെ 60.21% കെട്ടിട നികുതിയിൽ നിന്നുമാണ് ലഭിക്കുന്നത്. കെട്ടിട നികുതി കുടിശിക ഉണ്ടാകാതെ ഊർജ്ജിതമായി പിരിച്ചെടുക്കണം.

തൊഴിൽ നികുതി

വരുമാനത്തിന്റെ 18% മാത്രമാണ് തൊഴിൽ നികുതി. പഞ്ചായത്തിൽ തൊഴിൽ ചെയ്യുന്ന മുഴുവൻ ആളുകളും തൊഴിൽ നികുതി നല്കേണ്ടതാണ്. തൊഴിലാളികൾക്കു മുഴുവൻ ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്തിയാൽ തൊഴിൽ നികുതി ബുദ്ധിമുട്ടില്ലാതെ വസൂലാക്കാം.

വിനോദ നികുതി ഒട്ടും ലഭിക്കാത്ത പഞ്ചായത്താണ് ആനിക്കാട്. നൂറോമ്മാവിൽ ഒരു സിനിമാ തിയറ്റർ സ്ഥാപിക്കുവാനുള്ള ശ്രമത്തെ പ്രോത്സാഹിപ്പിക്കണം. നമ്മുടെ പഞ്ചായത്തിൽ 132 വ്യവസായ വ്യാപാര സ്ഥാപനങ്ങളുണ്ട്. കഴിഞ്ഞ വർഷം ലൈസൻസ് ഫീസ് ലഭിച്ചത് 3736 രൂപയാണ്. കച്ചവടക്കാർ എല്ലാവരും നികുതി അടക്കുന്നവരല്ല. ലോൺ, ലൈസൻസ് മുതലായവ സംബന്ധിച്ച് എന്തെങ്കിലും ആവശ്യമുള്ളപ്പോഴം മാത്രം നികുതി കൊടുക്കുന്ന സമ്പ്രദായമാണുള്ളത്.

മറ്റ് ധനാഗമ മാർഗ്ഗങ്ങൾ

ഖനനം :- മണൽ

നമ്മുടെ പഞ്ചായത്തിലെ ആറ്റിൽ നിന്നും യാതൊരു നിയന്ത്രണവുമില്ലാതെ മണൽ വാരിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം മണൽ ലേലത്തിൽ നിന്നും 135000 രൂപയാണ് ലഭിച്ചത്. വാരുന്ന മണലിന്റെ അളവുമായി തട്ടിച്ചു നോക്കിയാൽ ഇത് വളരെ കുറവാണ്. ആനിക്കാട് പഞ്ചായത്തിന്റെ ഭാഗത്തുള്ള കാവനാൽകടവ് മുതൽ പടിഞ്ഞാറോട്ടുള്ള കടവുകളിലെ മണൽ വാരുന്നതിന്റെ ലേലത്തുക ലഭിക്കുന്നത് മല്ലപ്പള്ളി പഞ്ചായത്തിലാണ്.

പഞ്ചായത്തിന് മണൽ വാരുന്ന ഇവരുടെ മേൽ നിയന്ത്രണമില്ല. മണൽ വാരുന്നത് നിശ്ചിത സമയത്തല്ലാത്തതിനാലും, പലവഴിക്ക് മണൽ വാരുന്നതിനാലും അളവ് നിയന്ത്രിക്കുവാൻ സാധിക്കില്ല.

മണൽ വാരുന്ന തൊഴിലാളികളുടെ സഹകരണസംഘം രൂപീകരിച്ച് അവർക്ക് മണൽ വാരുവാനുള്ള കുത്തകാവകാശം കൊടുക്കുകയാണ് വേണ്ടത്. പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുവാനും ഇടത്തട്ടുകാരെ ഒഴിവാക്കുവാനും മണൽ വാരൽ നിയന്ത്രിക്കുവാനും ഇതുമൂലം സാധിക്കും.

പാറമട:-

പഞ്ചായത്തിൽ ധാരാളമായി ഉള്ളതും വിലപിടിപ്പുള്ളതുമായ ഒരു അസംസ്കൃത വസ്തുവാണ് കരിങ്കല്ല്. കെട്ടിട നിർമ്മാണവും റോഡു നിർമ്മാണവും വർദ്ധിച്ചതോടുകൂടി പാറപൊട്ടിക്കലും വർദ്ധിച്ചിരിക്കുന്നു. നിലവിൽ പ്രവർത്തനം ഉള്ള 5 പാറമടകളിൽ 80 തൊഴിലാളികൾ പണിയെടുക്കുന്നു. പാറപൊട്ടിക്കുന്നതുമായി ബന്ധപ്പെട്ട ലൈസൻസ് ഫീസും നികുതിയും പഞ്ചായത്തിന് ലഭിക്കുന്നില്ല. പ്രാദേശിക റോഡുകൾ ഗതാഗതത്തിനു ഉപയോഗിക്കുകയും പരിസ്ഥിതി മലീനസപ്പെടുകയും ചെയ്യുന്ന പാറമട വ്യവസായത്തെ നികുതി ചുമത്തുവാൻ പഞ്ചായത്തിന് അധികാരം ഉണ്ടാകണം.

പഞ്ചായത്തിനുള്ളിൽ ഇനിയും പാറമടകൾ നടത്തുവാൻ ഉതകുന്ന സ്ഥലങ്ങൾ ഉണ്ട്.

മണൽ വാരലും പാറപൊട്ടിക്കലും പരിസ്ഥിതി പ്രശ്നം ഉണ്ടാക്കുന്നതാണ്. തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കികൊണ്ട് നിയന്ത്രിതമായി പ്രകൃതിയെ ചൂക്ഷണം ചെയ്യുവാൻ ഉള്ള ഉപാധികൾ ഉണ്ടാകണം.

ബാങ്കിംഗ്

ആനിക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ രണ്ട് ശാഖകളും, ഹെഡ് ഓഫീസും, തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഒരു ശാഖയും, കാത്തലിക് സിറിയൻ ബാങ്കിന്റെ ഒരു ശാഖയും ഇവിടെയുണ്ട്. സഹകാര്യ ബാങ്കിംഗ് സ്ഥാപനങ്ങൾ ഇവിടെയില്ലെങ്കിലും, ദിവസച്ചിട്ടി, ആഴ്ച ചിട്ടി മുതലായവ നടത്തുന്ന വ്യക്തികൾ ഉണ്ട്. പോസ്റ്റ് ഓഫീസ് നിക്ഷേപത്തിന് ജനങ്ങൾ താത്പര്യം കാണിക്കുന്നുണ്ട്.

പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80 ശതമാനമെങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് ഇവിടെയുള്ള ബാങ്കിൽ നിന്നും വായ്പ എടുക്കുവാനും സാധിക്കണം. ഗ്രാമസഭയോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ ബാധ്യസ്ഥരാകുന്ന നിയമം ഉണ്ടാകണം.

ചെലവുകൾ

വളരെ ദരിദ്രമായ നമ്മുടെ പഞ്ചായത്തിലെ ഫണ്ടുകൾ ഉപയോഗിക്കുന്നതിന് ശാസ്ത്രീയമായ ഒരു വീക്ഷണം വേണം

പൊതുമരാമത്ത് പണിക്ക് 28.6% ഭരണ ചിലവിന് 24% വൈദ്യുതി, സമൂഹ്യക്ഷേമത്തിന് 4.2 ശതമാനവുമാണ് ചിലവഴിച്ചത്. അവയഥാക്രമം ചിലവിന്റെ 43.9% വും 36.21% വും 6.2 ശതമാനവുമാണ്. പഞ്ചായത്ത് തനതു വരുമാനത്തിന്റെ 66.65% ഭരണ ചിലവാണ്.

പൊതുമരാമത്തിന് ചിലവഴിച്ചത് പഞ്ചായത്തു റോഡുകളുടെ അറ്റകുറ്റ പണിക്കായിരുന്നു. 5000 ക വീതം ചിലവഴിച്ചുകൊണ്ടുള്ള റിപ്പയർ ജോലികൾ കൊണ്ട് പ്രയോജനം ലഭിക്കില്ല. ഇപ്രകാരം റിപ്പയർ ചെയ്യുന്ന റോഡുകളിലെ മണ്ണ് മഴപെയ്യുമ്പോൾ ഒലിച്ചു പോകും. റോഡു വീണ്ടും പഴയ നിലയിലാകും. താത്കാലിക റിപ്പയറിംഗ് കൊണ്ട് ഗുണം ചെയ്യുന്നില്ലെന്നു മാത്രമല്ല പഞ്ചായത്തു ഫണ്ട് പാഴാകുകയും ചെയ്യും.

പഞ്ചായത്ത് ഫണ്ടിന്റെയും ഗ്രാന്റുകളുടെയും സിംഹ ഭാഗവും റോഡ് പുനരുദ്ധാരണത്തിനാണ് ചിലവഴിക്കുന്നത്. വിഭവച്ചോർച്ച തടയുന്നതിന് റോഡു സംരക്ഷണം അനിവാര്യമാണ്. പഞ്ചായത്തു റോഡുകളുടെ സംരക്ഷണ ഉത്തരവാദിത്വം റോഡുകളുടെ ഇരുവശത്തുമുള്ളവർ ഏറ്റെടുക്കണം. മഴക്കാലം തുടങ്ങുന്നതിന് മുമ്പ് തന്നെ ഓടകൾ തെളിച്ച് മഴവെള്ളം ഒലിച്ചു

പോകുവാൻ സൗകര്യം ഉണ്ടാക്കണം. ഭരണ ചിലവിൽ കാര്യമായ മാറ്റം വരുത്തുവാൻ കഴിയുകയില്ല.

മറ്റു നിർദ്ദേശങ്ങൾ

ഗ്രാമചന്ത, മത്സ്യമാർക്കറ്റ് ഇവ നൂറോമ്മാവ്, പുന്നവേലി, വായ്പൂർ എന്നിവിടങ്ങളിൽ നടത്തുവാൻ സാധിക്കും. പച്ചക്കറികൃഷി പഞ്ചായത്തിൽ അഭിവൃദ്ധിപ്പെടുകയാണെങ്കിൽ ആഴ്ച ചന്തയ്ക്ക് സാധ്യത വർദ്ധിക്കും. കൃഷിക്കാർക്ക് ഇടത്തട്ടുകാരുടെ സഹായമില്ലാതെ അവരുടെ ഉല്പന്നങ്ങൾ വിൽക്കുവാൻ സാധിക്കും. പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യാം.

നികുതി നിർണ്ണയിക്കുന്നതിനും പിരിച്ചെടുക്കുന്നതിനുമുള്ള അധികാരം പഞ്ചായത്തിനു കൊടുക്കണം.

പഞ്ചായത്ത് വക ചന്തസ്ഥലം നൂറോമ്മാവിലായതിനാൽ അവിടെ ഷോപ്പിംഗ് സെന്റർ പണിതാൽ പഞ്ചായത്തിന് വരുമാനം ഉണ്ടാകും. കൂടാതെ നമ്മുടെ പഞ്ചായത്തിൽ ഒരു പൊതു ആഡിറ്റോറിയം ഇല്ല. ആഡിറ്റോറിയം പ്രസ്തുത സ്ഥലത്ത് പണികഴിപ്പിച്ചാൽ വരുമാന വർദ്ധനവ് ഉണ്ടാകും.

നാഷണൽ സേവിംഗ് സ്കീം പഞ്ചായത്തിന് വിഭവ സമാഹരണത്തിന് ഒരു ഉപാധിയാക്കാം. ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ് പത്രയുടെയും മറ്റ് പോസ്റ്റ് ഓഫീസ് സേവിംഗ്സിന്റെയും 25% പഞ്ചായത്തിന് ലഭ്യമാക്കുന്ന വ്യവസ്ഥ ഇപ്പോഴുണ്ട്. പഞ്ചായത്തിലുള്ള മഹിളാപ്രധാൻ ഏജന്റ്മാർ മുഖേന ഭരണ സമിതിയും സന്നദ്ധ സംഘങ്ങളും മുൻകൈ എടുത്ത് പരമാവധി സമ്പാദ്യ നിക്ഷേപം സ്വരൂപിക്കുവാൻ ശ്രമിക്കണം.

മനുഷ്യ വിഭവം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാന വിഭാഗം മനുഷ്യ വിഭവമാണല്ലോ. വികസന പ്രവർത്തനങ്ങളിൽ മനുഷ്യാധ്ധ്യാനം എല്ലാ ഗ്രാമ സഭകളും വാഗ്ദാനം ചെയ്തിട്ടുണ്ട്. സങ്കുചിത ചിന്തകൾക്ക് അതീതമായി എല്ലാവരും ഇതിൽ പങ്കാളികളായാൽ അഭൂതപൂർവ്വമായ വികസനം നാട്ടിൽ ഉണ്ടാകും.

പഞ്ചായത്തു റോഡുകളുടെ പുനർനിർമ്മാണം P. W. D. റോഡുകളുടെ ഓട തെളിക്കൽ എന്നിവ ജനങ്ങൾക്ക് ചെയ്യുവാൻ സാധിക്കും.

സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ സ്വമേധ പ്രവർത്തനം വഴി സാധിക്കും. S.S.L.C. വിജയിച്ചവരും കോളേജ് വിദ്യാഭ്യാസം നേടിയവരുമായ ധാരാളം യുവജനങ്ങൾ പഞ്ചായത്തിൽ ഉണ്ട്. സ്കൂൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ അവർ മനസ് വെച്ചാൽ മതി.

ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും പൊതുജനാരോഗ്യസംരക്ഷണത്തിനും കൂട്ടായ പ്രവർത്തനം സഹായിക്കും. നാട്ടിലുള്ള വിരമിച്ച ആരോഗ്യ പ്രവർത്തകർ ഇതിന് സഹായിച്ചാൽ അത് ഒരു നല്ല മാതൃകയായിരിക്കും.

മനുഷ്യാദ്ധ്യാനം വികസന പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാക്കുന്നതിന് പഞ്ചായത്തിലുള്ള എല്ലാ ബഹുജന സംഘടനകളും സാംസ്കാരിക സംഘടനകളും ഒരുമിച്ച് പ്രവർത്തിച്ചാൽ ധൃതഗതിയിലുള്ള വികസനം സാധിതമാക്കുക തന്നെ ചെയ്യും.

ഉപസംഹാരം

നമ്മുടെ നാട്ടിലെ സാമ്പത്തിക വികസന പ്രക്രിയ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ളവരെ ആദ്യം മനസിൽ കണ്ടുകൊണ്ടുള്ളതായിരിക്കണമെന്നായിരുന്നു സ്വാതന്ത്ര്യത്തിന് മുൻപ് ഉണ്ടായിരുന്ന കാഴ്ചപ്പാട്. എന്നാൽ എട്ടു പഞ്ചവത്സരപദ്ധതികളും കഴിഞ്ഞിട്ടും ഈ ആശയം പ്രായോഗികമായില്ല. നിലവിലുള്ള വികസന സമീപനം അശാസ്ത്രീയവും ജനവിരുദ്ധവുമായതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. റോഡും, പാലവും വൈദ്യുതിയും കുടിവെള്ളവുമായാൽ വികസനമായി എന്ന മനോഭാവമാണ് എവിടെയും നിലനില്ക്കുന്നത്. ടെലിവിഷനും, ടെലിഫോണും, കെട്ടിട സമുച്ചയങ്ങളും ഉണ്ടായാൽ വികസനമായില്ല. ഉല്പാദനം വികസന വീക്ഷണത്തിൽ നിന്നും വിട്ടു നില്ക്കുകയാണ്.

കാർഷിക മേഖല വളരുന്നതിലൂടെ-ചെറുകിട വ്യവസായ പദ്ധതികളും ഉണ്ടാകുന്നതിലൂടെ മാത്രമേ നാടിന്റെ വികസനം സ്ഥായിയാകുകയുള്ളൂ. പദ്ധതികളും നടപ്പിലാകുമ്പോൾ വസ്തുനിഷ്ഠമായ സമീപനം സ്വീകരിക്കണം.

പദ്ധതി നടത്തിപ്പിന്റെ പ്രായോഗികത മുൻകൂട്ടി നിശ്ചയിച്ചു വേണം ആസൂത്രണം ചെയ്യാൻ. ഗുണഭോക്തൃകേന്ദ്രീകൃതമായിരിക്കണം ആരൊക്കെയെന്ന് മനസിലാക്കിയിരിക്കണം.

ആനിക്കാടിനെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയാണ് പ്രധാനം. നമ്മുടെ തെങ്ങ് ഏതാണ്ട് നശിച്ചു കഴിഞ്ഞു. നെല്ല് ഉല്പാദനം സംസ്ഥാന ശരാശരിയേക്കാളും കുറവാണ്. റബ്ബർ കൃഷി മാത്രമാണ് പിടിച്ചു നിൽക്കുന്നത്. ഏകവിള സമ്പ്രദായം നമ്മുടേതുപോലുള്ള ഗ്രാമങ്ങൾക്ക് എത്രത്തോളം യോജിച്ചതാണെന്ന് പരിശോധിക്കണം. ഒരു കൃഷി ഉല്പന്നങ്ങളുടെയും വില ഗ്രാമീണ വിപണി അല്ല നിയന്ത്രിക്കുന്നത്. ഭാവിയിലുണ്ടാകാവുന്ന വിലയിലെ ഏറ്റക്കുറച്ചിലുകളെ നേരിടുവാൻ തക്കവണ്ണം ഉള്ള കൃഷി സമ്പ്രദായവും കാർഷിക വ്യവസായവും നാം രൂപപ്പെടുത്തണം. പരമ്പരാഗത സമ്മിശ്രകൃഷിയുടെ പരിഷ്കരിച്ച പതിപ്പിന് ഗുണം ഏറെയുണ്ട്.

നമ്മുടെ നാട്ടിൽ ലഭിക്കുന്ന മഴവെള്ളത്തിന്റെ 20% എങ്കിലും പ്രയോജപ്പെടുത്തുവാൻ സാധിച്ചാൽ ആനിക്കാട്ടിലെ കാർഷിക രംഗത്ത് വലിയ വ്യത്യാനം ഉണ്ടാകും.

സാമൂഹ്യക്ഷേമ രംഗത്തെ നമ്മുടെ പിന്നോക്കാവസ്ഥ പരിഹരിക്കാവാൻ അടുത്ത പദ്ധതി കാലയളവിൽ സമഗ്ര പദ്ധതി ഉണ്ടാവണം. ആസൂത്രണം അർത്ഥവത്താകുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗിക്കുമ്പോഴാണ്. സമ്പത്തില്ലാതെ വികസനം സാധ്യമല്ല. ഫണ്ടു സമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തുവാൻ പഞ്ചായത്തിന് കഴിയണം. സന്നദ്ധസംഘടനകൾ, സർക്കാർ ഇതര ഏജൻസികൾ തുടങ്ങിയവ മുഖേനയും പണം ശേഖരിക്കുവാൻ സാധിക്കണം. പ്രകൃതി വിഭവങ്ങളെയും ജനശക്തിയെയും പ്രയോജനപ്പെടുത്തുവാനും കഴിയണം. പദ്ധതി വിഹിതത്തിന്റെ 40% സർക്കാർ പഞ്ചായത്തുകളെ ഏല്പിച്ചാൽ തന്നെ വലിയ മാറ്റങ്ങൾ ഉണ്ടാകും.

ഒൻപതാം പദ്ധതി തുക 14,800 കോടി രൂപയാണ്. ഇതിന്റെ 40% 5920 കോടി രൂപയാണ്. ഇതുകൂടാതെ കേന്ദ്ര വിഹിതവും ജനങ്ങളുടെ സഹായവും കൂടി ആയാൽ ഒരു വർഷം പഞ്ചായത്തിൽ ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടക്കും. വികസനരംഗത്ത് കുതിച്ചു ചാട്ടത്തിന് ഇത് വഴിയൊരുക്കും.

പഞ്ചായത്തുരാജ് നിയമ നിർമ്മാണത്തിനു ശേഷം തെരെഞ്ഞെടുപ്പു വഴി അധികാരത്തിൽ വന്ന പുതിയ ഭരണസമിതി ജനങ്ങളിൽ നവപ്രതീക്ഷ ഉണർത്തിയിട്ടുണ്ട്. 1995 ഒക്ടോബർ 2 ന് ആണ് ആനിക്കാട്ടിലെ പുതിയ ഭരണ സമിതി അധികാരം ഏറ്റെടുത്തത്.

ഊർജ്ജം, ഗതാഗതം, പാർപ്പിടം, കുടി വെള്ളം, ആരോഗ്യം എന്നീ മേഖലയിലെ നമ്മുടെ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ നിരന്തരശ്രമങ്ങൾ നടക്കുകയുണ്ടായി. ചില മാറ്റങ്ങൾ പ്രകടമാക്കുന്നുണ്ട് ഈ വിഷയങ്ങൾ. വികസന മേഖലയിൽ വിശിഷ്യാ കൃഷി, വ്യവസായം - രംഗത്ത് ഗ്രാമപഞ്ചായത്തിന് എന്തെങ്കിലും അടിസ്ഥാന പരമായി ചെയ്യുവാൻ സാധിച്ചിട്ടില്ല. വിഭവം ഇല്ലായ്മ, അധികാരം കൈമാറ്റത്തിലെ പ്രശ്നം, സാങ്കേതിക പരിചയ കുറവ്, ഇവയെല്ലാം ഈ രംഗത്ത് നേരിടുന്നു.

ഇതുവരെ ഉണ്ടായിരുന്ന ആസൂത്രണ സമീപനം മാറി വികസനത്തിന് പുതിയ രൂപം നൽകുകയാണ്. ഈ സമഗ്ര വികസന രേഖ അതിനുള്ള ആദ്യ ചുവടുവെയ്പാണ്. കക്ഷിരാഷ്ട്രീയത്തിന് അധീതമായി ജനത ഒറ്റക്കെട്ടായി ഈ വികസന രാഷ്ട്രീയത്തിൽ സഹകരിച്ചാൽ അതിൽ നിന്നും സ്വഭാവികമായും സദ്ഫലങ്ങൾ ഉണ്ടാവും.

ആനിക്കാട് പഞ്ചായത്തിന്റെ സമഗ്ര വികസനം ജനകീയാസൂത്രണപ്രക്രിയ വഴി സാധിതമാവുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സമഗ്ര വികസന രേഖ ആനിക്കാട് പഞ്ചായത്ത് സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു; കൂട്ടായ ചർച്ചയ്ക്കു വേദിയൊരുക്കുവാൻ.

അനുബന്ധം

ആനിക്കാട് ഗ്രാമപഞ്ചായത്ത് വികസന രേഖ 1996

ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ ഈ സമഗ്ര വികസന രേഖ, 1996 ഡിസം ബർ 21-ന് ശനിയാഴ്ച പുന്നവേലി താന്നിമുണ്ടയ്ക്കൽ ആഡിറ്റോറിയത്തിൽ കൂടിയ വികസന സെമിനാറിൽ അവതരിപ്പിച്ചു. സെമിനാർ പഞ്ചായത്തു പ്രസിഡന്റ് ശ്രീ. തോമസ് മാത്യു ഉത്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ശ്രീ. അലിക്കുഞ്ഞ് റാവുത്തർ അദ്ധ്യക്ഷത വഹിച്ചു. സെമിനാർ പ്രതിനിധികളെ 5 ഗ്രൂപ്പുകളായി തിരിഞ്ഞ് വികസന രേഖ സമഗ്രമായി ചർച്ച ചെ യ്തു. വികസന രേഖയുടെ കോപ്പികളും സെമിനാറിൽ വിതരണം ചെയ്തിരുന്നു. വികസന സെമിനാറിന്റെ നിർദ്ദേശങ്ങളും ഇതോടൊപ്പം ചേർക്കുന്നു.

ഉച്ച തിരിഞ്ഞ് 12 വിഷയ ഗ്രൂപ്പുകളുടെ കർമ്മസമിതിയെയും തെരഞ്ഞെടുക്കുകയുണ്ടായി.

കൃഷി

1. പഞ്ചായത്തിലുള്ള തോടുകളുടെ- പ്രത്യേകിച്ച് പാടങ്ങളുടെ ഭാഗത്തുള്ള തോടുകളുടെ - ഇരുവശങ്ങളും കെട്ടി സംരക്ഷിക്കണം. ഘട്ടംഘട്ടമായി ഇത് നടപ്പിലാക്കാവുന്നതാണ്.
2. എല്ലാ പാട ശേഖരങ്ങളിലും പൊതുവായ പമ്പുകളും സ്ഥാപിക്കണം.
3. വലിയ തോടിന്റെ പാട്ടപുരയിടം ഭാഗത്തും നല്ലൂർ പടപ്പ് ഭാഗത്തും 'സ്ലൂയിസ് കലുങ്കുകൾ' നിർമ്മിച്ചാൽ ജലസേചനത്തിന് പ്രയോജനപ്പെടും.
4. വലിയ തോട്ടിൽ ക്രോസ് ബാറുകൾ നിർമ്മിച്ചാൽ പാടശേഖരങ്ങൾക്ക് ജലശേചന സൗകര്യം കൂടുതലുണ്ടാകും. നിലവിലുള്ളവയുടെ അറ്റകുറ്റപണികൾ നടത്തണം.

മൃഗസംരക്ഷണം

1. എല്ലാ വാർഡിലും രണ്ടു മാസത്തിലൊരിക്കൽ ഗോരക്ഷാ ക്യാമ്പുകൾ സംഘടിപ്പിക്കണം.
2. വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും പുതിയ ജനസുകൾ സബ്സിഡിയോടുകൂടി കൃഷിക്കാർക്ക് ലഭ്യമാക്കണം.
3. പേവിഷബാധക്കും മറ്റു രോഗങ്ങൾക്കുമുള്ള വാക്സിൻ സബ്സിഡിയോടുകൂടി ലഭ്യമാക്കണം. കുത്തിവെയ്പ് വാർഡ് അടിസ്ഥാനത്തിൽ വിവിധ സ്ഥലങ്ങളിൽ നടത്തണം.

വിദ്യാഭ്യാസം

1. പുന്നവേലി സി.എം.എസ്. ഹൈസ്കൂളിലും ആനിക്കാട് സെന്റ് മേരീസ് ഹൈസ്കൂളിലും പ്ലസ് ടു കോഴ്സ് ആരംഭിക്കാൻ നടപടി ഉണ്ടാകണം.
2. പഞ്ചായത്തിൽ ഒരു പൊതു സ്റ്റേഡിയം സ്ഥാപിക്കണം. ആവശ്യമായ അറ്റകുറ്റപണികൾ നടത്തിയാൽ നിലവിലുള്ള ഏതെങ്കിലും സ്കൂൾ സ്റ്റേഡിയം ഈ ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്.
3. കായിക - കല പ്രതിഭകൾക്ക് കാലോചിത പരിശീലനം നല്കുന്നതിന് അനുയോജ്യമായ ഒരു പരിശീലന കേന്ദ്രം ഏതെങ്കിലും ഒരു സ്കൂളിൽ ആരംഭിക്കാവുന്നതാണ്.
4. ആനിക്കാട് പഞ്ചായത്തിൽ ഒരു ആർട്ട്സ് ആന്റ് സയൻസ് കോളജ് സ്ഥാപിക്കണം.
5. സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന വിദ്യാർത്ഥികൾക്ക് സഹായം നല്കുന്ന ഒരു പദ്ധതിയുണ്ടാകണം.

കുടിവെള്ളം

1. പൈപ്പ് ലൈന്റെ അറ്റകുറ്റപണികൾ പഞ്ചായത്ത് നേരിട്ട് നടത്തുവാൻ സംവിധാനം ഉണ്ടാക്കണം.

ഊർജ്ജം

പഞ്ചായത്തിലെ ദാരിദ്രരേഖക്ക് താഴെയുള്ള എല്ലാ ഭവനങ്ങളും വയറിംഗ് ചെയ്ത്, അവിടെ വൈദ്യുതി ലഭ്യമാക്കുവാൻ കഴിയണം.

റോഡ് - ഗതാഗതം

1. 8-ാം വാർഡിലെ ചക്കണം-പൊയ്കമുള്ളയം വേലി റോഡിന്റെ കണ്ണംന്താനം പടിക്കൽ നിന്നും നെൽപാടത്തിന്റെ തെക്കേ വശത്തു കൂടി പടിഞ്ഞാറോട്ടും, കിഴക്കോട്ടും ഉദ്ദേശം 400 മീറ്റർ വീതം നീളത്തിൽ പാടശേഖരബണ്ടു കെട്ടി റോഡു നിർമ്മിക്കുക.
2. മുൻപ് കെ. എസ്.ആർ. ടി.സി സർവ്വീസ് ഉണ്ടായിരുന്നതും പിന്നീട് നിർത്തലാക്കിയതുമായ തേലപ്പുഴക്കടവ്-ചങ്ങനാശ്ശേരി, കോട്ടയം - കാവനാൽ കടവ്, പൊൻകുന്നം-നെയ്യാറ്റിൻകര (ചേലക്കൊമ്പ് വഴി) എന്നീ സർവ്വീസുകളും പുനരാരംഭിക്കണം.
3. പുതുപ്പള്ളി, കറുകച്ചാൽ, മല്ലപ്പള്ളി, കോഴഞ്ചേരി വഴി കോട്ടയം- പുനലൂർ റെയിൽവേ ലൈൻ ഉണ്ടാകേണ്ടതുണ്ട്. സർവ്വേക്ക് വേണ്ടി ശ്രമം ഉണ്ടാകണം.

സാമൂഹ്യക്ഷേമം


1. പട്ടികജാതിക്കാരല്ലാത്ത ദുർബലവിഭാഗക്കാർ കൂടുതൽ തിങ്ങിപാർക്കുന്ന പഞ്ചായത്തിലെ കോളനികളുടെ വികസനത്തിനായി ഒരു പദ്ധതിക്ക് രൂപം കൊടുക്കണം. വഴി, വെള്ളം, വൈദ്യുതി, ഇവ ഈ സ്ഥലങ്ങളിൽ എത്തിക്കണം. എട്ടാം വാർഡിലെ മുക്കട മണ്ണ് കോളനിയിൽ ഈ സൗകര്യങ്ങളും ഉണ്ടാകേണ്ടതുണ്ട്.
2. മിൽ ആന്റ് വെൽ പദ്ധതി പ്രകാരമുള്ള കിണറുകളും പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് സ്ഥലപരിധി നിർണ്ണയിക്കാതെ കൊടുക്കണം.
3. പട്ടിക ജാതി- പട്ടികവർഗ്ഗക്കാർക്കും, വികലാംഗർക്കും സ്വയം തൊഴിലിന് ലോൺ അനുവദിക്കുവാൻ പഞ്ചായത്തിലെ ബാങ്കുകളും വിമുഖത കാണിക്കുന്നു. ലോൺ ലഭ്യമാക്കുവാൻ ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ പഞ്ചായത്തും ബാങ്ക് അധികാരികളും സംയുക്തമായി ശ്രമിക്കണം.

ജനകീയാസൂത്രണ പ്രസ്ഥാനം
ജില്ലാ റിസോഴ്സ് പേഴ്സൺസ്

ശ്രീ. പി. പി. വാസു, ശ്രീ. എം. റ്റി. വറുഗീസ്, ശ്രീ. എം. ജെ. രാജൻ, ശ്രീ. എം. പി. പി. നമ്പൂതിരി
ശ്രീ. ശ്രീധരൻ നായർ തോട്ടപ്പള്ളി, ശ്രീ. പി. റ്റി. എബ്രഹാം, ശ്രീ. രവീന്ദ്രൻ,

ഈ സ്വപ്ന സാക്ഷാത്കാരത്തിലൂടെ

ജനകീയാസൂത്രണം നടപ്പിലാവുന്നു !!



ആനിക്കാട് ഗ്രാമ പഞ്ചായത്ത്

THRISSUR-
4215

അധികാരം ജനങ്ങളിലേക്ക്

അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം നടപ്പിലാവുന്നു

40 % പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്

വികസന പ്രക്രീയ അഴിമതി രഹിതമാവുന്നു